കേരള പാഠാവലി

മലയാളം

സ്റ്റാൻഡേർഡ്

IV

കേരള പാഠാവലി

മലയാളം

സ്റ്റാൻഡേർഡ് 4

1971

വില : 80 പ.

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിദ്ധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുകയും ചെയ്യുന്നു. അതിനുള്ള അർഹതയുണ്ടായി ഞാൻ എപ്പോഴും പ്രയത്നിക്കുന്നതാണ്.

ഞാൻ എന്റെ മാതാപിതാക്കളേയും, ഗുരുക്കന്മാരേയും, എന്നെക്കാൾ പ്രായമുള്ള എല്ലാവരേയും ബഹുമാനിക്കുകയും, എല്ലാരോടും മര്യാദയോടുകൂടി പെരുമാറുകയും ചെയ്യും.

ഞാൻ എന്റെ രാജ്യത്തോടും, എന്റെ നാട്ടുകാരോടും പ്രതിപത്തിയുള്ളവനായിരിക്കുമെന്നു് പ്രതിജ്ഞ ചെയ്യുന്നു. നാട്ടുകാരുടെ ക്ഷേമത്തിലും ഐശ്വര്യത്തിലും മാത്രമാണ് എന്റെ ആനന്ദം കുടികൊള്ളുന്നതു്.

©
The Government of Kerala
1971

വിഷയവിവരം

പാഠം		പേജ്
1.	ഭാരതം (പദ്യം)	1
2.	സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട	2
3.	വിശേഷപ്പെട്ട ചാട്ടവാർ	9
4.	ആനച്ചേന	12
5.	കുട്ടികളുടെ ദിനചര്യ (പദ്യം)	15
6.	കരിമ്പും	17
7.	കഴുതച്ചമട്ട്	20
8.	കാട്ടുതീ (പദ്യം)	22
9.	സിംഹം	24
10.	തെങ്ങിൻചുവട്ടിലെ നിധി	27
11.	പൂക്കാലം (പദ്യം)	30
12.	നമ്മുടെ ഭാരതഭൂമി	32
13.	ബുദ്ധിമാനായ രാജേന്ദ്രൻ	35
14.	അവസാനിക്കാത്ത കാഴ്ചകൾ	39
15.	മരപ്പാവകൾ (പദ്യം)	43
16.	കഞ്ഞിച്ചന്ത	44
17.	ശ്രീയേശു	47
18.	പൂക്കളം (പദ്യം)	51
19.	ബോട്ട്	52
20.	കുട്ടികളെക്കണ്ടു പഠിക്കുക	56

പാഠം		പേജ്
21. പഴയ ഓമ്മ	..	58
22. കുട്ടിയും കാട്ടരുവിയും (പദ്യം)	..	62
23. നീതിമാനായ ചക്രവത്തി	..	64
24. ദേശീയപതാക	..	67
25. ഗുരുദക്ഷിണ	..	70
26. കാകനും അരയന്നവും (പദ്യം)	..	73
27. എറുമ്പ്	..	75
28. വേലുത്തമ്പിദളവയുടെ ന്യായദീക്ഷ	..	79
29. അഗ്നിപർവ്വതങ്ങൾ	..	83
30. അനുകമ്പനിറഞ്ഞ ഹൃദയം	..	88
31. വെട്ടുകിളി	..	91
32. പട്ടം പറപ്പിക്കട്ടെ (പദ്യം)	..	94

പാഠം 1

ഭാരതം

വീശുന്ന പൂകളെങ്ങെങ്ങും
വികസിക്കുന്ന ഭാരതം;
വീര്യവും ബലവും ചേർന്ന
വിജയിക്കുന്ന ഭാരതം.

ഇരുൾ നീക്കിക്കടാക്ഷിച്ചോ-
രീയുഷഃകാല ദീപ്തിയിൽ,
അലതല്ലുകയാണെങ്ങു-
മാഹ്ലാദത്തിൻ തുടിപ്പുകൾ.

കാമധേനു കണക്കിന്നേ,
മുക്തി നിന്മുന്നിലെത്തവേ,
ഗ്രാമലക്ഷങ്ങളിൽക്കാണാ-
റായീ, ലക്ഷ്മീമൃദുസ്മിതം.

പതിതൻ, പാമരൻ, ദൈന്യ-
പാരവശ്യത്തിലാണ്ടവൻ,
അലസൻ, ലോഭി,യിമ്മട്ടി-
ലാരുമുണ്ടാകുവയ്യ, മേൽ.

വെളിച്ചത്തിന്റെ അമ്മ] [വെണ്ണിക്കുളം ഗോപാലക്കുറുപ്പ്.

അഭ്യാസം

1. ഭാരതം വിജയിക്കുന്നതു് എങ്ങനെയാണു്?
2. പ്രഭാതത്തിൽ എന്താണു് അലതല്ലുന്നതു്?
3. ഭാരതത്തിൽ ഇനിമേൽ ആരെല്ലാം ഉണ്ടാവരുതെന്നാണു പറയുന്നതു്?

4. ചേർത്തെഴുതുക :—

പുകൾ + എങ്ങ് + എങ്ങും
കണക്കു് + ഇന്നേ
അല + തല്ലുക + ആണു് + എങ്ങും
ഇൗ + മട്ടിൽ + ആരും + ഉണ്ടാക + വയ്യ

പാഠം 2

സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട

രാമു :—അച്ഛാ! എനിക്കു നിരത്തിന്മേൽക്കൂടി നടക്കാൻ വലിയ പേടി തോന്നുന്നു.

അച്ഛൻ :—എന്തിനാണു് നീ ഇത്ര ഭയപ്പെടുന്നതു് ?

രാമു :—വാഹനങ്ങൾ വന്നുമുട്ടി കൈയോ കാലോ മുറിഞ്ഞാലോ !

അച്ഛൻ :—അവ വരുന്ന വഴിയിൽനിന്നു മാറി നടന്നാൽപ്പോരേ ?

രാമു :—അതു മതിയോ? വഴി മാറി നടക്കാത്തതുകൊണ്ടു മാത്രമാണോ റോഡപകടങ്ങൾ ഉണ്ടാവുന്നതു് ?

അച്ഛൻ:—അതുകൊണ്ടു മാത്രമല്ല—വാഹനങ്ങളോടിക്കുന്നവരും കാൽനടയായി പോകുന്നവരും പലതും ശ്രദ്ധിക്കാത്തതുകൊണ്ടാണു് അപകടങ്ങൾ പിണയുന്നതു്.

രാമു :—എന്തെല്ലാമാണു് ശ്രദ്ധിക്കേണ്ടതു് ?

അച്ഛൻ :—നീ കാൽനടയായിട്ടല്ലേ അധികം യാത്ര ചെയ്യുന്നതു്? അതുകൊണ്ടു് അങ്ങനെ പോകുന്നവർ അറിയേണ്ട കാര്യങ്ങൾ ആദ്യം പറയാം.

രാമു :—ശരി, അങ്ങനെയാവട്ടെ.

അച്ഛൻ :—അവർ നിരത്തിന്മേൽ നടക്കുമ്പോൾ ഒരുവശത്തു് ഒതുങ്ങി നടക്കണം.

രഘു :—ഏതു വശത്താണു് നടക്കേണ്ടതു് ?

അച്ഛൻ :—വാഹനങ്ങൾ പോകുന്നതു് രഘു ശ്രദ്ധിച്ചിട്ടില്ലേ ? അവ ഏതു വശത്തുകൂടിയാണു് പോകുന്നതു് ?

രഘു :—വാഹനങ്ങൾ ഇടതു വശത്തുകൂടിയാണു് പോകുന്നതു്.

അച്ഛൻ :—ശരി, അന്നൊരു ദിവസം നാം മഹാത്മാഗാന്ധി റോഡിൽക്കൂടി നടന്നതു് രഘു ഓർക്കുന്നുണ്ടോ ?

രഘു :—ഉണ്ടു്. ആ നിരത്തിനു് എന്തൊരു വീതിയാണു്! പോരെങ്കിൽ കാൽനടയായി പോകുന്നവക്കു് പ്രത്യേകം നടപ്പാതയും.

അച്ഛൻ :—അങ്ങനെ നടപ്പാതയുള്ള നിരത്താണെങ്കിൽ നടപ്പാതയിലൂടെ നടക്കുന്നതാണു് നല്ലതു്.

രഘു :—എന്താണതിനു കാരണം ?

അച്ഛൻ :—ഇടതു വശത്തുകൂടെ യാത്ര ചെയ്യുക എന്നു് വാഹനങ്ങൾക്കുള്ള നിയമം പാലിക്കുന്നതിനപ്പുറമേ തിരക്കു കുറയ്ക്കാനും അതു സഹായിക്കും.

രഘു :—എങ്ങനെയാണു് തിരക്കു കുറയുക ?

അച്ഛൻ :—ഒരു വശത്തോട്ടു പോകുന്നവർ മാത്രമല്ലേ ഒരു നടപ്പാതയിൽ ഉണ്ടായിരിക്കുകയുള്ളൂ! എതിരേ വരുന്നവക്കു വഴി മാറിക്കൊടുക്കേണ്ട ബുദ്ധിമുട്ടും ഇല്ല.

രഘു :—അതു് ശരിയാണു്. ചിലപ്പോൾ, വഴിമാറിക്കൊടുക്കുന്നതു് വലിയ വിരോധമാണു്. അപ്പോൾ നടപ്പാതയില്ലെങ്കിലോ ?

അച്ഛൻ :—എന്നാൽ വലതു വശത്തു് നടക്കുന്നതാണു് നല്ലതു്.

രഘു :—അതിനെന്താണു് കാരണം ?



അച്ഛൻ :—വലതു വശത്തുകൂടി നടക്കുമ്പോൾ വണ്ടികൾ എതിരെ അയിരിക്കും വരുന്നതു്. അപ്പോൾ അവ വരുന്നതുകണ്ടു് ഒതുങ്ങിനില്ക്കാൻ സാധിക്കും.

രഘു :—അപകടങ്ങൾ ഒഴിവാക്കാൻ ഇത്രമാത്രം ചെയ്താൽ മതിയോ ?

അച്ഛൻ :—പോരാ. കാൽനടയായി യാത്ര ചെയ്യുന്നവർ ഇനിയും പലതും ശ്രദ്ധിക്കാനുണ്ടു്.

രഘു :—അതെന്തെല്ലാമാണു് ?

അച്ഛൻ :—രഘുവിനു ചിലപ്പോൾ നിരത്തിന്റെ ഒരുവശത്തുനിന്നു മറുവശത്തേക്കു കടക്കേണ്ടതായി വന്നിട്ടില്ലേ ?

രഘു :—ഉണ്ടു്.

അച്ഛൻ :—അപ്പോൾ രഘു എന്താണു് ചെയ്യാറു് ?

രഘു :—വേഗത്തിൽ ഒരൊറ ഓട്ടം.

അച്ഛൻ :—അങ്ങനെ ഒരിക്കലും ചെയ്യരുതു്. നല്ലപോലെ ആലോചിച്ചും സൂക്ഷിച്ചും ചെയ്യേണ്ട ഒരു കാര്യമാണു് അതു്.

രഘു :—ആലോചിക്കയോ ?

അച്ഛൻ :—അതെ. ചില നിരത്തിന്മേൽ മുറിച്ചു കടക്കാൻ ചില പ്രത്യേക സ്ഥലങ്ങളുണ്ടു്. അത്തരം എടുപ്പാടില്ലെങ്കിൽ ആദ്യം റോഡിന്റെ വക്കത്തു നിന്നുകൊണ്ടു് ഒരു നിമിഷം വലത്തു വശത്തേയ്ക്കു നോക്കണം.

രഘു :—അതെന്തിനാണു് ?

അച്ഛൻ :—വല്ല വാഹനങ്ങളും വരുന്നുണ്ടോ എന്നറിയാൻ. നാം റോഡിലേയ്ക്കു നോക്കി നില്ക്കുമ്പോൾ റോഡിന്റെ ഇടതു വശത്തുകൂടി വരുന്ന വാഹനങ്ങൾ നമ്മുടെ വലതു ഭാഗത്തു നിന്നായിരിക്കും വരുന്നതു്.

രഘു :—ശരി. അടുത്തതായിട്ടു് എന്താണു് ചെയ്യേണ്ടതു് ?

അച്ഛൻ :—ആ വശത്തുനിന്നു വാഹനങ്ങൾ ഒന്നും വരുന്നില്ലെങ്കിൽ വേഗം മുന്നോട്ടു നടന്നു് റോഡിന്റെ പകുതിയെത്തുമ്പോൾ ഒന്നു നില്ക്കണം.

രഘു :—നിരത്തിന്റെ ഒത്ത നടുവിലോ ? അതിന്റെ ആവശ്യം ?

അച്ഛൻ :—അവിടെനിന്നു ഇടത്തോട്ടു് ഒന്നു നോക്കാൻ.

രഘു :—അതെന്തിനാണെന്നു് എനിക്കറിയാം.

അച്ഛൻ :—പറയൂ—കേൾക്കട്ടെ.

രഘു :—മറുവശത്തുനിന്നു വരുന്ന വാഹനങ്ങൾ അപ്പോൾ നമ്മുടെ ഇടതു വശത്തുനിന്നായിരിക്കും വരുന്നതു്, അല്ലേ ?

അച്ഛൻ :—അതെ, നിരത്തു മുറിച്ചു കടക്കേണ്ടതു് എങ്ങനെയാണെന്നു് ഇപ്പോൾ മനസ്സിലായില്ലെ ?

രഘു :—ഉവ്വു്. നടന്നു പോകുന്നവർ ഇനിയെന്താണു് ശ്രദ്ധിക്കേണ്ടതു് ?

അച്ഛൻ :—നിരത്തിന്റെ അരുകിൽ ലോറി മുതലായ വാഹനങ്ങൾ നിത്തിയിരിക്കുന്നതു് രഘു ചിലപ്പോൾ കണ്ടിട്ടില്ലേ ?

രഘു :—ഉണ്ടു്.

അച്ഛൻ :—ആ വാഹനങ്ങളുടെ മുൻപിൽക്കൂടിയോ പിൻപിൽക്കൂടിയോ റോഡു് മുറിച്ചു കടക്കുന്നതു് വളരെ സൂക്ഷിച്ചിട്ടുവേണം. കാരണം എന്താണെന്നു പറയാമോ ?

രഘു :—പറയാം. അവ പെട്ടെന്നു് ഓടാൻ തുടങ്ങിയേക്കാം.

അച്ഛൻ :—അതല്ല വലിയ ആപത്തു്. അനങ്ങാതെ നില്ക്കുന്ന വാഹനങ്ങളുടെ മറവുകൊണ്ടു് ഓടിച്ചുവരുന്ന വാഹനങ്ങൾ കാണാൻ സാധിക്കയില്ല. പെട്ടെന്നു് അവയുടെ മുമ്പിൽപ്പെട്ടു് അപകടം സംഭവിച്ചേക്കും.

രഘു :—ഇനി ഞാൻ വളരെ സൂക്ഷിച്ചു മാത്രമേ നിരത്തു മുറിച്ചു കടക്കുകയുള്ളൂ.

അച്ഛൻ :—കാൽനടയായി പോകുന്നവർ ഇനിയും പലതും ഓർമ്മവെക്കാനുണ്ടു്. നിരത്തിന്റെ നടുവിൽ ഒരിക്കലും സംസ്മരിച്ചു നില്ക്കരുതു്. ഗതാഗതം തടയുവാൻ അതു ഹേതുവായിത്തീരും. അതുപോലെ, നിരത്തിൽ നിന്നു നടക്കുന്നതും തെറ്റാണു്. മുൻപിൽ നിന്നും പിൻപിൽ നിന്നും വരുന്ന യാത്രക്കാർക്കും വാഹനങ്ങൾക്കും അതു വലിയ ബുദ്ധിമുട്ടിനു കാരണമാവും.

രഘു :—അപ്പോൾ കാൽനടയായിപ്പോകുന്നവർ സൂക്ഷിച്ചാൽത്തന്നെ കുറെയൊക്കെ അപകടം ഒഴിവാക്കാം, അല്ലേ അച്ഛാ ?

അച്ഛൻ :—അതേ രഘു. നിരത്തുപയോഗിക്കുന്നവരിൽ വലിയൊരു പങ്കു് കാൽനടയായിപ്പോകുന്നവരാണു്. അവർ ശ്രദ്ധിച്ചാൽത്തന്നെ വലിയ രക്ഷ കിട്ടും.

രഘു : എന്നാൽപിന്നെ വാഹനങ്ങളിൽ പോകുന്നവർക്കു് എങ്ങനെയും ഓടിക്കാം, അല്ലേ ?

അച്ഛൻ :—അതു പാടില്ല. അവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പലതും ഉണ്ട്. ഓരോ വാഹനം ഓടിക്കുമ്പോഴും ഓർമ്മ വയ്ക്കേണ്ട കാര്യങ്ങൾ ഞാൻ പറഞ്ഞു തരാം.

രാമു :—സൈക്കിൾ ഓടിക്കുന്നവർ മനസ്സിരുത്തേണ്ട സംഗതികൾ എന്തെല്ലാം ?

അച്ഛൻ :—നിരത്തിന്റെ അരികിൽക്കൂടിയേ സൈക്കിൾ ഓടിക്കാവൂ. വളരെ വേഗത്തിൽ ഓടിക്കുകയോ അഭ്യാസങ്ങൾ കാണിക്കുകയോ അരുത്.

രാമു :—നല്ലവണ്ണം ഓടിക്കുവാൻ അറിയുന്നതുകൊണ്ടല്ലേ അഭ്യാസങ്ങൾ കാണിക്കുന്നത് ?

അച്ഛൻ :—മിക്കപ്പോഴും അതല്ല കാരണം. പഠിച്ചു തുടങ്ങുമ്പോഴെഴുന്നും കൈവിട്ട് സൈക്കിൾ ചവിട്ടാൻ ശ്രമിക്കുന്ന ചിലരുണ്ട്.

രാമു :—അത് ശരിയാണ്. അങ്ങനെയുള്ളവർ താഴെ വീഴുകയും ചെയ്യും.

അച്ഛൻ :—ഒന്നിരണ്ടു സംഗതികൾ കൂടി പറയാം. സ്നേഹിതന്മാർ ഒന്നിച്ചു പോകുമ്പോൾ തമ്മിൽ തമ്മിൽ ചുമലിൽ പിടിച്ചുകൊണ്ട് സൈക്കിൾ ചവിട്ടാറുണ്ട്.

രാമു :—തോളിൽ കൈയിട്ടു നടക്കുന്നപോലെ, അല്ലേ ?

അച്ഛൻ :—അതെ. അങ്ങനെ ചെയ്യരുത്. അതും ഗതാഗത തടസ്സത്തിനു കാരണമാവും. സൈക്കിളിന്റെ മുൻപിലും പിൻപിലും ആളെക്കയറ്റുന്നതും അപകടമുണ്ടാക്കിയേക്കും.

രാമു :—എന്താണ് അപകടം ?

അച്ഛൻ :—സൈക്കിൾ ശരിക്കു നിയന്ത്രിക്കുവാൻ സാധിക്കയില്ല. അങ്ങനെ അപകടം നേരിട്ടേക്കും.

രാമു :—ഇനി ഏതു വാഹനത്തെക്കുറിച്ചാണ് പറയാൻ പോകുന്നത് ?

അച്ഛൻ :—ഇന്ന് ഇത്ര മതി. ഇതെല്ലാം മനസ്സിലാക്കിയതിനു ശേഷം മറ്റു വാഹനങ്ങൾ എങ്ങനെയാണ് സൂക്ഷിച്ച് ഓടിക്കേണ്ടതെന്നു പറഞ്ഞുതരാം.

രാമു :—അതു മതി അച്ഛാ. ഇത്രയും പഠിച്ചതിൽനിന്ന്, സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടിവരില്ലെന്നു എനിക്കു മനസ്സിലായി. ഇനി എനിക്കു നിരത്തിന്മേൽ നടക്കാൻ ഭയം ഇല്ല.

അഭ്യാസം

1. കേട്ടെഴുത്ത് :—

   റോഡപകടങ്ങൾ ; ശ്രദ്ധിച്ചില്ലെങ്കിൽ ; സൈക്കിൾ ; ഭയം ; അഭ്യാസങ്ങൾ ; തടസ്സം ; പ്രത്യേക സ്ഥലങ്ങൾ ; മറുവശം ; നിയന്ത്രിക്കുക.

2. പകരം ഉപയോഗിക്കാവുന്ന പദം എഴുതുക :—

   ഭയം ; ഹേതു ; വാഹനം ; ഗതാഗതം.

3. ചേർത്തെഴുതുക :—

   കാരണം + ആവും
   അതു് + എന്തിനു് + ആണു്
   ഇല്ല + എങ്കിൽ
   നട + പാത

4. നിരത്തു് മുറിച്ചു കടക്കുമ്പോൾ ഓർമ്മ വെക്കേണ്ടതെന്തെല്ലാം ?

5. നിരത്തിൽ ഏതു വശത്തുകൂടിയാണു് നടക്കേണ്ടതു് ? കാരണം എന്തു് ?

6. സൈക്കിൾ യാത്രക്കാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

   (ചിലർ വാഹനങ്ങളായും മറ്റു ചിലർ സൈക്കിൾ യാത്രക്കാരായും മൂന്നാമതൊരു കൂട്ടർ കാൽനടയായി പോകുന്നവരായും സങ്കല്പിച്ച് ഈ പാഠത്തിൽ കൊടുത്തിരിക്കുന്ന റോഡു നിയമങ്ങൾ പരിശീലിക്കണം.)

വിശേഷപ്പെട്ട ചാട്ടവാർ

ഇന്നലെ സ്കൂളിൽ ചെന്നപ്പോൾ ക്ലാസ്സിൽ വലിയ ബഹളം. ചക്കപ്പഴത്തിൽ ഈച്ച പൊതിയുമ്പോലെ, കുട്ടികളെല്ലാം നരേന്ദ്രന്റെ ചുറ്റും കൂടിയിരിക്കയാണ്. അയാൾ വിശേഷപ്പെട്ട ഒരു ചാട്ടവാർ കൊണ്ടുവന്നിട്ടുണ്ട്. അതു കാണാനുള്ള ബഹളപ്പാടാണ് അവിടെ. കൂട്ടത്തിൽ ഞാനും കൂടി.

ചാട്ടവാറിനു് ഒരംഗുലം കട്ടിയും ഒത്ത ഒരാളോളം നീളവുമുണ്ട്. നരേന്ദ്രന്റെ അച്ഛൻ ആഫ്രിക്കയിൽനിന്നു കൊണ്ടുവന്നതാണ്. നീർക്കുതിരയുടെ തോൽ ഉണക്കിയെടുത്തു് ഉണ്ടാക്കിയതാണത്രേ! ഇതുകേട്ടപ്പോൾ എല്ലാവർക്കും നീർക്കുതിരയെപ്പറ്റി കേൾക്കാനായി ബഹളപ്പാട്. ഇവിടങ്ങളിൽ കാണാത്ത ആ ജന്തുവിനെപ്പറ്റി നരേന്ദ്രൻ ഒരു വിവരണം തന്നു.

ആഫ്രിക്കയിലെ പല നദികളിലും തടാകങ്ങളിലും കണ്ടുവരുന്ന ഒരു ജന്തുവാണ് നീർക്കുതിര. "ഹിപ്പൊപ്പൊട്ടാമസ്" എന്നത്രേ ഇംഗ്ലീഷിൽ പേർ. മൂപ്പെത്തിയ ഒരു നീർക്കുതിരയ്ക്കു് ഏതാണ്ടു് മൂവായിരം കിലോഗ്രാം തൂക്കം കാണും. പകലൊക്കെ വെള്ളത്തിലും രാത്രിയായാൽ നദീതീരത്തുള്ള തോട്ടങ്ങളിലുമാണ് മൂപ്പരുടെ വിഹാരം.

ഹിപ്പോവിന്റെ തൊലിക്കു നല്ല കട്ടിയുണ്ട്. കാഴ്ചയ്ക്കു് ഒരു ഭംഗിയുമില്ലാത്ത ജന്തുവാണ്. വായ് തുറന്നാൽ, പാതാളം പോലെയിരിക്കും. ഇവ കൂട്ടം ചേർന്നാൽ വലിയ ശല്യമാണ്. വെള്ളത്തിൽ നീന്തിത്തുടിച്ചു് വല്ലാത്ത പരാക്രമം കാണിക്കും. ജലയാത്ര ചെയ്യുന്നവർക്കു് സൈ്വരം കൊടുക്കുകയില്ല.

കരയ്ക്കു കയറിയാലും 'ഹിപ്പോ' കഴപ്പക്കാരനാണ്. തോട്ടങ്ങളിൽ കാണുന്നതെല്ലാം നശിപ്പിക്കാനാണു് വാസന. ചിലപ്പോൾ കുഞ്ഞുങ്ങളും കൂടെയുണ്ടാകും. എങ്ങാനും നാം ഒറ്റയ്ക്കു്

അതിന്റെ മുമ്പിൽ പെട്ടാൽ കടികൊള്ളാതെ രക്ഷപ്പെടാൻ പ്രയാസമാണ്. വിളക്കു കയ്യിലുണ്ടായാൽ അപകടം കൂടുതലാണതു്! വെളിച്ചം കണ്ടാൽ അതിനു വെകിളി പിടിക്കും.



കരയിൽ നടക്കുന്നതുപോലെ വെള്ളത്തിനടിയിലും ഹിപ്പോവിനു നടക്കാൻ കഴിയും. വെള്ളത്തിൽവെച്ചു വെടിയേറ്റാൽ അതു് ഉടൻ മുങ്ങും. ചത്താൽത്തന്നെ, വളരെ നേരം കഴിഞ്ഞിട്ടേ പൊന്തുകയുള്ളു.

ആഫ്രിക്കയിലെ കാപ്പിരിവർഗ്ഗക്കാർക്കു് ഈ നീർക്കുതിരയുടെ മാംസവും കൊഴുപ്പും വലിയ ഇഷ്ടമാണു്. വഞ്ചിയിൽക്കയറിയിരുന്നു് ഉളി ചാണ്ടിയും കുന്തംകൊണ്ടു കുത്തിയുമാണു് അവർ ഇതിനെ കൊല്ലുക. ചാണ്ടുമ്പോൾ ലക്ഷ്യം പിഴച്ചാൽ വലിയ ആപത്താണു്. വഞ്ചി മറിച്ചിട്ടു് അതിനകത്തുള്ളവരെ ഇവ കടിച്ചു ഞെരിക്കും.

മനുഷ്യൻ മാത്രമല്ല നീർക്കുതിരയ്ക്കു ശത്രുവായിട്ടുള്ളതു്. വന്യമൃഗങ്ങളിൽ സിംഹത്തിനു് ഇതിന്റെ മാംസം ഇഷ്ടമാണു്. എന്നാൽ, ഒറ്റയ്ക്കുനിന്നു പൊരുതാൻ സിംഹം ധൈര്യപ്പെടാറില്ല. കൂട്ടാളികളൊത്തുകൂടി അതിന്റെ വിസ്തൃതമായ വായു് അടിച്ചുപൊളിക്കും. അതു സാധിച്ചാൽ പിന്നെ ഭയപ്പെടാനില്ല.

ജലജന്തുക്കളിൽ ഒന്നിനേയും നീർക്കുതിരയ്ക്കു ഭയപ്പെടേണ്ടതില്ല. എന്നാൽ, ചിലപ്പോൾ മുതലയുമായി സമരം നടക്കാറുണ്ട്. ഇതിൽ അധികവും ഹിപ്പോവാണു ജയിക്കുക. മുതലയുടെ തല മുഴുവനോടെ വിഴുങ്ങാൻ വേണ്ടത്ര വിസ്താരം നീർക്കുതിരയുടെ വായ്ക്കുണ്ട്. അതുകൊണ്ടാണു ജയിക്കാൻ സാധിക്കുന്നതു്.

മാംസത്തിനും കൊഴുപ്പിനും പുറമെ നീർക്കുതിരയുടെ തോലും മനുഷ്യൻ ഉപയോഗിക്കുന്നു. ഒരംഗുലം കട്ടിയുള്ള ഈ തോൽ കൊണ്ടാണു് ചാട്ടവാർ ഉണ്ടാക്കുന്നതു്. ആഫ്രിക്കയിൽ പോലീസുകാർ ഉപയോഗിക്കുന്ന ചാട്ടവാറാണു് ഇതു്.

നരേന്ദ്രന്റെ ഈ വിവരണം കേട്ടപ്പോൾ ഞങ്ങൾക്കു് എല്ലാവർക്കും ആഫ്രിക്ക കാണാൻ കൗതുകം തോന്നി. വിശേഷപ്പെട്ട പല ജന്തുക്കളുടേയും വിഹാരരംഗമാണത്രേ ആഫ്രിക്ക.

അഭ്യാസം

1. താഴെക്കൊടുത്തിട്ടുള്ള വാക്കുകൾ ശ്രദ്ധിക്കുക:—
   ബദ്ധപ്പാടു്; വെകിളിപിടിക്കുക; വിഹാരരംഗം; വിസ്തൃതമായ
   (ഈ പദങ്ങൾ കേട്ടെഴുതിക്കുക).
2. ഹിപ്പോ കുഴപ്പക്കാരനാണു്. (ആഖ്യയും ആഖ്യാതവും പറയുക.)
3. (i) ഹിപ്പൊപ്പൊട്ടാമസ്സിന്റെ സ്വഭാവമെന്തു്?
   (ii) അതിനെ പിടിക്കുന്നതെന്തിനു്?
   (iii) അതിനെ പിടിക്കുന്നതെങ്ങനെ?
4. വിപരീതപദങ്ങളെഴുതുക:—
   ജലജന്തുക്കൾ ×
   ഇഷ്ടം ×

———

പാഠം 4

ആനച്ചേന

ഒരു രാജ്യത്തു രണ്ടു സഹോദരന്മാരുണ്ടായിരുന്നു. മൂത്തവന്റെ പേരു് കിട്ടു; ഇളയവന്റെ പേരു് കേളു. രണ്ടുപേർക്കും പട്ടാളത്തിലായിരുന്നു ജോലി. കിട്ടു വലിയ ധനവാനായി. കേളുവാകട്ടെ, ദാരിദ്ര്യത്തിൽനിന്നു കരകയറാൻ ഒരു വഴിയും കാണാതെ, ഇച്ഛാഭംഗത്തോടെ വീട്ടിലേക്കു് മടങ്ങുകയാണുണ്ടായതു്. അതിനുശേഷം പൈതൃകമായി തനിക്കുണ്ടായിരുന്ന പറമ്പിൽ കൃഷിചെയ്യാനത്രേ കേളു തീരുമാനിച്ചതു്.

വളരെ മനസ്സിരുത്തി കേളു കൃഷിപ്പണി തുടങ്ങി. പറമ്പു കിളച്ചു് വലിയ കുഴികുഴിച്ചു് നല്ല വളമിട്ടു് കുഴികളിൽ ചേന നട്ടു. ചേനയ്ക്കുവേണ്ട എല്ലാ ശുശ്രൂഷകളും അയാൾ യഥാക്രമം ചെയ്തുപോന്നു. ചേന പറിക്കേണ്ട സമയമായി. കൈക്കോട്ടെടുത്തു മണ്ണെല്ലാം നീക്കി. ഒത്ത ഒരാനയെക്കാൾ വലുതായി കാണപ്പെട്ട ഒരു ചേന. കേളു ഒരു തടിച്ച കയർ കൊണ്ടുവന്നു. ചേനയ്ക്കു ചുറ്റും കയർ കെട്ടി. തന്റെ മക്കളെ എല്ലാവരെയും കൂട്ടി വിളിച്ചു. പലരും ഒത്തുപിടിച്ചു് ആഞ്ഞുവലിച്ചപ്പോൾ കുഴിയിൽനിന്നു ചേന പുറത്തുവന്നു.

"ഈ ആനച്ചേനകൊണ്ടു് ഞാൻ എന്തുകാട്ടും? ഇതു തിന്നാൻ തുടങ്ങിയാൽ എന്നാണു് അവസാനിക്കുക? വിശേഷപ്പെട്ട ഈ സാധനം രാജാവിനു കാഴ്ചവെക്കുകതന്നെ". ഇങ്ങനെ തീരുമാനിച്ചു് കേളു പലരുടേയും സഹായത്തോടുകൂടി, ചേന വണ്ടിയിൽ കയറ്റി രാജധാനിയുടെ പടിക്കൽ കൊണ്ടുചെന്നു. ചേനയുടെ വലിപ്പം കണ്ടു് രാജാവു് അത്ഭുതപ്പെട്ടു. "ഇതു് എവിടന്നു കിട്ടി?" രാജാവു ചോദിച്ചു. "അടിയൻ കൃഷിചെയ്തുണ്ടാക്കിയതാണു് തിരുമേനി", കേളു മറുപടി പറഞ്ഞു. "ഇതു് ഒരു വിശേഷപ്പെട്ട സാധനം തന്നെ", രാജാവു് അഭിപ്രായപ്പെട്ടു.

രാജാവിന്റെ പ്രോത്സാഹനം കേളുവിനു വലിയ ആശ്വാസം നൽകി. അയാൾ ഇങ്ങനെ തുടർന്നു: "തിരുമേനീ, അടിയനു പട്ടാളത്തിലായിരുന്നു ജോലി. ഭാഗ്യദോഷംകൊണ്ടു്

അവിടെ ഉന്നതിക്കു വഴി കണ്ടില്ല. അതുകൊണ്ടു് ഉദ്യോഗം രാജിവെച്ചു് വീട്ടിലേക്കു പോന്നു. അതിനുശേഷം അടിയൻ കൃഷിപ്പണി തുടങ്ങി. അതിലുണ്ടായ സമ്പാദ്യമാണു് ഈ ആന ചേന. വിശേഷപ്പെട്ട ഈ ചേന തിരുമേനിക്കു കാഴ്ചവെക്കാൻ കൊണ്ടുവന്നതാണു്.''



രാജാവിനു കേളുവിന്റെ ആത്മാർത്ഥതയിലും അദ്ധ്വാനതത്പരതയിലും സന്തോഷം തോന്നി. കുറെ ഭൂമിയും, താമസിക്കാൻ നല്ലൊരു വീടും കേളുവിനു കൊടുക്കാൻ കല്പനയായി. കൈനിറയെ പണവും രാജാവു സമ്മാനിച്ചു. കൃഷ്ണനെക്കണ്ടു മടങ്ങിയ കുചേലനെപ്പോലെയാണു് കേളു വീട്ടിൽ തിരിച്ചെത്തിയതു്.

കേളുവിനുണ്ടായ ഈ പദവികണ്ടു് കിട്ടുവിനു് അസൂയതോന്നി. ഒന്നിനും കൊള്ളാത്ത തന്റെ സഹോദരൻ ഇത്രയ്ക്കു് ഉയരുകയോ? അതെങ്ങനെ അയാൾ പൊറുക്കും? താനാണു് കൂടുതൽ ബുദ്ധിമാനെന്നു് രാജാവിനെ ബോദ്ധ്യപ്പെടുത്തി ഇതിനേക്കാൾ വലിയ സമ്മാനം നേടണമെന്നായി അയാളുടെ വിചാരം.

കൈവശമുള്ള സ്വത്തിൽ ഒട്ടുമുക്കാലും ചെലവഴിച്ചു് കിട്ടു നാലു് ആനയെ വാങ്ങി. ആനച്ചേനയ്ക്കു പകരം ജീവനുള്ള

നാലാനയെത്തന്നെ രാജാവിനെ കാഴ്ചവെയ്ക്കാൻ തീരുമാനിച്ച് നേരെ രാജധാനിയിലേക്കു ചെന്നു. രാജാവിനെ വളരെ സന്തോഷം തോന്നി. ഇത്രയധികം തന്നെ ആദരിച്ച കിട്ടുവിനെ എന്തു കൊടുത്താണ് തൃപ്തിപ്പെടുത്തേണ്ടതെന്നായി രാജാവിന്റെ വിചാരം. അയാൾക്ക് പണം ആവശ്യമില്ല. പണത്തിനു ക്ഷാമമില്ലാഞ്ഞതുകൊണ്ടല്ലേ നാലാനയെ തിരുമുൽക്കാഴ്ച വെച്ചതു്? പിന്നെ എങ്ങനെ തൃപ്തിപ്പെടുത്തും? തനിക്ക് ഏറ്റവും വിലമതിപ്പുള്ളതായിത്തോന്നിയ ആനച്ചേന കൊടുക്കാമെന്നു് തീരുമാനിച്ച് അങ്ങനെ കല്പനയായി.

ഈ രാജസമ്മാനം കിട്ടു പ്രതീക്ഷിക്കാത്തതായിരുന്നു. ചേന അയാൾക്കൊരു പ്രാരബ്ധമായി. പക്ഷെ, എന്തുചെയ്യും? രാജസമ്മാനമല്ലേ? ഉപേക്ഷിക്കാൻ തരമുണ്ടോ? പോരെന്നു പറയാൻ തരമുണ്ടോ? ചേനയുംകൊണ്ട് ഇളിഭ്യനായി അയാൾ വീട്ടിലേക്കു മടങ്ങി. ഉപജീവനത്തിനുവേണ്ടി പിറ്റേദിവസം മുതൽ അയാൾക്ക് അദ്ധ്വാനിക്കേണ്ടിവന്നു.

അഭ്യാസം.

1. താഴെപ്പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക:—
   പൈതൃകം; ശുശ്രൂഷ; യഥാക്രമം; പ്രോത്സാഹനം; ആത്മാർത്ഥത; അദ്ധ്വാനത്തിന്റെ പാത; തിരുമുൽക്കാഴ്ച; പ്രാരബ്ധം (ഈ പദങ്ങൾ കേട്ടെഴുതിക്കുക).
2. കുഞ്ഞാവു് എന്തെന്നു പറയുക:—
   (എ) കേളു പറമ്പു കിളച്ചു.
   (ബി) കേളു കഴിയുണ്ടാക്കി.
   (സി) കഴിയിൽ കേളു വളമിട്ടു.
   (ഡി) കേളു ചേന നട്ടു.
3. മുകളിലത്തെ (എ), (ബി), (സി), (ഡി) വാക്യങ്ങളിലെ നാമപദങ്ങൾ പറയുക.
4. കേളു കൃഷിപ്പണി തുടങ്ങാൻ കാരണമെന്തു്?
5. കേളുവിനു് കിട്ടിയ രാജസമ്മാനമെന്തു്?
6. കിട്ടു രാജാവിനു് തിരുമുൽക്കാഴ്ച വെച്ചതെങ്ങനെ?
7. ഈ പാഠത്തിൽ നിന്നു് നിങ്ങൾ എന്തു പഠിക്കുന്നു?
8. വിപരീതപദങ്ങളെഴുതുക:—
   ധനവാൻ ×
   ഭാഗ്യം ×

പാഠം 5

കുട്ടികളുടെ ദിനചര്യ

പുലരും മുമ്പുണരണ-
മുണർന്നാലേററിരിക്കണം,
ഇരുന്നാൽക്കണ്ണടച്ചുള്ളിൽ-
പരദൈവത്തെയോർക്കണം.

അമ്മയെക്കാണണം മുമ്പി-
ലച്ഛനെത്തൊഴുതീടണം;
അച്ഛനമ്മകൾ, കാണുന്ന
ദൈവമാണെന്നുമോർക്കണം.

വെളുക്കുമ്പോൾ കുളിക്കണം;
വെളുത്തുള്ളതുടുക്കണം;
വെളുപ്പിൽ ക്ഷേത്രദൈവത്തെ-
യെളുപ്പം തൊഴുതെത്തണം.

കാര്യമായ് നിയമം വേണം,
കാര്യംവിട്ടു കളിക്കൊലാ,
ധൈര്യം വേണം, പഠിക്കേണ്ടും
കാര്യത്തിൽ ശ്രദ്ധവയ്ക്കണം.

നേരുകേടിൽപ്പേടിവേണം,
നേരുചൊല്ലണമെപ്പൊഴും,
ആരും സ്നേഹിച്ചിടുംവണ്ണം
ചേരും വൃത്തിയിൽ നില്ക്കണം.

കൂട്ടർകൂടിത്തകർത്തോരോ-
കൂട്ടംകൂടും കിടാങ്ങളിൽ,
കൂട്ടുകൂടൊല്ല, മര്യാദ-
ക്കൂട്ടുകാരോടു ചേരണം.

അന്തിയാകുന്ന നേരത്തു
പന്തിയിൽദ്വൈവപൂജനം
സ്വന്തംമനസ്സാൽ ചെയ്യണം,
ഹന്തനാമം ജപിക്കണം.

ദേവഭക്തിയുറപ്പിക്കും,
ദേവസ്തോത്രങ്ങൾ ചൊല്ലണം;
കേവലം ദൈവമാഹാത്മ്യ-
ഭാവനയ്ക്കിതു സാധനം.

—കൊട്ടങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

അഭ്യാസം

1. നിങ്ങൾ ദിവസംതോറും ചെയ്യേണ്ട മുറകൾ എന്തെല്ലാമെന്നു് സ്വന്ത വാക്യത്തിൽ പറയുക.
2. ഏതു വിധത്തിലുള്ള കുട്ടികളെയാണു് തിരഞ്ഞെടുക്കേണ്ടതു്? എങ്ങനെയുള്ള കുട്ടികൾ നന്നല്ല?
3. അച്ഛനമ്മമാരെ ആരെപ്പോലെ വിചാരിക്കണം?
4. ഈ പദ്യത്തിൽ പറഞ്ഞപ്രകാരം നിങ്ങൾ എല്ലാം ചെയ്യാറുണ്ടോ? ഇല്ലെങ്കിൽ എന്തെല്ലാം ചെയ്യാറുണ്ടു്?
5. ഇതേ ആശയം അടങ്ങിയ വേറെ വല്ല പദ്യങ്ങളും നിങ്ങൾക്കു് അറിയാമോ?
6. ചേർത്തെഴുതുക:—
   ഉണർന്നാൽ+ഏറ്റു്+ഇരിക്കണം;
   ആണെന്നു്+ഓർക്കണം;
   വെളുത്തു്+ഉള്ളതു്+ഉടുക്കണം.
7. പിരിച്ചെഴുതുക:—
   എളുപ്പം തൊഴുതെത്തണം;
   നേരുചൊല്ലണമെപ്പൊഴും;
   കൂടിത്തകർത്തോരോ.

———

കരിമ്പു്

ഉപ്പും മുളകുംപോലെ, ഉപേക്ഷിക്കാൻ വയ്യാത്ത ഒരു പദാർത്ഥമാണു് പഞ്ചസാര. ഒട്ടെല്ലാവീട്ടിലും നിത്യം ഉപയോഗിക്കുന്ന ഈ മധുരപദാർത്ഥം ഉണ്ടാക്കാൻ ഉപകരിക്കുന്ന പല സസ്യങ്ങളിലൊന്നാണു് കരിമ്പു്. ഇന്ത്യയിൽ പഞ്ചസാരയ്ക്കുവേണ്ടി സമൃദ്ധിയായി കൃഷിചെയ്യുവുന്ന സസ്യം കരിമ്പാണു്.

വെള്ളത്തെ ആശ്രയിച്ചു വളരുന്ന ഒരു സസ്യമാണു് കരിമ്പു്. അതിനു പറ്റിയ മണ്ണുള്ള സ്ഥലം തിരഞ്ഞെടുക്കാനാണു് നാം പ്രധാനമായി ശ്രദ്ധിക്കേണ്ടതു്. കിട്ടുന്ന വെള്ളം ശേഖരിച്ചുവച്ചു് പാകത്തിനു് ഉപയോഗിക്കാൻ പറ്റിയതായിരിക്കണം മണ്ണു്. കൊച്ചുകുട്ടികൾക്കു് മിഠായി കൊടുത്താൽ, അതു വേഗം തീർന്നുപോകാതിരിക്കാൻവേണ്ടി നക്കി നക്കിക്കൊണ്ടിരിക്കുന്നതു് കണ്ടിട്ടില്ലേ? കരിമ്പിന്റെ വെള്ളംകുടിയും ഇതുപോലെതന്നെയാണു്. കരിമ്പിന്റെ വേരു് വളരെ അടിയിലേക്കു് പോകുന്നതല്ല, അതുകൊണ്ടു് അധികം കളിമണ്ണില്ലാത്ത പ്രദേശമാണു് നന്നായിരിക്കുക.

യോജിച്ച മണ്ണുള്ള ഭൂമി തിരഞ്ഞെടുത്താൽ പിന്നെ അതു പാകപ്പെടുത്തിയെടുക്കണം. കലപ്പകൊണ്ടു് ഒരടിയിലധികം താഴ്ത്തി ചാൽ കീറുന്ന സമ്പ്രദായമാണു് അധികവും കാണുന്നതു്. വേറെ ഉപകരണങ്ങളുപയോഗിച്ചും നിലം പാകപ്പെടുത്താറുണ്ടു്. ഇങ്ങനെ പാകപ്പെടുത്തിക്കഴിഞ്ഞാൽ, കരിമ്പു നടുവാനുള്ള തടമുണ്ടാക്കും. അതു് പലമാതിരിയിലും ഉണ്ടു്. വെള്ളം സൗകര്യത്തിനു് കെട്ടിനിറുത്തത്തക്ക മട്ടിലാകണം തടം.

ജലസേചനത്തിനു സൗകര്യമുണ്ടെങ്കിൽ ഏതുകാലത്തും കരിമ്പു കൃഷിചെയ്യാം. എങ്കിലും മീനം, മേടം മാസങ്ങളിലാണു് കരിമ്പു് സാധാരണയായി നടാറുള്ളതു്.

ഇനി കരിമ്പു നട്ടാൽ സമ്പ്രദായം നോക്കാം. തലതൊട്ടു കടവരെ കഷണം കഷണമായി മുറിച്ചു നട്ടാൽവരുണ്ടു്. എന്നാൽ, തണ്ടിന്റെ മുകൾഭാഗം മാത്രം നട്ടാൽതാണു് ലാഭം. ബാക്കി ഭാഗം നീരെടുത്തു് പഞ്ചസാരയോ ശർക്കരയോ ഉണ്ടാക്കാവുന്നതാണല്ലോ! മൂന്നു മുട്ടുകളിൽ കുറയാത്ത മട്ടിൽ മുറിച്ചെടുത്താണു് നടുക. ഈ മൂന്നു മുട്ടുകളും മണ്ണിനടിയിൽ പോകത്തക്കവിധം നട്ടാൽ ധാരാളം മുള പൊട്ടിവരും. ഓരോ കടയിലും ഉണ്ടാകുന്ന കരിമ്പിന്റെ എണ്ണം കൂട്ടാൻ ഇതു് നല്ലൊരു മാർഗ്ഗമാണു്. കരിമ്പുവെട്ടിയ ദിവസംതന്നെ അതു് നട്ടു കുറെ വെള്ളവും കൂടി ഒഴിച്ചാൽ ചിതൽകേടു കുറയുമത്രേ.

മറ്റു പല സസ്യങ്ങൾക്കുമെന്നപോലെ, ദിവസന്തോറും വെള്ളം കൊടുക്കണമെന്ന വാശി കരിമ്പിനില്ല. തല നട്ടു കഴിഞ്ഞാൽ ആദ്യത്തെ മൂന്നുമാസക്കാലം എട്ടുദിവസത്തിലൊരിക്കലും പിന്നെ മൂന്നുമാസം പത്തുദിവസത്തിലൊരിക്കലും വെള്ളം കിട്ടിയാൽ മതി. ആറു മാസം കഴിഞ്ഞാൽ പിന്നെ പതിനെട്ടുദിവസം കൂടുമ്പോൾ വെള്ളം കൊടുത്താൽ കരിമ്പിനു തൃപ്തിയായി.

വെള്ളംകൊണ്ടുമാത്രം കരിമ്പു സന്തോഷിക്കയില്ല. കുട്ടികളെയെന്നപോലെ കരിമ്പിനേയും തെല്ലു താലോലിക്കണം. ചുറ്റുംകൂടി കരിമ്പിനെ ശല്യപ്പെടുത്തുന്ന കളകൾ പറിച്ചുകളയണം. വളരാനാവശ്യമുള്ള വളവും കൊടുക്കണം. കന്നുകാലികളുടേയും മനുഷ്യരുടേയും മലമൂത്രങ്ങൾ, പിണ്ണാക്കുകൾ, മത്സ്യവളം കൃത്രിമവളം മുതലായി പലതും കണക്കനുസരിച്ചു് കരിമ്പിനു കൊടുക്കാം. കരിമ്പിന്റെ വെട്ടിയെടുത്ത ഇലയും നല്ല വളമാണു്.

ഇങ്ങനെ വെള്ളവും ഭക്ഷണവും കൊടുത്തതുകൊണ്ടു മാത്രം കരിമ്പിനോടുള്ള കടപ്പാടവസാനിക്കുന്നില്ല. നടക്കാൻ കഴിവില്ലാത്ത ഈ സസ്യസമൂഹത്തെ ശത്രുബാധകൂടാതെ രക്ഷിക്കേണ്ടതും നമ്മുടെ ചുമതലയാണു്. പന്നി, എലി, കുറുക്കൻ മുതലായ ജന്തുക്കൾ കരിമ്പിൻതടി തിന്നാതെ നോക്കണം. പുഴുക്കൾ കരിമ്പിന്റെ ഇല നശിപ്പിക്കുന്നതും തടയണം.

ഇങ്ങനെ ക്രമപ്രകാരം പരിപാലിച്ചാൽ, ഒരു കൊല്ലം കൊണ്ടു് വളച്ചു പൂത്തിയാകും. ചില സ്ഥലത്തു് രണ്ടു വർഷത്തോളം വേണ്ടതായും വരാം. വളച്ചു പൂത്തിയായതറിയാൻ ഒരു കഷണം കരിമ്പു ചതച്ചു നീരെടുത്തു് ശക്കരയുണ്ടാക്കി നോക്കിയാൽ മതി. നല്ല മഞ്ഞനിറം, ചാറിനു മധുരം, തടിയിൽ എററിനോക്കുമ്പോൾ നല്ല ശബ്ദം, മുട്ടുകൾക്കു് ഒടിയാൻ പററിയ മുറുക്കം, മുട്ടിൽ കണ്ണുകളുടെ മുഴപ്പു് മുതലായവ വളച്ചുയുടെ അടയാളങ്ങളാണു്.

കരിമ്പു് നിങ്ങളിൽ പലരും തിന്നിരിക്കും. അതിന്റെ നീരിന്റെ മാധുര്യം നിങ്ങളെ ആകർഷിക്കുന്നു. ശക്കരയും പഞ്ചസാരയുമാണു് കരിമ്പുകൊണ്ടു സാധിക്കുന്ന പ്രധാന വ്യവസായങ്ങൾ.

അഭ്യാസം

1. താഴെക്കാണുന്ന വാക്കുകൾ ശ്രദ്ധിക്കുക :—
   പദാർത്ഥം ; മാർഗ്ഗം ; തൃപ്തി ; ശത്രുബാധ ; മാധുര്യം ; ജലസേചനം.
   (കേട്ടെഴുതിക്കുക.)
2. കരിമ്പിനെ പററിയ മണ്ണേതു് ?
3. കരിമ്പിനു വെള്ളമൊഴിക്കേണ്ട ക്രമം പറയുക.
4. കരിമ്പിനു വേണ്ട ശുശ്രൂഷകളെന്തെല്ലാം ?
5. "കരിമ്പിന്റെ വേരു് വളരെ അടിയിലേക്കു പോകുന്നതല്ല".
   —ആഖ്യയും ആഖ്യാതവും പറയുക.

61/524—3a

കഴുതച്ചുമട്

ഒരു ഗ്രാമത്തിൽ വൃദ്ധനായ ഒരു അലക്കുകാരൻ ഉണ്ടായിരുന്നു. തുണിക്കെട്ട് ഓരോ സ്ഥലങ്ങളിലേക്കു കൊണ്ടുപോകാൻ ഒരു കഴുതയുണ്ടായാൽ നന്നെന്നു് അയാൾക്കു് അഭിപ്രായം തോന്നിട്ടു് കുറെക്കാലമായി; പക്ഷേ, അതിനുള്ള പണം തികയ്ക്കാനാണു് അയാൾ വിഷമിച്ചതു്. ഒടുവിൽ, പണം ഒരു വിധത്തിൽ തികച്ചു. വൃദ്ധൻ തന്റെ പുത്രനോടൊന്നിച്ചു് ചന്തയിൽച്ചെന്നു് ഒരു കഴുതയെ വാങ്ങി. ആ രജകകുടുംബത്തിന്റെ വളരെക്കാല മായുള്ള സങ്കല്പം അങ്ങനെ രൂപംകൊണ്ടു.

രജകന്മാർ കഴുതയേയും നടത്തിക്കൊണ്ടു് ഗ്രാമത്തിലേക്കു പോകയാണു്. നാലഞ്ചു ചെറുപ്പക്കാർ ഇതു കണ്ടു. അവക്കു് ഈ കാഴ്ച ഒരു നേരമ്പോക്കായി തോന്നി. അവർ തമ്മിൽ പറയാൻ തുടങ്ങി: "ഇവരെന്തു വിഡ്ഢികളാണു്! നല്ലൊരു കഴുത കൈവശ മുള്ളപ്പോൾ ഇങ്ങനെ കഷ്ടപ്പെടുന്നതെന്തിനു്? ഈ കിഴവനെ ങ്കിലും കഴുതപ്പുറത്തു കയറ്റിക്കൂടേ?"

വൃദ്ധനും ചെറുക്കനും ഇതു കേട്ടു. ആ യുവാക്കന്മാർ പറഞ്ഞതു ശരിയാണെന്നു അവക്കു തോന്നി. വൃദ്ധൻ ഉടനെ കഴുതപ്പുറത്തു കയറി. ചെറുക്കൻ കഴുതയെ തെളിച്ചു. ഇങ്ങനെ തെല്ലുദൂരം ചെന്നപ്പോൾ വേറൊരു കൂട്ടം ചെറുപ്പക്കാർ ആക്ഷേപിക്കാൻ തുടങ്ങി. അവർ പറയുകയാണു്: "വൃദ്ധനെ നോക്കു. അയാൾക്കു മര്യാദയില്ല. അന്തസ്സിൽ കഴുതപ്പുറത്തു കയറിയിരിക്കുന്നു; മകൻ, പാവം, ഞെരുങ്ങിയങ്ങനെ നടക്കുകയും."

ഇതു കേട്ടപ്പോൾ വൃദ്ധനു വിഷമം തോന്നി. അയാൾ വേഗം ഇറങ്ങി, ചെറുക്കനോടു് കഴുതപ്പുറത്തു കയറാൻ പറഞ്ഞു. ചെറുക്കനു സന്തോഷമായി. അവൻ കയറി; വൃദ്ധൻ കഴുതയെ

തെളിച്ചുകൊണ്ടു നടക്കാനും തുടങ്ങി. വലിയ താമസമുണ്ടായില്ല. അതിനും ആക്ഷേപക്കാരുണ്ടായി. വൃദ്ധനെ നടത്തിക്കൊണ്ടു് ചെറുക്കൻ സവാരിചെയ്യുന്നതു് ന്യായമല്ലെന്നു് ചിലർ അഭിപ്രായപ്പെട്ടു.

ഇനിയെന്തു ചെയ്യും? രണ്ടു പേരും നടന്നാൽ ആക്ഷേപം; വൃദ്ധൻ സവാരി ചെയ്താൽ ആക്ഷേപം; ചെറുക്കൻ സവാരി ചെയ്താലും ആക്ഷേപം; ഇനി ഒരു വഴിയേ അവശേഷിച്ചിട്ടുള്ളു. രണ്ടുപേരും കഴുതപ്പുറത്തു കയറുക. എന്തുകൊണ്ടു് അങ്ങനെ ചെയ്തുകൂടാ? അവർ രണ്ടുപേരും കയറി. കഴുത പതുക്കെപ്പതുക്കെ, ഞെരുങ്ങി ഞെരുങ്ങി നടക്കാനും തുടങ്ങി. ഇങ്ങനെ തെല്ലുദൂരം ചെന്നപ്പോൾ ചിലർ കൈകൊട്ടി ചിരിക്കാൻ തുടങ്ങി. അവർ പറയുകയാണു്: "നിങ്ങളെന്തു ദയയില്ലാത്ത ക്രൂരരാണു്! രണ്ടു പേരുടെ ഭാരം താങ്ങാൻ ഈ കഴുതയ്ക്കു കെൽപ്പുണ്ടോ? ഈ പോക്കു് അധികനേരത്തേക്കു വേണ്ടിവരില്ല. കഴുത നിങ്ങളെയല്ലാ, നിങ്ങൾ കഴുതയെയാണു് ചുമക്കേണ്ടതു്."

വഴിപോക്കരുടെ അഭിപ്രായം ശരിയാണെന്നു് അവർക്കു തോന്നി. അവർ വലിയൊരു മുള വാങ്ങിക്കൊണ്ടുവന്നു. കഴുതയുടെ കൈയും കാലും മുളയിൽ പിടിച്ചുകെട്ടി. മുളയുടെ ഒരറ്റം വൃദ്ധനും മറ്റേ അറ്റം ചെറുക്കനും ചുമലിൽ വച്ചു. രണ്ടുപേർ ഒന്നിച്ചു കഴുതപ്പുറത്തു കയറിപ്പോയതിന്റെ പ്രായശ്ചിത്തമായി അവർ കഴുതയെ ചുമക്കാൻ തുടങ്ങി.

ഈ കാഴ്ചയും വഴിപോക്കർ കാണാതിരുന്നില്ല. പക്ഷേ അവർക്കു അഭിപ്രായമൊന്നും പറയാനുണ്ടായില്ല. കഴുതയ്ക്കു വല്ല സുഖക്കേടും പിണഞ്ഞിട്ടുണ്ടാകാമെന്നേ അവർ കരുതിയുള്ളു.

ആ രജകന്മാർ കഴുതയെ ചുമലിലേറ്റി ഒരു തോടിന്റെ വക്കത്തു വന്നു. അതു കടന്നിട്ടുവേണം അവർക്കു പോകാൻ. രണ്ടു കവുങ്ങിൻ തടികൾ കൂട്ടിക്കെട്ടിയുണ്ടാക്കീട്ടുള്ള ഒരു പാലമുണ്ടു് തോടുകടക്കാൻ. വൃദ്ധൻ വളരെ ശ്രദ്ധിച്ചു്, ഒറ്റയടിവച്ചു മുമ്പോട്ടു നീങ്ങുകയാണു്. പിന്നാലെ അതേമട്ടിൽത്തന്നെ ചെറുക്കനും,

രണ്ടുപേരും പാലത്തിന്മേലാണ്. വെള്ളത്തിലേക്കു നോക്കിയതു കൊണ്ട് ഭയപ്പെട്ടിട്ടോ എന്തോ, കഴുത ഒന്നു പിടഞ്ഞു. 'ഡീം'; ചുമട് തോൾ തെറ്റി. വൃദ്ധനും, ചെറുക്കനും, കഴുതച്ചുമടും ഒന്നിച്ചു തോട്ടിൽ വീണു. തോട്ടിൽ വെള്ളമുണ്ടായിരുന്നതുകൊണ്ട്

വൃദ്ധനോ, ചെറുക്കനോ, പരുക്കൊന്നും പറ്റിയില്ല. എന്നാൽ കഴുതയുടെ കഥയോ? അതു് നിങ്ങൾ ഊഹിച്ചാൽ മതി.

അഭ്യാസം

1. താഴെപ്പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക :—
   രജകൻ; സങ്കല്പം; ശ്രുപംകൊണ്ടു; സവാരി; ഞെരുങ്ങി ഞെരുങ്ങി; പ്രായശ്ചിത്തം. (കേട്ടെഴുതിക്കുക)
2. മുകളിൽ കൊടുത്തിട്ടുള്ള പദങ്ങളുപയോഗിച്ചു് വാക്യങ്ങളുണ്ടാക്കുക.
3. 'ചെറുക്കൻ കഴുതയെ തെളിച്ചു'—കർത്താവു്, ക്രിയ എന്നിവ പറയുക
4. ആഖ്യയും ആഖ്യാതവും തിരിക്കുക :—
   (എ) അയാൾ വേഗം ഇറങ്ങി.
   (ബി) രണ്ടുപേരും പാലത്തിന്മേലാണ്.
5. രജകന്മാർ കഴുതയെ ചുമക്കാൻ കാരണമെന്തു്?
6. ഈ പാഠത്തിൽനിന്നു നിങ്ങൾ എന്തു പഠിക്കുന്നു

കാട്ടുതീ

കാലികൾ കാണാഞ്ഞു ബാലകന്മാർപിന്നെ-
ക്കാനനംതന്നിൽ നടക്കുന്നേരം
ഘോരമായുള്ളൊരു കാട്ടുതീ കാണായി
പാരം ചുഴന്നു വരുന്നതപ്പോൾ.
പേടിച്ചുനിന്നുള്ള ബാലകന്മാരെല്ലാ-
മോടിത്തുടങ്ങിനാർ നാലുപാടും.
പോക്കില്ലയാതെ ചമഞ്ഞൊരു നേരത്തു
ഉഗ്രനായ് നിന്നവനോടു ചൊന്നാൻ
താപകന്മാരായ ഞങ്ങളെയെല്ലാമെ
പാവകൻവന്നു വിഴുങ്ങുന്നോനെ,
എന്നതുകേട്ടൊരു നന്ദകുമാരൻ താ-
നൊന്നുമേ പേടിയായ്കെന്നു ചൊല്ലി
കത്തിവരുന്നൊരു തീയെ വിഴുങ്ങിനാൻ
മുഗ്ധവിലോചനൻ മുന്നെപ്പോലെ.

കൃഷ്ണഗാഥ] [ചെറുശ്ശേരി

അഭ്യാസം

1. പശുക്കളെ അന്വേഷിച്ചു നടന്ന കുട്ടികൾ ആരായിരുന്നു ?
2. കാട്ടുതീ പടർന്നുപിടിക്കുവാൻ തുടങ്ങിയപ്പോഴും ബാലകന്മാർ എന്തുചെയ്തു?
3. ഓടി രക്ഷപ്പെടുവാൻ സാധിക്കാതെ വന്നപ്പോൾ അവർ എന്തുചെയ്തു ?
4. ആരാണു് കുട്ടികളെ രക്ഷിച്ചതു് ? എങ്ങനെ ?
5. അതിനുമുമ്പു് എപ്പോഴാണു് കാട്ടുതിയിൽനിന്നു രക്ഷിച്ചതു് ?
6. ശ്രീകൃഷ്ണൻ ഗോപന്മാരെ മരണത്തിൽനിന്നു രക്ഷിച്ച വേറെ കഥകൾ അറിയാമോ ?
7. ചേർത്തെഴുതുക :—
   ബാലകന്മാർ + എല്ലാം + ഓടി + തുടങ്ങി
   ഒന്നുമേ + പേടിയായ്ക + എന്നു + ചൊല്ലി
8. പിരിച്ചെഴുതുക :—
   വരുന്നതപ്പോൾ ; മുന്നെപ്പോലെ.

പാഠം 9

സിംഹം

മൃഗശാലകളിലും സർക്കസ്സിലുമാണ് നാം സിംഹത്തെ കാണാറുള്ളത്. ഇരുമ്പഴിയിട്ട കൂട്ടിൽ, പുറത്തു കടക്കാൻ സാധിക്കാതെ പരാക്രമം കാണിക്കുന്ന ആ ഉഗ്രമൃഗത്തിനു തെല്ലുനേരത്തെ സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്താൽ എന്താണ് സംഭവിക്കുക? അതു സങ്കല്പിക്കുവാൻപോലും സാദ്ധ്യമല്ല. നീണ്ടു നിവർന്ന് അഴകേറിയതാണ് മൃഗരാജന്റെ ഉടൽ. മുഖത്തു നോക്കിയാൽ എന്തെന്നില്ലാത്ത ഗാംഭീര്യം കാണാം. അന്തസ്സുള്ള ഈ വന്യമൃഗത്തെ ഭയപ്പെടാത്തവർ നാട്ടിലും കാട്ടിലും ഇല്ലെന്നുതന്നെ പറയാം.

ഇരയെ ഓടിച്ചുപിടിച്ചു തിന്നു ശീലിച്ചിട്ടുള്ള മൃഗമാണ് സിംഹം. വനം വൃക്ഷനിബിഡമായാൽ, ഈ ഓട്ടത്തിനു സൗകര്യം കുറയും. അതുകൊണ്ട്, ഏറെക്കുറെ മരുഭൂമിപോലുള്ള മൈതാനങ്ങളും കുറ്റിക്കാടുകളും ഇടകലർന്ന മലമ്പരിവുകളാണ് സിംഹത്തിന്റെ താവളം.

ഒത്ത ഒരു സിംഹത്തിന് ഇരുന്നൂറു കിലോഗ്രാം തൂക്കം കാണും. എന്നാൽ, അതിലിരട്ടി തൂക്കമുള്ള ഒരു കാളയെ കടിച്ചു തൂക്കിയെടുത്തുകൊണ്ട് അതിവേഗത്തിൽ ഓടാൻ മൃഗരാജനു പ്രയാസമില്ല. അങ്ങനെ കടിച്ചുപിടിച്ചുകൊണ്ടോടുമ്പോൾ കാളയുടെ ശരീരത്തിന്റെ വലിയൊരു ഭാഗം സിംഹം ചുമലിലേക്കു തള്ളിയിട്ടിട്ടുണ്ടായിരിക്കും. വളരെ ഉയരത്തിൽ ചാടിക്കൊണ്ടാണ് സിംഹത്തിന്റെ ഇരയോട്ടം.

ഭക്ഷണരീതിയിൽ ചില നിഷ്കർഷകളെല്ലാം സിംഹം പരിപാലിച്ചുപോരുന്നുണ്ട്. ആഴ്ചയിൽ രണ്ടു പ്രാവശ്യമേ അതു മൃഗങ്ങളെ വേട്ടയാടുകയുള്ളൂ. വേട്ടചെയ്ത മൃഗത്തെ പിടിച്ചാൽ വാലിന്റെ ഭാഗത്തുനിന്നു തീറ്റതുടങ്ങും. വാരിയെല്ലിന്റെ മാംസമാണ് കൂടുതൽ ഇഷ്ടം. മതിയാവോളം തിന്നുകഴിഞ്ഞാൽ ബാക്കിയുള്ളതു് അവിടെത്തന്നെ ഇട്ടുപോകും. പിറ്റെ ദിവസം രാത്രി വീണ്ടും വന്ന് അവശേഷിച്ച ഭാഗവും തിന്നും. പിന്നെ ഒരു

പകലും രാത്രിയും മുഴുവൻ ഉറക്കമായിരിക്കും. അങ്ങനെ മൂന്നു ദിവസത്തെ പരിപാടി കഴിഞ്ഞാൽ നാലാം ദിവസം വീണ്ടും ഇരതേടും. വിശപ്പില്ലെങ്കിലും, കണ്ടതിനെ മുഴുവൻ കൊന്നൊടുക്കുന്ന ശീലം സിംഹത്തിനില്ല.

കൂട്ടം ചേർന്നാണ് സിഹം ഇര തേടുക. പെൺസിംഹവും സിംഹക്കുട്ടികളും അതിൽ പങ്കെടുക്കും. കുടുംബത്തലവൻ ഒരിടത്തു കിടന്നു ശബ്ദം പുറപ്പെടുവിക്കും. അതു കേട്ടാൽ, മൃഗങ്ങൾ പേടിച്ചു പരക്കംപായും. ഈ തക്കത്തിലാണ് സിംഹം ഇവയെ പിടിക്കുന്നതു്.



പാറക്കുട്ടങ്ങളും മുൾപ്പടപ്പുകളും നിറഞ്ഞ ഒരു സ്ഥലം കണ്ടെത്തിപ്പിടിച്ചു് അവിടെക്കിടന്നാണ് സിംഹി പ്രസവിക്കുക. ഒരു പ്രസവത്തിൽ മൂന്നുനാലു കുഞ്ഞുങ്ങളുണ്ടാവും. അതിൽ ഒന്നുരണ്ടെണ്ണം ചാവും. ഈ മരണം പല പ്രകാരത്തിലും സംഭവിക്കാം. സുഖക്കേടുപിടിച്ചാണ് സാധാരണ മരിക്കുക. "ഹയന" എന്നു പറയപ്പെടുന്ന കഴുതപ്പുലി സിംഹക്കുഞ്ഞുങ്ങളെ തട്ടിയെടുത്തുകൊണ്ടുപോകയും പതിവുണ്ടു്. ചിലപ്പോൾ തന്തസിഹംതന്നെ, തള്ളയില്ലാത്ത തക്കംനോക്കി കുഞ്ഞിനെ തിന്നുമത്രേ.

സിംഹത്തിനു ക്രൂരരൂപത്താണു് കണ്ണു നല്ലവണ്ണം കാണുക. അതുകൊണ്ടു് വേട്ടയ്ക്കുപോക്കെല്ലാം ഇരുട്ടുള്ള രാത്രിയാണു് പതിവു്. വളരെ അകലെയുള്ള അനക്കംപോലും സിംഹം കേൾക്കും. അതിന്റെ ശ്രവണശക്തി അത്ര സൂക്ഷ്മമാണു്. എന്നാൽ, മണത്തറിവാനുള്ള കഴിവു് തെല്ല കുറവാണത്രേ.

ഓട്ടത്തിലും ചാട്ടത്തിലും സിംഹത്തിനുള്ള സാമർത്ഥ്യം ഒന്നു വേറെയാണു്. സിംഹവേട്ടയ്ക്കു പോകുന്നവർ ഈ ചാട്ടം മുൻകൂട്ടിക്കണ്ടറിഞ്ഞു് കരുതലെടുക്കും. എപ്പോഴാണു് ചാടുക യെന്നു് അവക്കറിയാം. വാലിന്മേൽ നോക്കിയാൽ മതി. വാൽ അവൻ വടിപോലെനിർത്തി രണ്ടു പ്രാവശ്യം ചലിപ്പിക്കും. മൂന്നാമത്തെ ചലനത്തോടൊപ്പം ചാട്ടവും കഴിയും. ചാടിപ്പിടി ച്ചാൽ, അവന്റെ നീളംകൂടിയ രണ്ടു നഖങ്ങൾകൊണ്ടു് ഒരു ഇറക്കാണു്. അതോടുകൂടി വയർ പിളരും; കുടൽമാല പുറത്തു ചാടും.

കാട്ടിൽ ഇര കിട്ടാതെ വന്നാൽ, സിംഹം നാട്ടിലേക്കും കടക്കും. എന്നാൽ, തൊഴുത്തിനകത്തു കടന്നുചെല്ലില്ല. അതു് അന്തസ്സിനു കുറവായിരിക്കാം. തെല്ലകലെ ഒരു സ്ഥലത്തു് അവൻ ചെന്നുനില്ക്കും. കന്നുകാലികൾ സിംഹത്തിന്റെ സാന്നിദ്ധ്യം മണത്തറിയും. ഉടനെ അവ വെകിളിപിടിച്ചു് ഓടിച്ചെന്നു് സിംഹത്തിന്റെ പിടിയിൽപ്പെടും. തന്റെ സാന്നിദ്ധ്യം മണത്തറിഞ്ഞിട്ടും കന്നുകാലികൾ പുറത്തുവന്നില്ലെങ്കിൽ സിംഹം മൂത്രമൊഴിക്കും. മൂത്രഗന്ധമേറ്റാൽ, പിന്നെ അടങ്ങിയിരിക്കാൻ കന്നുകാലികൾക്കു സാദ്ധ്യമല്ല. എത്ര തൊഴുത്തും തട്ടിത്തകർത്തു് അവ വെകിളിപിടിച്ചോടി സിംഹത്തിന്റെ വായിൽ ചെന്നു പെട്ടുകൊള്ളും.

ഇത്ര വീരനായിരുന്നിട്ടും ചില ജന്തുക്കളെ സിംഹം ഭയപ്പെടുന്നു. മലമെരുവിനെപ്പോലെ ഒരു ചെറിയ ജന്തുവുണ്ടു്. അടുത്തു ചെന്നാൽ വല്ലാത്ത ദുർഗ്ഗന്ധമാണു്. അതിനെക്കണ്ടാൽ സിംഹം ഓടിക്കളയും. ഇതുപോലെ, കടന്നലിന്റെ മൂളലും സിംഹത്തിനു ഭയമാണു്. നോക്കൂ, വലിയവരായിട്ടും ചെറിയവരെ ഭയപ്പെടുന്നതു്.

അഭ്യാസം

1. താഴെക്കാണുന്ന വാക്കുകൾ ശ്രദ്ധിക്കുക :—
   മൃഗശാല; ഉഗ്രമൃഗം; ഗാംഭീര്യം; വന്യമൃഗം; വൃക്ഷനിബിഡം; നിഷ്ഠ; മുൻപ്പടപ്പുകൾ; ശ്രവണശക്തി; സാന്നിദ്ധ്യം; മൃഗഗന്ധം. (കേട്ടെഴുതിക്കുക).
2. താഴെക്കാണുന്ന പദങ്ങൾക്കു വിപരീതാർത്ഥം കിട്ടാവുന്ന പദങ്ങൾ പറയുക :—
   ദുർഗ്ഗന്ധം; സാന്നിദ്ധ്യം; വൃക്ഷനിബിഡം; വന്യമൃഗം.
3. "കന്നുകാലികൾ സിംഹത്തിന്റെ സാന്നിദ്ധ്യം മണത്തറിയും." (കർത്താവ്, കർമ്മം, ക്രിയ, പറയുക).
4. സിംഹം ഇരയെ പിടിക്കുന്നതെങ്ങനെ?
5. സിംഹത്തിന്റെ ഭക്ഷണരീതി വിവരിക്കുക.
6. ഈ പാഠത്തിൽനിന്നും ആറു ക്രിയാപദങ്ങൾ തിരഞ്ഞെടുക്കുക.

പാഠം 10

തെങ്ങിൻ ചുവട്ടിലെ നിധി

നാട്ടിൻപുറത്തു ചെറുകിടയിൽപ്പെട്ട ഒരു കൃഷിക്കാരനായിരുന്നു തോമക്കുട്ടി. ഒരേക്കർ വിസ്തീർണ്ണമുള്ള തെങ്ങിൻതോപ്പും ചെറിയൊരു പുരയും മാത്രമേ തോമക്കുട്ടിക്കു സ്വത്തുണ്ടായിരുന്നുള്ളൂ. രാവിലെ എഴുന്നേറ്റാൽ പല്ലുതേപ്പും മറ്റും കഴിഞ്ഞു നേരേ തെങ്ങിന്റെ ചുവട്ടിൽ ചെല്ലും. കിളയും വളംചേർക്കലും മറ്റുമായി ഉച്ചവരെ പറമ്പിൽത്തന്നെയായിരിക്കും തോമക്കുട്ടി. അതിനിടയ്ക്കു് ഒരു കിണ്ണം കഞ്ഞിവെള്ളം അയാളുടെ ഭാര്യ മറിയാമ്മ പറമ്പിലേക്കു കൊണ്ടുകൊടുക്കും. അവിടെ നിന്നതന്നെ അതു മോന്തിക്കുടിക്കും. ഉച്ചയാകുമ്പോഴേ വീട്ടിലേക്കു മടങ്ങുകയുള്ളൂ.

വീട്ടിൽച്ചെന്നാൽ തോമക്കുട്ടി ഊണു കഴിക്കും; അല്പം വിശ്രമിക്കും. മണി നാലടിച്ചാൽ വീണ്ടും ചെല്ലും പറമ്പിലേക്കു്. ദേഹത്തിനു ശേഷിയുണ്ടായിരുന്നിടത്തോളംകാലം ഈ പരിപാടിതന്നെ നിത്യം തുടർന്നു പോന്നിരുന്നു തോമക്കുട്ടി.

നാലു് ആൺമക്കളുണ്ടായിരുന്ന തോമക്കുട്ടിക്കു്. അഞ്ചെട്ടു ക്ലാസ്സുവരെ നാലുപേരും ഒരു വിധത്തിൽ പഠിച്ചെത്തിച്ചു. അതിനുശേഷം പഠിപ്പു നിത്തി. എല്ലാവക്കും പ്രായപൂത്തി വന്നു; പക്ഷേ, ഒരു പണിയും ചെയ്യാറില്ല. രാവിലെ എഴുന്നേറ്റാൽ ബീഡി വലിക്കണം; ചായ കുടിക്കണം; മൂളിപ്പാട്ടു പാടി വീട്ടിനകത്തു് അവിടവിടെ ചുറ്റി നടക്കണം. പിന്നെ പുറത്തേയ്ക്കാന്നു പോകും. വല്ല കാപ്പിക്കടയിലോ മുറുക്കാൻ കടയിലോ ചെന്നിരുന്നു് നാട്ടുകാര്യങ്ങളുംപറഞ്ഞു് ഉച്ചവരെ കഴിച്ചുകൂട്ടും. പിന്നെ വീട്ടിൽവന്നു് ഊണുകഴിച്ചു സുഖമായിട്ടൊന്നുറങ്ങും. നാലു മണിയായാൽ കാപ്പികുടിച്ചു് വീണ്ടും പുറത്തേക്കിറങ്ങും. സന്ധ്യ മയങ്ങിയല്ലാതെ വീട്ടിൽ തിരിച്ചെത്തുക പതിവില്ല.

ഇങ്ങനെ, അച്ഛനും അമ്മയും അദ്ധ്വാനിച്ചും തനിക്കുതാൻ പോന്ന നാലു് ആൺമക്കൾ അലസജീവിതം നയിച്ചും കഴിഞ്ഞു പോന്നു. തോമക്കുട്ടിക്കു പരിശ്രമിക്കാൻ ശേഷി കുറയുന്തോറും പറമ്പിലെ ആദായവും കുറഞ്ഞുതുടങ്ങി. ആ നാലു പുത്രന്മാരും അതു മനസ്സിലാക്കാൻ മിനക്കെട്ടിരുന്നില്ല. അവരുടെ നിത്യ പരിപാടി നിർബ്ബാധം തുടരുകതന്നെ ചെയ്തു.

മൂന്നുനാലു കൊല്ലം ഇങ്ങനെ കഴിഞ്ഞുപോയി. തോമക്കുട്ടി രോഗഗ്രസ്തനായി. അന്ത്യകാലം അടുത്തു. മരിക്കാൻ ഇനി ഏതാനും നിമിഷങ്ങളേയുള്ളു എന്നു് അയാൾക്കു് മനസ്സിലായിരിക്കണം; മക്കളെ നാലുപേരെയും അടുത്തുവിളിച്ചു് ഇങ്ങനെ പറഞ്ഞു:

" ഞാൻ മരിക്കാറായി. നിങ്ങളാരും കൃഷിചെയ്യാൻ ശീലിച്ചിട്ടില്ല. ഇനി അതു സാധിക്കുമെന്നും തോന്നുന്നില്ല. ഒരു കരുതൽ ഞാൻ ചെയ്തിട്ടുണ്ടു്. തെങ്ങിന്റെ ചുവട്ടിൽ ഒരു നിധി കുഴിച്ചിട്ടിട്ടുണ്ടു്. ആരെങ്കിലും അറിഞ്ഞാൽ അതു തട്ടിക്കൊണ്ടുപോകും. ഒരാളോടും ആ രഹസ്യം പറയരുതു്. നിങ്ങൾക്കു കുഴിഞ്ഞുകൂടാൻ മറ്റു മാർഗ്ഗങ്ങളൊന്നും ഇല്ലാതെ വന്നാൽമാത്രം അതെടുത്താൽ മതി."

ഇത്രയും പറഞ്ഞപ്പോഴേയ്ക്കും അയാൾക്ക് വല്ലാത്ത ക്ഷീണമായി. പിന്നെ ഒന്നും സംസാരിക്കാൻ സാധിച്ചില്ല. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ തോമക്കുട്ടി മരിച്ചു.



തോമക്കുട്ടി മരിച്ചിട്ട് രണ്ടുമാസം കഴിഞ്ഞു. വളപ്പിലെ വരുമാനം വീട്ടിലെ ചെലവിനു മതിയാകാതായി. പ്രയത്നം ചെയ്യാത്ത പറമ്പിൽനിന്ന് എങ്ങനെ ആദായം കിട്ടും? ആ ചെറുപ്പക്കാക്ക് ക്ഷമയററ്റു. തെങ്ങിന്റെ ചുവട്ടിലുള്ള നിധിയെടുത്താൽ പിന്നെ വിഷമിക്കേണ്ടതില്ലല്ലോ! നാലുപേരുംകൂടി നിധി കഴിച്ചെടുക്കാൻതന്നെ ഒരുമ്പെട്ടു. മററാരും അറിയരുതെന്നു കരുതി, രാത്രിയാണ് അവർ നിധി കിളയ്ക്കാൻ തുടങ്ങിയതു്. അഞ്ചെട്ടു തെങ്ങിന്റെ ചുററുപാടും കിളച്ചു. ഒരു ഫലവുമുണ്ടായില്ല.

അടുത്ത ദിവസം പിന്നെയും കുറെ സ്ഥലം കിളച്ചു. നിധി ഒരിടത്തും കണ്ടില്ല. അലസജീവിതം ശീലിച്ച ആ യുവാക്കന്മാർ ഒരാഴ്ചകൊണ്ടു നല്ലവണ്ണം അദ്ധ്വാനിക്കാൻ പരിചയിച്ചു. വലിയൊരു നിധി കൊതിച്ചാണ് അവർ മിനക്കെട്ടതു്. അതു ഫലിച്ചില്ല. അവർക്കു വല്ലാത്ത ഇച്ഛാഭംഗം നേരിട്ടു. അപ്പോൾ

മറിയാമ്മ അവരെ ഇങ്ങനെ സമാധാനിപ്പിച്ചു: "വളപ്പു മുഴുവൻ കിളച്ചു കഴിഞ്ഞതാണല്ലോ! ഇനി കുറെ വെണ്ണീറും ചാണകവും തെങ്ങിന്റെ കടയ്ക്കലിട്ടാൽ തരക്കേടില്ല."

അമ്മയുടെ ഉപദേശം അവർ അനുസരിച്ചു. മാത്രമല്ല, ആ വളപ്പിൽ പുതുതായി പലതും കൃഷിചെയ്യാമെന്നും അവൾക്കു തോന്നി. അദ്ധ്വാനിക്കാൻ പരിചയം സിദ്ധിച്ചതുകൊണ്ടുണ്ടായ മാറ്റമാണതു്. ആങ്ങനെ ഒരു കൊല്ലം അദ്ധ്വാനിച്ചപ്പോൾ ആ വളപ്പിൽനിന്നു മുൻകൊല്ലത്തെ അപേക്ഷിച്ചു് പത്തിരട്ടി ആദായമുണ്ടായി.

അഭ്യാസം

1. താഴെപ്പറയുന്ന വാക്കുകൾ വാക്യങ്ങളിലുപയോഗിക്കുക :—
   അലസജീവിതം ; നിർബ്ബുദ്ധം ; രോഗഗ്രസ്തൻ ; ഇച്ഛാഭംഗം.
2. 'അദ്ധ്വാനം' എന്ന അർത്ഥത്തിൽ ഈ പാഠത്തിൽ ഉപയോഗിച്ചിട്ടുള്ള പദങ്ങൾ നോക്കി കണ്ടുപിടിക്കുക.
3. തോമക്കുട്ടിയുടെ നിത്യജീവിതരീതി വിവരിക്കുക.
4. തെങ്ങിൻചുവട്ടിലെ നിധിയെന്തായിരുന്നു?
5. "വീട്ടിൽച്ചെന്നാൽ തോമക്കുട്ടി ഉടനെ കഴിക്കും." ഈ വാക്യത്തിലെ നാമപദങ്ങൾ പറയുക.
6. ആൺമക്കൾ അലസജീവിതം നയിച്ചു. (കർത്താവു്, കർമ്മം, ക്രിയ എന്നിവ പറയുക.)

പാഠം 11

പൂക്കാലം

പൂക്കുന്നിതാമുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്ന തേന്മാവു, പൂക്കുന്നശോകം,
വായ്ക്കുന്ന വേലിക്കവൾ്ങ്ങൾ, പൂവാൽ
ചോക്കുന്ന കാടന്തിമേഘങ്ങൾ പോലെ



എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്ന തെക്കുന്ന വീശുന്ന വായു,
ഉല്ലാസമീ നീണ്ട "കൂ, കൂ" രവത്താ-
ലെല്ലാക്കുമേകുന്നിതേ കോകിലങ്ങൾ.

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയിത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാന്ദരിക്കൊത്തു പോകുന്ന വാനിൽ.

ചന്തം ധരയ്ക്കേറെയായ്, ശീതവുംപോ-
യന്തിക്കു പൂങ്കാവിലാളേറെയായി
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്ന വാദ്യങ്ങൾ—വന്നു വസന്തം!

അഭ്യാസം

1. കാട്ടിനു ചുവപ്പുനിറം ഉണ്ടാവാൻ കാരണമെന്തു്? ഏതുപോലെയാണു് കാടു് ചുവന്നതു്?
2. കാറ്റു് എന്തു ചെയ്യുകൊണ്ടാണു് വരുന്നതു്? എവിടെനിന്നാണു് വരുന്നതു്?
3. കയിലുകൾ എങ്ങനെയാണു് എല്ലാവരേയും സന്തോഷിപ്പിക്കുന്നതു്?
4. പാടങ്ങൾക്കു് സ്വർണ്ണവർണ്ണം ഉണ്ടാവാൻ കാരണമെന്തു്?
5. തത്തകൾ എന്താണു് ചെയ്യുന്നതു്?
6. ഭൂമിക്കു് ഭംഗി കൂട്ടുവാൻ കാരണങ്ങൾ എവ?
7. "പൂക്കാലം" എന്നതിനു പകരം വേറെ ഒരു പേരുകൊടുക്കുക.
8. ചേർത്തെഴുതുക:—

   കാടു്+അന്തി+മേഘങ്ങൾ.
   രവത്താൽ+എല്ലാക്കും+ഏകുന്നു+ഇതേ.
   പറന്നു+എത്തി+ഇതു+തത്ത+എല്ലാം.
   കൂടു്+ആന്നു+ദിക്കു്+ഓടുന്നു.
   പൂങ്കാവിൽ+ആൽ+ഏറെ+ആയി.

പാഠം 12

നമ്മുടെ ഭാരതഭൂമി

നമ്മുടെ മാതൃഭൂമിയാണു് ഭാരതം. ലോകത്തിൽ ചിലർ അമേരിക്കക്കാർ, റഷ്യക്കാർ, ചൈനാക്കാർ, ഇംഗ്ലീഷുകാർ എന്നൊക്കെ പറയുന്നില്ലേ? നമ്മളോടു ചോദിച്ചാൽ പറയേണ്ടതു് 'ഭാരതീയർ' എന്നാണു്. വടക്കു ഹിമാലയംമുതൽ തെക്കു കന്യാകുമാരിവരെയുള്ള ഭാരതീയരുടെ ജന്മഭൂമിയാണു് ഇന്ത്യ. അറബിക്കടലും ബങ്കാൾ ഉൾക്കടലുംകൊണ്ടു് ഹിന്ദുസമുദ്രം ചുവണ്ണക്കുട്ടിപിടിച്ചപോലെ ഭൂപടത്തിൽ കാണാവുന്ന കൊച്ചു വൻകര നമ്മുടെ ഭാരതമാണു്.

എന്തുകൊണ്ടാണ് നമ്മുടെ ഭാരതം എന്നു പറയുന്നതു്? കേരളീയരായ നാം മലയാളം സംസാരിക്കുന്നു. സഹ്യൻമല കടന്നു കിഴക്കോട്ടു ചെന്നാൽ തമിഴാണ് കേൾക്കുക. അവിടന്നു വടക്കോട്ടു നീങ്ങിയാൽ കണ്ണാടകവും, തെലുങ്കും കേൾക്കാം. വീണ്ടും വടക്കോട്ടു ചെന്നാൽ മറാത്തിയും, ഗുജറാത്തിയും, ഉർദുവും, ഒറിയായും, ഹിന്ദിയും, പഞ്ചാബിയും, കാശ്മീരിയും, ബംഗാളിയും, അസ്സാമിസ്സും, ഭാഷകളാണ് കേൾക്കുക. നമുക്ക് അവരോടോ, അവക്ക് നമ്മളോടോ സംസാരിക്കാൻ തെല്ലു വിഷമം തോന്നാം. ഇന്ത്യയ്ക്കു പുറത്തുള്ള ബർമ്മാക്കാരോടോ, ചൈനാക്കാരോടോ പെരുമാറുന്നതിനേക്കാൾ, ഇവരുടെ കാര്യത്തിൽ എന്താണ് വ്യത്യാസമെന്നു് ആരെങ്കിലും ചോദിക്കാൻ ധൈര്യപ്പെട്ടെങ്കിലോ?

ആ ചോദ്യത്തിനു് സമാധാനം പറയാം. ഭാഷ ഭിന്നമാണെങ്കിലും നമ്മെ കൂട്ടിയിണക്കുന്ന കണ്ണികൾ പലതുമുണ്ടു്. രണ്ടു മൂവായിരം കൊല്ലങ്ങളായി നാം ഒന്നുപോലെ പെരുമാറി ശ്ശീലിച്ചു. ദ്രാവിഡരും ആര്യന്മാരും ഒത്തുചേർന്നു നാം ഒരു കുടുംബക്കാരെപ്പോലെ കഴിഞ്ഞുപോന്നു. സംസ്കൃതത്തിലെഴുതിയ വിലപിടിച്ച ഗ്രന്ഥങ്ങളുടെ ഉള്ളടക്കം നമ്മളിൽ കാതലായ വിശ്വാസങ്ങളും, ആചാരങ്ങളും, ആദർശങ്ങളും അടിയുറപ്പിച്ചു. അങ്ങനെ പുലർത്തിയ കുറെ പൊതുവിശ്വാസങ്ങളും, ആചാരങ്ങളും, ആദർശങ്ങളും നമ്മെ കൂട്ടിയിണക്കുന്ന ചരടുകളാണ്.

സ്വർണ്ണംകൊണ്ടും, പ്ലാവിലകൊണ്ടും, കുഴതൽ (കരണ്ടി) കൊണ്ടും കോരിക്കുടിക്കുന്നതു് ഒരേ പഞ്ചസാരപ്പായസമാണെങ്കിൽ അതിന്റെ സ്വാദിനു മാറ്റമുണ്ടാകുമോ? ഇല്ലെന്നു് ആരും സമ്മതിക്കും. അക്കൂട്ടത്തിൽ ഭാരതത്തിൽ ഓരോരിടത്തു് ഓരോ ഭാഷയിൽ വിചാരിക്കുകയും വായിക്കുകയും പറയുകയും ചെയ്യുന്നുണ്ടെങ്കിലും, വിചാരവും വായനയും ഭാഷണവും എല്ലായിടത്തും ഏറെക്കുറെ ഒന്നുതന്നെയാണ്.

പൊടിപ്പും തൊങ്ങലും കൊണ്ടു വല്ല ചെറിയ വ്യത്യാസങ്ങളും അവിടവിടെ കണ്ടെന്നുവരാം. കല്യാണിക്കുട്ടി ഫ്രോക്കിട്ടാലും പാവാടയും ബ്ലൗസും ധരിച്ചാലും, തലമുടി മിടഞ്ഞി

ട്ടാലും കെട്ടിവെച്ചാലും എന്തെന്തു വ്യത്യാസം തോന്നുമോ അതു പോലെ, കണക്കാക്കിയാൽ മതി. ഏതു വേഷത്തിലായാലും കല്യാണിക്കുട്ടി കല്യാണിക്കുട്ടിതന്നെ. അതുപോലെ, ഏതു ഭാഷ സംസാരിച്ചാലും നാം ഭാരതീയർ തന്നെ.

കേരളീയരായ നമുക്കു ബംഗാളികളോടോ പഞ്ചാബികളോടോ വേഗം അടുക്കാം. ഇന്ത്യയ്ക്കു പുറത്തുള്ളവരോടു് അതുപോലെ ഇണങ്ങാൻ പ്രയാസമാണു്. പഞ്ചാബികളുടെ ഈശ്വരവിശ്വാസവും മതാനുഷ്ഠാനങ്ങളും നമ്മുടേതിൽനിന്നു വ്യത്യസ്തമായിരിക്കാം. എന്നാൽ, ഭാഷയും മതവും മാറ്റിനിർത്തിയാലും ഇരുകൂട്ടരും ഒരമ്മയുടെ മക്കളാണെന്നേ തോന്നുകയുള്ളു. വൈദ്യം പഠിച്ച ജ്യേഷ്ഠനും കൃഷിപ്പണിചെയ്യുന്ന അനുജനും രണ്ടു സ്ഥലത്തിരുന്നു രണ്ടു മാതിരിയിൽ പ്രവർത്തിച്ചാണു് പരിചയിക്കുന്നതു്. എന്നാൽ, അവർ ഒരമ്മയുടെ മക്കളല്ലേ? ഒന്നിച്ചിരുന്നും പെരുമാറുന്നില്ലേ? ഇന്ത്യയിലെ ഭിന്നമതക്കാരും ഭിന്നഭാഷക്കാരും തമ്മിലും ഇതേ അടുപ്പം തന്നെയാണു് തോന്നുക.

ഭാഷയിലും മതവിശ്വാസങ്ങളിലും ആചാരങ്ങളിലും അങ്ങിങ്ങു കുറേ വ്യത്യാസങ്ങളെല്ലാമുണ്ടായിട്ടും ചില പാരമ്പര്യങ്ങളും നമ്മളെ ഇണക്കുന്നു. ഇന്ത്യയ്ക്കു പുറത്തുള്ളവരോടില്ലാത്ത ഒരു മമത ഇന്ത്യയിലെ ഓരോ സംസ്ഥാനത്തുമുള്ളവർക്കു മറ്റു സംസ്ഥാനക്കാരോടു തോന്നുന്നു. എന്തുകൊണ്ടു്? വളരെക്കാലം അങ്ങോട്ടുമിങ്ങോട്ടും കൂടെക്കൂടെ സഞ്ചരിച്ചും തമ്മിൽ കണ്ടു പരിചയിച്ചും ഒരു വീട്ടുകാരാണെന്ന ബോധം വന്നുകഴിഞ്ഞു.

ഹിമാലയവും കടലുകളും അതിരിട്ടു തിരിച്ച ഭാരതത്തെ ഭിന്ന സസ്യങ്ങൾ നിറഞ്ഞ ഒരു തോട്ടംപോലെ കരുതിയാൽ മതി. തോട്ടത്തിൽ പ്ലാവും, മാവും, തെങ്ങും, കവുങ്ങും കാണാം. ഒരേ വെള്ളമാണു് എല്ലാ വൃക്ഷത്തിനേറെയും കടയ്ക്കലെത്തുന്നതു്. അതുപോലെ ഈശ്വരവിശ്വാസങ്ങളോ ആചാരങ്ങളോ ഭാഷയോ വ്യത്യസ്തമായാലും, ഈ ഭിന്നതകൾക്കിടയിലും നമ്മെ ഇണക്കാൻ പറ്റിയ കുറേ പൊതുവിശ്വാസങ്ങളും, ആചാരങ്ങളും ആദർശങ്ങളുമുണ്ടു്. അതിനു പറയുന്ന പേരാണു് 'സംസ്കാരം'. ആ സംസ്കാരമാണു് നമ്മെ ഭാരതീയരാക്കുന്നതു്.

അഭ്യാസം

1. താഴെ കാണുന്ന വാക്കുകൾ ശ്രദ്ധിക്കുക :—

   ജന്മഭൂമി; ഗ്രന്ഥം; ഈശ്വരവിശ്വാസം; മതാനുഷ്ഠാനം; പാരമ്പര്യം; മമത; വ്യത്യസ്തം. (കേട്ടെഴുതിക്കുക)

2. "തോട്ടത്തിൽ മാവും, പ്ലാവും, തെങ്ങും, കവുങ്ങും കാണാം." ഈ വാക്യത്തിലെ നാമപദങ്ങൾ പറയുക.

3. ഭൂപടത്തിൽ ഇന്ത്യയുടെ കിടപ്പെങ്ങനെ ?

4. ഇന്ത്യയ്ക്കു പൊതുവേ ചില ആചാരങ്ങളും ആദർശങ്ങളും വിശ്വാസങ്ങളും അടിയുറച്ചതെങ്ങനെ ?

5. പഞ്ചാബികളോടുള്ള അടുപ്പം നിങ്ങൾക്ക് ബമ്മാക്കാരോട് തോന്നാത്തതെന്തുകൊണ്ട് ?

6. ഇന്ത്യയിലെ ഏതെങ്കിലും ആറു ഭാഷകൾ പറയുക.

പാഠം 13

ബുദ്ധിമാനായ രാജേന്ദ്രൻ

രാജേന്ദ്രൻ എന്നൊരു കോടീശ്വരനുണ്ടായിരുന്നു. വാർദ്ധക്യകാലത്താണ് അദ്ദേഹത്തിനു് ഒരു പുത്രൻ ജനിച്ചതു്. കുട്ടിക്കു് രവി എന്നു പേരിട്ടു. രവിക്കു മൂന്നു വയസ്സായപ്പോൾ, അമ്മ മരിച്ചു. അങ്ങനെ രാജേന്ദ്രന്റെ ചുമതല വർദ്ധിച്ചു. അപാരമായ സ്വത്തുണ്ടു്. അതു ഭരിക്കേണ്ട ഭാരത്തിനു പുറമേ, മൂന്നു വയസ്സായ ഏകപുത്രനെ ശ്രദ്ധിച്ചു് വളർത്തേണ്ട ചുമതലകൂടി ആ വൃദ്ധനു വഹിക്കേണ്ടിവന്നു. വലിയ ആശങ്കയും അദ്ദേഹത്തെ ബാധിച്ചു. കുട്ടിക്കു പ്രായപൂർത്തി വരുമ്മുമ്പേ താൻ മരിച്ചെങ്കിലോ ? അതായിരുന്നു ആശങ്ക. ഒരു ദിവസം രാജേന്ദ്രപ്രഭു തന്റെ വക്കീലായ നരസിങ്ങനുമായി ഈ വിഷയത്തെപ്പറ്റി സംസാരിച്ചു.

രാജേന്ദ്രൻ:—''എനിക്ക് ഒരു സമാധാനവുമില്ല, വക്കീൽ.''

നരസിങ്ങൻ:—''എന്താണ് സമാധാനക്കേട് ?''

രാജേ:—''എന്റെ കുട്ടി രവിക്ക് ആരുണ്ട് ആശ്രയം ? ഞാനാണെങ്കിൽ കഴിയിലേയ്ക്കു കാൽനീട്ടിയിരിക്കയാണ്.''

നര:—''അവിടുന്ന് എന്തിനു വ്യസനിക്കുന്നു ? ഈ കണ്ട സ്വത്തെല്ലാം രവിക്കുള്ളതല്ലേ ?''

രാജേ:—''സ്വത്താണ് എനിക്കു സമാധാനം തരാത്തത്. നാളെ ഞാൻ മരിച്ചാൽ ആരുണ്ട് പിന്നെ അതു നോക്കി നിലനിത്താൻ ?''

നര:—''അവിടേക്കു വിശ്വാസമുള്ള ഒരാളെ രവിയുടെ രക്ഷാകർത്താവായി ഏർപ്പെടുത്തണം. രവിക്കു പ്രായമാകുന്നതുവരെ അയാൾ സ്വത്തു ഭരിക്കും.''

രാജേ:—''എന്നാൽ വക്കീൽതന്നെ ആ ഭാരം ഏല്ക്കട്ടെ. എനിക്കു മറ്റാരെയും വിശ്വാസമില്ല.''

നര:—''അതിനു വിരോധമില്ല. അതു ചെയ്യാൻ കടപ്പെട്ടവനാണ് ഞാൻ.''

രാജേ:—''എന്നാൽ ഒരു മരണപത്രിക തയ്യാറാക്കു. രവിക്കു പ്രായപൂർത്തി വരുമ്മുമ്പേ ഞാൻ മരിച്ചാൽ വക്കീൽ രക്ഷാകർത്താവായിരിക്കുക. പ്രായം തികയുമ്പോൾ വക്കീലിനു് ഇഷ്ടമുള്ള സ്വത്തു് രവിക്കു കൊടുക്കുക. വക്കീൽ ന്യായംപോലെ പ്രവർത്തിക്കുമെന്നു് എനിക്കു പൂർണ്ണബോദ്ധ്യമുണ്ട്.''

പറഞ്ഞതുപോലെ നരസിങ്ങൻ മരണപത്രിക തയ്യാറാക്കി. രാജേന്ദ്രപ്രഭു അതിൽ ഒപ്പും വച്ചു. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം മരിച്ചു. അന്നു രവിക്കു പത്തു വയസ്സായിരുന്നു പ്രായം. പതിനെട്ടുവയസ്സുവരെ രവി വക്കീലിന്റെ രക്ഷാകർത്തൃത്വത്തിൽ കഴിഞ്ഞു. കോടീശ്വരന്റെ മകനായി ജനിച്ചവൻ കണ്ണീരും കയ്മയായിട്ടാണ് ആ എട്ടുകൊല്ലം കഴിച്ചുകൂട്ടിയതു്.

പതിനെട്ട തികഞ്ഞപ്പോൾ രവി അച്ഛന്റെ സ്വത്തുക്കൾ ആവശ്യപ്പെട്ടു. വക്കീൽ വേഗം ആയിരം രൂപയെടുത്തു കൈയിൽ കൊടുത്തു. രവിയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. തേങ്ങിക്കരഞ്ഞുകൊണ്ട് ആ യുവാവ് ചോദിച്ചു: "എന്റെ അച്ഛന്റെ സ്വത്തിൽ പകുതിയെങ്കിലും എനിക്കു തന്നുകൂടേ?"

ഈ ചോദ്യം വക്കീലിനു രസിച്ചില്ല. "എനിക്കിഷ്ടമുള്ളതു തരാനേ മരണപത്രികയിൽ വ്യവസ്ഥയുള്ളൂ. വേണമെങ്കിൽ ഈ ആയിരം രൂപ എടുത്തുകൊള്ളൂ. വേണ്ടെങ്കിൽ അവിടെ വച്ചേക്കൂ."

രവി അതു വാങ്ങിയില്ല. അവൻ പല അഭിഭാഷകരേയും ചെന്നുകണ്ടു. ആർക്കും അവനെ രക്ഷിക്കാൻ ഒരു യുക്തിയും തോന്നിയില്ല. മരണപത്രികയിലെ വ്യവസ്ഥ നരസിങ്ങനു് അനുകൂലമാണു്. പിന്നെ അവർ എന്തുചെയ്യും?

അക്കാലത്തു് ശേഖർ എന്നു പേരായി പ്രസിദ്ധനായ ഒരു വക്കീലുണ്ടായിരുന്നു. രവി അദ്ദേഹത്തെ സമീപിച്ചു് സങ്കടം പറഞ്ഞു. കുട്ടിയുടെ ദയനീയാവസ്ഥയിൽ ശേഖറിനു് അലിവു തോന്നി. ഫീസൊന്നും വാങ്ങാതെ രവിക്കുവേണ്ടി കോടതിയിൽ കേസ്സുനടത്താൻ അദ്ദേഹം ഏറ്റു.

കേസ്സു് കോടതിയിൽ വിചാരണ തുടങ്ങി. ശേഖർ കോടതിയെ ഇങ്ങനെ ബോധിപ്പിച്ചു:

"രാജേന്ദ്രൻ വളരെ ബുദ്ധിമാനായിരുന്നു. അതുകൊണ്ടുതന്നെയാണു് കോടീശ്വരനായതും. മരണപത്രിക ബുദ്ധിപൂർവ്വം തയ്യാറാക്കീട്ടുള്ളതാണു്. സ്വത്തു ഭരിക്കുന്നവൻ അതു് അപഹരിക്കാതിരിക്കാനുള്ള മുൻകരുതലാണു് നാം അതിൽ കാണുന്നതു്."

ജഡ്ജി:—"നരസിങ്ങനു് ഇഷ്ടമുള്ള സ്വത്തു രവിക്കു കൊടുക്കാനല്ലേ മരണപത്രികയിലെ വ്യവസ്ഥ?"

ശേഖർ:—"അതെ."

ജഡ്ജി:—"ഇഷ്ടമുള്ള സ്വത്താണ് ആയിരം രൂപ. അതു കൊടുക്കാൻ നരസിങ്ങൻ ഒരുക്കമാണ്."

ശേഖർ:—"നരസിങ്ങൻ സ്വന്തമായി കയ്യിൽ വച്ചിട്ടുള്ളതാണല്ലോ വാസ്തവത്തിൽ അദ്ദേഹത്തിനു് ഇഷ്ടമുള്ള സ്വത്തു്. അതു് എടുത്തുവെച്ചു് ശേഷമുള്ളതാണു് ആയിരം രൂപ് ഇഷ്ടമുള്ള സ്വത്തു് സ്വന്തമാക്കാനല്ല, മകനു കൊടുക്കാനാണു് മരണപത്രികയിൽ വ്യവസ്ഥ. മകനെ വഞ്ചിക്കാതിരിക്കാൻ വേണ്ടി ബുദ്ധിയുള്ള അച്ഛൻ ഏർപ്പെടുത്തിയ വ്യവസ്ഥയാണിതു്."



ശേഖറിന്റെ വാദം കോടതിക്കു ബോദ്ധ്യമായി. ആയിരം രൂപ കഴിച്ചുള്ള സ്വത്തെല്ലാം രവിക്കു കൊടുക്കാൻ ജഡ്ജി വിധി പ്രസ്താവിച്ചു. വക്കീൽ ശേഖറിനു് ഫീസായി പതിനായിരം രൂപയും, ഒരു നിർദ്ദോഷിയായ കുട്ടിയെ വഞ്ചിക്കാൻ ശ്രമിച്ചതിനു പിഴയായി മൂവായിരം രൂപയും നരസിങ്ങന്റെ പക്കൽനിന്നും കോടതി ഈടാക്കി.

അഭ്യാസം

1. വാകൃത്തിൽ പ്രയോഗിക്കുക:—
   കഴിയിലേയ്ക്കു കാൽനീട്ടുക; കണ്ണീരും കയ്യും; ദയനീയാവസ്ഥ; ഇടാക്കുക.

2. ഈ പാഠത്തിൽനിന്നു് ആറു ക്രിയാപദങ്ങൾ തിരഞ്ഞെടുക്കുക.

3. രാജേന്ദ്രന്റെ മാണപത്രികയിലെ വ്യവസ്ഥയെന്തായിരുന്നു?

4. വക്കീൽ ശേഖർ രവിക്കു് പൈതൃകമായ സ്വത്തു വാങ്ങിക്കൊടുത്തതെങ്ങനെ?

5. രാജേന്ദ്രനെ ബുദ്ധിമാൻ എന്നു പറയുവാൻ കാരണമെന്തു്?

പാഠം 14

അവസാനിക്കാത്ത കാഴ്ചകൾ

അന്നു് അച്ഛന്റെ പിറന്നാളായിരുന്നു. നാലുദിവസത്തെ അവധിയിൽ ഇളയച്ഛനും എത്തി. അതു് പതിവിൽക്കവിഞ്ഞ സന്തോഷത്തിനു കാരണമായി. ഊണുകഴിഞ്ഞു്, ഇളയച്ഛൻ പുറപ്പെട്ടപ്പോൾ എന്നെ വിളിച്ചു് ഇങ്ങനെ പറഞ്ഞു: "കുട്ടന്റെ പരീക്ഷ കഴിഞ്ഞിരിക്കയാണല്ലോ. എന്റെ കൂടെ പോരൂ."

എനിക്കുണ്ടായ സന്തോഷം ചില്ലറയല്ല. കൊച്ചിത്തുറമുഖം കണ്ടു കാണാൻ കൊതിച്ചുതുടങ്ങീട്ടു കുറേ ദിവസങ്ങളായിരിക്കുന്നു! സ്കൂൾ മുടക്കവും ഇളയച്ഛന്റെ വരവും ഇണങ്ങിക്കിട്ടാറില്ല അങ്ങനെ, ആ ആഗ്രഹം സാധിക്കാതെ കിടക്കയായിരുന്നു. "രോഗി ഇച്ഛിച്ചതും പാലു്; വൈദ്യൻ കല്പിച്ചതും പാലു്". പിന്നെ താമസമുണ്ടായില്ല. പത്തു മിനുട്ടുകൊണ്ടു് ഞാൻ ഉടുപ്പെല്ലാം ഒരുക്കി യാത്രയ്ക്കു തയ്യാറായി. ഉച്ചയ്ക്കു രണ്ടു മണിക്കു

ഞങ്ങൾ പുറപ്പെട്ടു. കാർ വളരെ വേഗം പാഞ്ഞു. സന്ധ്യയ്ക്കു മുമ്പായി ഞങ്ങൾ വില്ലിങ്ടൺ ദ്വീപിൽ, ഇളയച്ഛൻ താമസിക്കുന്ന കൊച്ചുബംഗ്ലാവിൽ എത്തി.

ബംഗ്ലാവിന്റെ മുറ്റത്തുനിന്നു് ഞാൻ നാലു വശത്തേക്കും ഒന്നു കണ്ണോടിച്ചു. പച്ചപ്പുല്ലു വിരിച്ച വിശാലമായ ഒരു മൈതാനം; അവിടവിടെ ചെറിയ ബംഗ്ലാവുകൾ; കുറെ കെട്ടിടങ്ങൾ വേറെയും കാണാനുണ്ടു്. നാലു പുറവും കായലാണു്. അതിൽ കുറെ കപ്പലുകൾ നങ്കൂരമടിച്ചു നില്ക്കുന്നു. ഒന്നുരണ്ടെണ്ണം നീങ്ങുന്നതും കണ്ടു. ബോട്ടു്, വഞ്ചി മുതലായവ എത്രയെന്നു് എണ്ണിത്തിട്ടപ്പെടുത്താൻ സാധിച്ചില്ല. അപ്പോഴേയ്ക്കും ഇളയച്ഛൻ കാപ്പികുടിക്കാൻ അകത്തേയ്ക്കു വിളിച്ചു.

"കാപ്പികുടിക്കാൻ വിളിച്ചതു് കുട്ടനു സങ്കടമായി; അല്ലേ?" ഇളയച്ഛൻ ചോദിച്ചു. ഞാൻ ഒന്നും പറഞ്ഞില്ല. "സങ്കടപ്പെടേണ്ട; നാളെ രാവിലെ എല്ലാം കാണിച്ചുതരാം. ഇപ്പോൾ സന്ധ്യയായല്ലോ! ഈ വില്ലിങ്ടൺ ദ്വീപും കൊച്ചിന്റെ മുഖവും ഉണ്ടായ കഥ കുട്ടൻ കേട്ടിട്ടുണ്ടോ?"

ഈ ചോദ്യം കേട്ടപ്പോൾ എനിക്കു് ഉത്സാഹമായി. ഇളയച്ഛൻ കഥ തുടങ്ങി:

"പതിനാലാം നൂറ്റാണ്ടിൽ ഒരു കൊല്ലം ശക്തിയായി ഒരു വെള്ളപ്പൊക്കമുണ്ടായി. അതിനുശേഷമാണു് ഇവിടെ കപ്പലുകൾക്കു് അടുക്കാൻ അല്പം സൗകര്യം ലഭിച്ചതു്. ഈ ദ്വീപിനു ചുറ്റുപാടും വെള്ളം കാണുന്നില്ലേ? അതാണു് കൊച്ചിക്കായൽ. വെള്ളപ്പൊക്കംമൂലം കൊച്ചിക്കായലിൽ കപ്പലുകൾക്കു കടന്നുവരാൻ വേണ്ട വെള്ളം കഷ്ടിച്ചൊത്തുകിട്ടി. എന്നാൽ വലിയ കപ്പലുകൾക്കു് പ്രവേശിക്കുവാൻ സാധിച്ചിരുന്നില്ല. അതിനുള്ള സൗകര്യങ്ങൾ അടുത്ത കാലത്താണു് ഉണ്ടായതു്."

എന്റെ ജിജ്ഞാസ വർദ്ധിച്ചു തുടങ്ങി. ഞാൻ ചോദിച്ചു: "എന്താണു് സൗകര്യം ചെയ്തതു്?" ഇളയച്ഛൻ കഥ തുടർന്നു:

"അത കഥയാണ് കേൾക്കേണ്ടത്. മണ്ണ് മാന്തിയെടുക്കാനുള്ള ഒരുതരം കപ്പലുണ്ട്. അതുകൊണ്ട് മണ്ണുകോരി. 'ഒരു വെടിക്കു രണ്ടു പക്ഷി' എന്നതുപോലുള്ള മെച്ചമാണ് തന്മൂലം നേടിയത്. കായലിനു വേണ്ടത്ര ആഴം കിട്ടി; കോരിയെടുത്ത മണ്ണുകൊണ്ട് ഈ ദ്വീപിനു വിസ്താരം വർധിപ്പിക്കുവാനും സാധിച്ചു."

"നല്ല വിദ്യ", ഞാൻ ഉത്സാഹത്തോടെ പറഞ്ഞു. ഇളയച്ഛൻ തുടർന്നു: "ബുദ്ധിയുള്ളവർ അങ്ങനെയാണ് ചെയ്യുക. ഇപ്പോൾ ഏതു വലിയ കപ്പലും ഈ കായലിനകത്തു വരും. ധാരാളം കപ്പലുകൾക്കു നില്ക്കാനും സ്ഥലം ഉണ്ട്. കൊടുങ്കാറ്റോ തിര മാലകളുടെ ശല്യമോ ഭയപ്പെടാനില്ല. ദ്വീപിനു വിസ്താരം കൂടി യതിനാൽ, തുറമുഖത്തിനു വേണ്ട മറ്റു സൗകര്യങ്ങളും ഉണ്ടാ ക്കാൻ സ്ഥലമായി. നാളെ തുറമുഖം കാണുമ്പോൾ മനസ്സിലാ ക്കാം അതു സൗകര്യങ്ങൾ."

പിറ്റേ ദിവസം ഇളയച്ഛൻ തുറമുഖം കാണിച്ചുതന്നു. കപ്പലിൽനിന്നു ചരക്കുകൾ ഇറക്കുന്ന കാഴ്ച കാണാൻ രസമുണ്ട്. കൊടിമരംപോലെ പൊക്കത്തിൽ 'ക്രെയിൻ' എന്നൊരു സാധ നമുണ്ട്. അതിന്റെ ശിഖരത്തിൽ ഒരു കൈ കാണാം. ഈ കൈ കപ്പലിലേക്കടുപ്പിക്കും. ചരക്കുകെട്ടുകൾ അതിൽ കൊളുത്തും. ഉടനെ കൈ കരയിലേക്കു തിരിഞ്ഞു താഴും. എത്ര ഭാരമേറിയ സാധനവും ഇങ്ങനെ, വളരെ വേഗം കരയ്ക്കിറക്കാം.

കപ്പലിനകത്തും ഞാൻ കടന്നുനോക്കി. രണ്ടും മൂന്നും നാലും നിലകളിലായി അതിനകത്തു ധാരാളം മുറികളുണ്ട്. ഭക്ഷണം പാകം ചെയ്യാനും കുളിക്കാനും ഉറങ്ങാനും സാമാനങ്ങൾ വയ്ക്കാനും അതിനകത്തു സൗകര്യങ്ങളുണ്ട്. ഓരോ കപ്പലും ഓരോ വലിയ ബംഗ്ലാവുപോലെയിരിക്കും.

വില്ലിങ്ടൺ ദ്വീപിൽ കപ്പൽ മാത്രമല്ല കാണാനുള്ളത്. എറണാകുളവും ഈ ദ്വീപും തമ്മിൽ വലിയൊരു പാലം കൊണ്ട് ബന്ധിച്ചിട്ടുണ്ട്. അതിൽക്കൂടി തീവണ്ടിയും മോട്ടോർ

വാഹനങ്ങളും സഞ്ചരിക്കും. തുറമുഖത്തുനിന്നു് തീവണ്ടി കയറാം. അഥവാ, ആകാശത്തുകൂടി യാത്ര ചെയ്യണമെങ്കിൽ, വിമാനത്തിലും കയറാം. അങ്ങനെ കര, വെള്ളം, ആകാശം എന്നീ മൂന്നു മാർഗ്ഗങ്ങളിൽക്കൂടിയും സഞ്ചരിക്കാൻ ഇവിടെ വന്നാൽ സാധിക്കും. ബോംബയ്ക്കു പോകുന്ന വിമാനവും മംഗലാപുരത്തേയ്ക്കു പോകുന്ന തീവണ്ടിയും ഞാൻ കണ്ടു. കപ്പലിൽ സാമാനം കയറ്റുന്നതും, ബോട്ടിൽ ആളുകൾ യാത്രചെയ്യുന്നതും മോട്ടോർ ലോറിയിൽ മണ്ണുകൊണ്ടുവന്നിറക്കി വില്ലിങ്ടൺ ദ്വീപിനു വിസ്താരം കൂട്ടുന്നതും, കപ്പലിൽനിന്നു കഴൽമാർഗ്ഗം എറണാകുളത്തേയ്ക്കു പെടോൾ ചാമുന്നതും മറ്റും കാണേണ്ട കാഴ്ചകളാണു്. ദ്വീപിൽ നിന്നു പടിഞ്ഞാട്ടു നോക്കിയാൽ കൊച്ചി കാണാം. അങ്ങോട്ടു പോകാനും പാലം കെട്ടീട്ടുണ്ടു്. ഒരാഴ്ച കണ്ടാലും അവസാനിക്കാത്ത കാഴ്ചകളുണ്ടു് വില്ലിങ്ടൺ ദ്വീപിൽ.

അഭ്യാസം

1. വാക്യത്തിൽ പ്രയോഗിക്കുക :—

   (എ) "രോഗി ഇച്ഛിച്ചതും പാലു്; വൈദ്യൻ കല്പിച്ചതും പാലു്."
   (ബി) "ഒരു വെടിക്കു രണ്ടു പക്ഷി."

2. ഇളയച്ഛൻ തുറമുഖം കാണിച്ചതെന്തു. (കർത്താവു്, കർമ്മം, ക്രിയ പറയുക)

3. വില്ലിങ്ടൺ ദ്വീപിലെ കാഴ്ചകൾ വിവരിക്കുക.

4. കൊച്ചിക്കായലിൽ കപ്പലുകൾക്കു പ്രവേശിക്കാൻ ചെയ്ത സൗകര്യങ്ങളെന്തെല്ലാം ?

5. രണ്ടും മൂന്നും ചോദ്യങ്ങളിലെ വാക്യങ്ങളിൽ കാണുന്ന നാമപദങ്ങളും ക്രിയാപദങ്ങളും ഏവ ?

പാഠം 15

മരപ്പാവകൾ

മാരുതസഞ്ചാരമെല്ലാമടങ്ങുക
കാരണം ദാരുണമായ ദശാന്തരേ

കൊത്തിച്ചമച്ച മരപ്പാവകൾപോലെ
മർത്ത്യജനങ്ങൾക്കിളക്കമില്ലാതെയായ്.

ഉണ്ടിരിക്കുന്നവൻ വായും തുറന്നങ്ങു
മിണ്ടാതിരുന്നാനരുളയും കൈക്കൊണ്ടു;

മുണ്ടുടുക്കുന്നവൻ രണ്ടുകരംകൊണ്ടു
മുണ്ടും ഞൊറിഞ്ഞു പിടിച്ചു നിന്നീടുന്നു.

കഞ്ഞികോരിക്കുടിപ്പാൻ തുടങ്ങുന്നവൻ
മുഞ്ഞിയും താഴ്ത്തീടനങ്ങാതിരിക്കുന്നു.

പാട്ടുപാടുന്നവൻ കൈയും ചെവിക്കൽവ-
ച്ചൊട്ടുവായും പിളർന്നങ്ങനെ നില്ക്കുന്നു.

എത്രയും വിസ്മയം സർവ്വ ജനങ്ങളും
ചിത്രമെഴുതിയപോലെ കാണായ്വന്നു.

ധ്രുവചരിതം] [കഞ്ചൻ നമ്പ്യാർ.

അഭ്യാസം

1. ജനങ്ങൾ കൊത്തിവച്ച പാവകൾപോലെ ആവാൻ കാരണമെന്തു് ?
2. ധ്രുവൻ എന്തിനാണു് തപസ്സു ചെയ്തതു് ? തപസ്സിന്റെ ഫലം എന്തായിരുന്നു ?
3. ചേർത്തെഴുതുക :—

   സഞ്ചാരം+എല്ലാം+അടങ്ങുക ; കൊത്തി+ചമച്ച+മരം + പാവകൾ; താഴ്ത്തിട്ടു് + അനങ്ങാതെ + ഇരിക്കുന്നു.

4. പിരിച്ചെഴുതുക :—

   ജനങ്ങൾക്കിളക്കമില്ലാതെയായ് ; മിണ്ടാതിരുന്നാൻ ; ചെവിക്കൽവച്ചൊട്ടുവായുംപിളർന്നു.

(ഇതു നിങ്ങൾ അഭിനയിക്കണം. നന്നാലു കൂട്ടികളായി ഇതിൽ വർണ്ണിച്ച ഓരോരുത്തരെപ്പോലെ അനങ്ങാതിരിക്കണം.)

പാഠം 16

കുഞ്ഞിച്ചന്ത

വടക്കേ മലബാറിൽ പണ്ടു് മാതുക്കുട്ടി എന്നൊരു സുന്ദരിയുണ്ടായിരുന്നു. തച്ചോളി ഒതേനന്റെ മരുമകൻ കുഞ്ഞിച്ചന്തുവാണു് അവളെ വിവാഹം ചെയ്തതു്. ഒരു ദിവസം അമ്പലത്തിൽ തൊഴാൻ ചെന്നപ്പോൾ കണ്ടർമേനോൻ എന്നൊരാൾ അവളെ കാണാനിടയായി. മേനോനു് മാതുക്കുട്ടിയെ വിവാഹം ചെയ്യണമെന്നു തോന്നി. ഉടനെ അവളെ തന്റെ പല്ലക്കിൽ കയറ്റാനാണു് മേനോൻ ഭൃത്യന്മാർക്കു കല്പന കൊടുത്തതു്.

ആ ഭൃത്യന്മാർ അവളെപ്പററി അന്വേഷിച്ചു. തച്ചോളിച്ചന്തു വിന്റെ ഭാര്യയാണെന്നറിഞ്ഞപ്പോൾ, അവക്കു് അടുക്കാൻ ധൈര്യമുണ്ടായില്ല. എന്നാൽ, മേനോൻ അടങ്ങിയില്ല; നേരിട്ടുചെന്നു് അവളെ ബലംപ്രയോഗിച്ചു് പല്ലക്കിലിട്ടു. രാവണൻ പണ്ടു സീതയെ അപഹരിച്ചതുപോലെ, കണ്ടർമേനോൻ മാതുക്കുട്ടിയെ തന്റെ തുളുനാടൻ കോട്ടയിലേയ്ക്കു് കൊണ്ടുപോയി.



മാതുക്കുട്ടിയെ കണ്ടർമേനോൻ അപഹരിച്ച വാർത്ത കാട്ടുതീപോലെ പരന്നു. വിവരം കേട്ടു് ചന്തു അമ്പരന്നു. തുളുനാടൻ കോട്ട പിടിച്ചടക്കുക പ്രയാസമാണു്. ചന്തുവിന്റെ അമ്മാമൻ ഒതേനൻപോലും മുട്ടുകുത്തിയ സ്ഥലമാണതു്. എന്നാൽ ഈ അനീതി എങ്ങനെ പൊറുക്കും? രാക്ഷസന്മാരുടെ അടവല്ലേ മേനോൻ പ്രയോഗിച്ചതു്? ഒരു കൈ നോക്കാൻതന്നെ ചന്തു തീരുമാനിച്ചു.

പോരിനുള്ള ചമയങ്ങളെല്ലാം ചന്തു മാറാപ്പിലാക്കി. ആ മാറാപ്പും ചുമന്നുകൊണ്ടു്, ഒരു സന്ന്യാസിയുടെ വേഷത്തിൽ, ചന്തു കോട്ടവാതില്ക്കൽ എത്തി. കാവല്ക്കാർ സന്ന്യാസിയെ അകത്തേയ്ക്കു വിട്ടില്ല. അപ്പോഴേയ്ക്കും മേനോൻ നേരിട്ടു വന്നു.

അയാൾ പല ചോദ്യങ്ങളും സന്ന്യാസിയോട് ചോദിച്ചു. മറുപടി കേട്ടപ്പോൾ കുഴപ്പക്കാരനല്ലെന്നാണ് തോന്നിയതു്. ഉടനെ കോട്ടയ്ക്കകത്തേയ്ക്കു കടത്തുകയും ചെയ്തു.

മാതുക്കുട്ടി മാളിക മുകളിലിരുന്ന സന്ന്യാസിയെ കണ്ടു, ആൾ ആരെന്നു് മനസ്സിലാക്കുകയും ചെയ്തു. സന്ന്യാസി അകത്തു വന്നിരുന്ന പുകവലിക്കാൻ തുടങ്ങി. കോട്ട മുഴുവൻ പുക കൊണ്ടു നിറഞ്ഞു. മേനോനു് സന്ന്യാസിയുടെ മാഹാത്മ്യത്തിൽ വിശ്വാസം ജനിച്ചു. വളരെ ഭക്തിയോടെ അദ്ദേഹത്തെ സല്ക്കരിച്ചു. ഊണുകഴിഞ്ഞു് സന്ന്യാസി കുറച്ചുനേരം പാടി. മേനോനു് വളരെ രസിച്ചു. സന്ന്യാസിക്കു കിടന്നുറങ്ങാൻ അകത്തുതന്നെ സൗകര്യം ചെയ്തുകൊടുത്തു. മേനോൻ മുകളിലേയ്ക്കും പോയി.

അന്നും പതിവുപോലെ എല്ലാ ആയുധങ്ങളും ഒരുക്കിവച്ചാണു് മേനോൻ ഉറങ്ങാൻ കിടന്നതു്. ഉറക്കമായപ്പോൾ മാതുക്കുട്ടി ആയുധങ്ങളൊക്കെ മാറ്റിവച്ചു. തോക്കുകളിൽ വെള്ളമൊഴിക്കുകയുംചെയ്തു.

ഇതിനിടയിൽ ചന്തുസ്സന്ന്യാസി പടക്കോപ്പുകളണിഞ്ഞു നേരേ മാളികമുകളിലേക്കാണു് നടന്നതു്. പക്ഷേ, എന്തു ചെയ്യും? ഇരുമ്പു വാതിലുകൾ അടച്ചിട്ടിരിക്കുന്നു. അദ്ദേഹം പരദൈവങ്ങളെ പ്രാർത്ഥിച്ചു. അതോടുകൂടി ഒന്നു മയങ്ങി. പെട്ടെന്നു് ഒരു സ്വപ്നം കണ്ടു. വാതിലുകൾ തുറന്നുവച്ചിട്ടുണ്ടെന്നും ആയുധങ്ങൾ മാറ്റിട്ടുണ്ടെന്നുമായിരുന്നു സ്വപ്നം. ചന്തു തട്ടിപ്പിടഞ്ഞെഴുന്നേറ്റു് ചുരികമുനകൊണ്ടു് വാതിൽപ്പഴുതിൽ തള്ളിനോക്കി. തഴുതുകൾ താനേ മുറിഞ്ഞു; വാതിലുകൾ തുറന്നു. മേനോന്റെ മുറിയിലെത്തി ചന്തു. മേനോൻ ഉറക്കമാണു്.

ചന്തു അടുത്ത മുറിയിലേക്കു് കടന്നു. അവിടെ മാതുക്കുട്ടി തയ്യാറായി നില്ക്കുകയാണു്. അവളെ വേഗം താഴത്തെ നിലയിലേയ്ക്കു കൊണ്ടുപോയി ഒരു ചാക്കിലാക്കി കട്ടിലിന്റെ തലയ്ക്കൽവച്ചു.

നേരം പുലർന്നു. മേനോൻ ഉണർന്നു. മാതുക്കുട്ടിയെ കാണാനില്ല. മാത്രമല്ലാ കോട്ടയിലെ പട്ടാളമെല്ലാം നശിച്ചതായും

കണ്ടു. മേനോനു് സന്ന്യാസിയെക്കുറിച്ചായി സംശയം. പക്ഷേ, ചന്തു എല്ലാ വിവരവും പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. ചാക്കു തുറന്നു മാതുക്കുട്ടിയേയും കാട്ടിക്കൊടുത്തു. ഇനി എന്തുചെയ്യും? മേനോൻ ഒന്നു പൊരുതിനോക്കി. ചന്തുവിന്റെ വെട്ടേറു് അയാൾ ഒമ്പതു മുറിയായി വീണു. അങ്ങനെ ഒരു രാത്രികൊണ്ടു്, ധീരനായ ചന്തു ആ തുളുനാടൻകോട്ട അധീനമാക്കി തന്റെ പത്നിയെ വീണ്ടെടുത്തു.

അഭ്യാസം

1. താഴെപ്പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക :—
   കാട്ടുതീ; മാഹാത്മ്യം; പടക്കോപ്പണിയുക. (കേട്ടെഴുതിക്കുക)
2. ഭൃത്യന്മാർ അവളെ അന്വേഷിച്ചു. (കർത്താവു്, കർമ്മം, ക്രിയ പറയുക)
3. ചന്തു കണ്ടർമേനോന്റെ കോട്ടയിൽ കടന്നതെങ്ങനെ?
4. ചന്തു തുളുനാടൻ കോട്ട കീഴടക്കിയതെങ്ങനെ?

പാഠം 17

ശ്രീയേശു

പാലസ്തീനിലെ നസ്രേത്തു് എന്ന സ്ഥലത്തു് പണ്ടു മറിയം എന്നൊരു സ്ത്രീയുണ്ടായിരുന്നു. ഗുണവതിയും ഈശ്വരഭക്തയുമായിരുന്ന ഈ സ്ത്രീരത്നത്തെ ജോസെഫു് എന്നൊരാൾ വിവാഹം ചെയ്തു. ഒരു ദിവസം ഗബ്രിയേൽ എന്ന ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു് മറിയത്തോടു് പറഞ്ഞു:

"മറിയമേ, നീ ഭയപ്പെടേണ്ടാ, നിനക്കു ദൈവത്തിന്റെ അടുക്കൽനിന്നു കൃപ ലഭിച്ചിരിക്കുന്നു. നീ ഗർഭം ധരിച്ചു്, ഒരു പുത്രനെ പ്രസവിക്കും. അവനു് ഈശോ എന്നു നീ പേർ വിളിക്കണം."

ഗബ്രിയേലിന്റെ പ്രവചനം ഫലിച്ചു. മറിയം ദിവ്യഗർഭം ധരിച്ചു. അതിൽ ജോസെഫിനു് വിശ്വാസം ജനിപ്പിക്കുന്നതിനു വേണ്ടി ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു് ഇങ്ങനെ പറഞ്ഞു: ".....അവൾ (മറിയം) ഒരു പുത്രനെ പ്രസവിക്കും. നീ അവനു് ഈശോ എന്നു പേർ വിളിക്കണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും."

അക്കാലത്തു പാലസ്തീൻ റോമാചക്രവർത്തിയുടെ കീഴിലായിരുന്നു. യഹൂദരെല്ലാം തങ്ങളുടെ പിതൃനഗരങ്ങളിൽച്ചെന്നു പേരു രജിസ്റ്റർ ചെയ്യണമെന്നു ചക്രവർത്തി കല്പന പുറപ്പെടുവിച്ചു. ജോസെഫ് അതനുസരിച്ചു്, ഗർഭിണിയായ മറിയത്തേയും കൊണ്ടു് ബത്‌ലഹാമിലേയ്ക്കു് പോയി.

ബത്‌ലഹാമിലിരിക്കുമ്പോൾ മറിയത്തിനു പ്രസവിക്കാനുള്ള ദിവസങ്ങൾ തികഞ്ഞു; ഒരു ആൺകുട്ടിയെ പ്രസവിക്കുകയും ചെയ്തു.

അന്നു രാത്രി ബത്‌ലഹാമിലെ ഏതാനും ഇടയന്മാർക്കു് ഒരു ദിവ്യദർശനമുണ്ടായി. ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു് മറിയത്തിന്റെ ദിവ്യപ്രസവത്തെപ്പറ്റി അവരെ അറിയിച്ചു. ഉടനെ അവർ ഓടിച്ചെന്നു. ദൈവദൂതൻ പറഞ്ഞിരുന്നതുപോലെ, പുൽത്തൊട്ടിയിൽ ശിശു കിടക്കുന്ന കാഴ്ചയാണു് അവർക്കു് കൺകുളിർക്കെ കാണാൻ കഴിഞ്ഞതു്.

ശിശുവിനു് യഥാകാലം യേശു എന്നു പേരിട്ടു.

അന്നു ഹേറോദേസ് എന്നൊരാളായിരുന്നു യഹൂദരാജാവു്. ഒരു ദിവസം കിഴക്കുനിന്നു ചില ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഹേറോദേസിനെ സമീപിച്ചു് ഇങ്ങനെ പറഞ്ഞു. "യൂദന്മാക്കു് പിറന്ന രാജാവു് എവിടെയാകുന്നു? ഞങ്ങൾ കിഴക്കു് അവന്റെ നക്ഷത്രം കണ്ടതിനാൽ അവനെ ആരാധിക്കുവാൻ വന്നിരിക്കുന്നു." ഈ വാക്കുകൾ ഹേറോദേസിനെ വല്ലാതെ സംഭ്രമിപ്പിച്ചു. ശിശുവിനെ അന്വേഷിക്കുവാനും കണ്ടെത്തിയാൽ വിവരമറിയിക്കുവാനും ഈ ജ്യോതിശ്ശാസ്ത്രജ്ഞന്മാരെത്തന്നെ ഹേറോദേസ് ഏല്പിച്ചു.

കിഴക്കു കണ്ട നക്ഷത്രത്തെ പിന്തുടർന്നു് അവർ ബത്ലഹേമിലെ പുൽത്തൊട്ടിയിലെത്തി; അവിടെ യേശുവിനെക്കണ്ടു സന്തോഷഭരിതരായി മടങ്ങുകയും ചെയ്തു. പക്ഷേ, അവർ പിന്നെ ഹേറോദേസിനെ സമീപിക്കയുണ്ടായില്ല.

ഇതിനുശേഷം ജോസെഫിനു് ഒരു ദിവ്യസ്വപ്നമുണ്ടായി ഹേറോദേസ് ശിശുവിനെ നശിപ്പിക്കാൻവേണ്ടി അന്വേഷിക്കുന്നുണ്ടെന്നും ഉടനെ അവിടംവിട്ടു പോകണമെന്നുമായിരുന്നു സ്വപ്നത്തിന്റെ താല്പര്യം. ഇതനുസരിച്ചു് ജോസെഫ് യേശുവിനേയും മറിയത്തേയുംകൊണ്ടു് ഈജിപ്തിലേക്കുപോയി. ഹേറോദേസിന്റെ മരണശേഷമേ അവർ അവിടുന്നു മടങ്ങിയുള്ളു.

പന്ത്രണ്ടാം വയസ്സിൽ യേശു വിദ്വാന്മാരായ പുരോഹിതന്മാരുമായി വാദപ്രതിവാദം നടത്തി തന്റെ ബുദ്ധിസാമർത്ഥ്യം വെളിപ്പെടുത്തി. മുപ്പതാം വയസ്സിൽ സ്നാപകയോഹന്നാൻ എന്ന സിദ്ധൻ അദ്ദേഹത്തിനു ജ്ഞാനസ്നാനവും നല്കി.

മനുഷ്യനെ ഉദ്ധരിക്കാനാണു് യേശു അന്നുമുതൽ ശ്രമിച്ചുവന്നതു്. ലളിതമായ ഭാഷയിൽ അദ്ദേഹം നല്കിയ ഉപദേശങ്ങളും ഏവരേയും ആകർഷിച്ചിരുന്നു. വെള്ളം വീഞ്ഞാക്കുക, രോഗികളെ സുഖപ്പെടുത്തുക, മരിച്ചവരെ പുനർജ്ജീവിപ്പിക്കുക മുതലായ പല സിദ്ധികളുംകൂടി കണ്ടപ്പോൾ ജനങ്ങൾ യേശുവിനെ പിന്തുടരാൻ തുടങ്ങി.

ജനസ്വാധീനത വർദ്ധിക്കുന്തോറും ശത്രുക്കളും പെരുകുക സാധാരണമാണു്. യഹൂദരിൽ ചിലർക്കു യേശുവിന്റെ ഉയർച്ചയിൽ അസൂയ തോന്നി. അദ്ദേഹത്തെ നിഗ്രഹിക്കാനായിരുന്നു അവരുടെ അനന്തര സംരംഭം.

ഒരു ദിവസം രാത്രി യേശു പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. സ്വന്തം ശിഷ്യരിലൊരാളായ യൂദാസ്, എന്താണാവെള്ളിത്തുട്ടു മോഹിച്ച്, യേശുവിനെ ശത്രുക്കൾക്കു് ഒറ്റുകൊടുത്തു. അവർ അദ്ദേഹത്തെ ബന്ധിച്ചു് റോമാ ചക്രവർത്തിയുടെ പ്രതിനിധിയായ പീലാത്തോസിന്റെ സന്നിധിയിലേക്കു കൊണ്ടുപോയി.

പല കുറ്റങ്ങളും യേശുവിന്റെ പേരിൽ ചുമത്തിയിട്ടുണ്ടായിരുന്നു. അതൊന്നും തെളിഞ്ഞില്ല; യേശു കുറ്റക്കാരനല്ലെന്നു പീലാത്തോസിനു പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു. പക്ഷേ, എന്തു ചെയ്യാം? യഹൂദരുടെ അപ്രിയം ഭയന്നു പീലാത്തോസ് യേശുവിനെ കുരിശിൽ തറച്ചു കൊല്ലാൻ വിധിച്ചു. പുഞ്ചിരിതൂകിക്കൊണ്ടാണു് യേശു ആ ശിക്ഷ വരിച്ചതു്.

യേശുവിന്റെ മൃതശരീരം ശിഷ്യന്മാർ ഒരു കല്ലറയിൽ സംസ്കരിച്ചു. മൂന്നാം ദിവസം അദ്ദേഹം ഉയിർത്തെഴുന്നേറ്റു. തുടർന്നു പല സന്ദർഭങ്ങളിലും ശിഷ്യന്മാർക്കു് അദ്ദേഹം പ്രത്യക്ഷപ്പെട്ടു. നാല്പതാം ദിവസം യേശു സ്വർഗ്ഗാരോഹണം ചെയ്തു.

മനുഷ്യനെ ഉദ്ധരിക്കുവാൻവേണ്ടി പിറന്ന യേശുവിന്റെ ഉപദേശങ്ങളുടെ രത്നച്ചുരുക്കം ഇതാണു്:

ദൈവം പിതാവും മനുഷ്യരെല്ലാം അദ്ദേഹത്തിന്റെ സന്തതികളുമാണു്. മനുഷ്യർ അന്യോന്യം സഹോദരരെപ്പോലെ പെരുമാറണം. ശത്രുവിനേയും മിത്രത്തേയും ഒരുപോലെ സ്നേഹിക്കണം.

അഭ്യാസം

1. കേട്ടെഴുതുക:—
   പ്രത്യക്ഷപ്പെടുക; പിതൃനഗരം; ഉദ്ധരിക്കുക; പുനർജ്ജീവിപ്പിക്കുക; ജനസമ്മതൻ; സിദ്ധി.
2. വാക്യത്തിൽ പ്രയോഗിക്കുക:—
   താമസംവിനാ; യഥാകാലം; ഒറ്റുകൊടുക്കുക; വിചാരണചെയ്യുക.
3. വിപരീതപദങ്ങളെഴുതുക:—
   ശത്രു×
   ലളിതം×
   പെരുകുക×
4. നീ ഒരു ശത്രുവിനെ പ്രസവിക്കും.—കർത്താവു്, കർമ്മം, ക്രിയ പറയുക.
5. യേശുവിനു ശത്രുക്കളുണ്ടാവാൻ കാരണമെന്തു്?
6. യേശുവിന്റെ ഉപദേശങ്ങളുടെ രത്നച്ചുരുക്കം പറയുക.

പാഠം 18

പൂക്കളം



അത്തമാണത്തമാണദ്ദിനത്തിൽ
അത്തലിങ്ങാലയം വിട്ടുപോണം.
പത്തുനാളേവക്കും ചിത്തതാരിൽ
മുത്തണിയിക്കുന്നൊരോണമെത്തി.
മുക്കുറ്റി, മന്ദാരം, ചെങ്കുറുഞ്ഞി
മറ്റും പലതരം പുഷ്പജാലം
പച്ചിലക്കുമ്പിളിലാക്കിപ്പിന്നെ-
ക്കൊച്ചുവിളക്കു കൊളുത്തി മുന്നിൽ,
മുറ്റത്തു നിമ്മിച്ച പൂക്കളത്തിൽ
കുറുക്കിടാവിട്ട കൈകൾ കൂപ്പി.
മാവേലി വന്നെത്താനാത്തമോദം
കൂവിത്തുടങ്ങുകയായി ബാലൻ.

[ചങ്ങമ്പുഴ കൃഷ്ണപിള്ള

അഭ്യാസം

1. കുട്ടി എന്തെല്ലാം പൂക്കളാണ് പറിച്ചെടുത്തത് ?
2. എന്തിനാണ് സന്തോഷത്തോടുകൂടി കുട്ടി ക്രുവിയത് ?
3. നിങ്ങൾ ഓണക്കാലത്ത് എന്തെല്ലാം പൂക്കൾ ഇറുക്കാറുണ്ട് ?
   '' പൂവിളി '' അറിയാമോ ?
4. ചേർത്തെഴുതുക: —
   ഓണം + അ + ദിനം + ഇൽ.
   മുത്ത് + അണിയിക്കുക + ഒരു + ഓണം.
5. പിരിച്ചെഴുതുക :—
   അത്തലിങ്ങാലയം ;
   വന്നെത്താനാത്തമോദം.

പാഠം 19

ബോട്ട്

[ബാലകൃഷ്ണമേനോനും മരുമകൻ ദേവദാസനുംകൂടി എറണാകുളം ബോട്ട് ജെട്ടിയിൽ വന്നെത്തിയിരിക്കയാണ്.]

ബാലകൃഷ്ണമേനോൻ :—ദേവദാസൻ കണ്ടുവോ ഈ ബോട്ടുകൾ ?

ദേവദാസൻ :—ഇതു കുറേ എണ്ണം ഉണ്ടല്ലോ അമ്മാമാ !

ബാല :—പല വഴിക്കും പോകുന്ന ബോട്ടുകളുണ്ട്.

ദേവ :—എവിടേക്കൊക്കെപ്പോകാം ; അമ്മാമാ ?

ബാല :—കോട്ടപ്പുറം, ഞാറയ്ക്കൽ, വരാപ്പുഴ, കൊച്ചി എന്നിങ്ങനെ പല വഴിക്കും. ഇതാ, പടിഞ്ഞാട്ടു നോക്കു. രണ്ടു നിലയിൽ, മാളികപോലെ, ഒരു ബോട്ടു കണ്ടില്ലേ ?

ദേവ :— കണ്ടു ; കണ്ടു ; ധാരാളം ആളുകൾ അങ്ങോട്ടു പോകുന്നുണ്ടല്ലോ !

ബാല :—അതു കൊച്ചിക്കു പോകുന്ന ബോട്ടാണ്. പുഴകളിൽ കടത്തുവഞ്ചി കണ്ടിട്ടില്ലേ ? അക്കൂട്ടത്തിൽ, ഈ കൊച്ചിക്കായലിൽ എറണാകുളത്തുനിന്നു കൊച്ചിക്കും തിരിയെ ഇങ്ങോട്ടും ആളുകളെ കടത്താൻ ബോട്ടാണ് ; വഞ്ചിയില്ല.

ദേവ :—അതിനെന്തിനാണ് രണ്ടു നില ?

ബാല : – വളരെപ്പേരെ ഒന്നിച്ചു കൊണ്ടുപോകുവാൻ സാധിക്കും.

ദേവ : ആ ബോട്ടുമാത്രമെന്താണ് അവിടെ അടുക്കുന്നതു് ? വടക്കുവശത്തു വരില്ലേ ?

ബാല:—വലിയ ബോട്ടല്ലേ ! അടി മുട്ടാതെ നോക്കണം. ആ ജെട്ടിയിൽ കൂടുതൽ ആഴത്തിൽ വെള്ളമുണ്ടു്.

ദേവ :—ജെട്ടിയോ ? അതെന്താണ് ?

ബാല :—ബോട്ടടുക്കുന്ന സ്ഥലത്തിനു ജെട്ടി എന്നാണു് പറയുക.

ദേവ :—ഒരു ബോട്ടിൽ എത്ര ആളുകൾ കയറും ?

ബാല :—അതു ബോട്ടിന്റെ വലിപ്പമനുസരിച്ചിരിക്കും. ബസ്സിനുള്ളതുപോലെ ബോട്ടിനും ആളുകളെക്കയറ്റുവാൻ ചില കണക്കൊക്കെ സർക്കാരിൽനിന്നു നിശ്ചയിച്ചിട്ടുണ്ടു്.

ദേവ :—എന്താണ് കണക്കു് ?

ബാല :—അഞ്ചു ചതുരശ്രയടിക്കു് ഒരാൾവീതം കയറാമെന്നാണ് നിശ്ചയിച്ചിട്ടുള്ളതു്.

ദേവ :—അതു് ആരാണ് നോക്കാൻ ?

ബാല:—സർക്കാരിൽനിന്നു് ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്. ബോട്ടിനെസ്സംബന്ധിച്ചുള്ള എല്ലാം നോക്കാനുള്ള ഇൻസ്പെക്ടറല്ലേ ഈയമ്മാമൻ !

ദേവ :—അതിലധികം പേരെ കയറ്റിയാലോ ?

ബാല :—കയറ്റിയാൽ ബോട്ടുമാസ്റ്റർ ശിക്ഷിക്കും.

ദേവ :—ബോട്ടുമാസ്റ്ററോ ? അതാരു് ?

ബാല :—ബസ്സിൽ കണ്ടക്ടറില്ലേ? അതുപോലെ ബോട്ടിന്റെ ചുമതല വഹിക്കാനുള്ള ആളാണ് ബോട്ടുമാസ്റ്റർ.

ദേവ :—ബോട്ടുമാസ്റ്ററാണോ ബോട്ടോടിക്കുക?

ബാല :—അല്ല; അതിനു രണ്ടു പേരുണ്ടു്. ഒരാൾ എഞ്ചിൻ ഡ്രൈവർ, മറ്റെയാൾ സ്രാങ്കു്.

ദേവ :—എഞ്ചിൻ ഡ്രൈവറും സ്രാങ്കും. എന്തിനാണ് രണ്ടു പേർ ?

ബാല :—ബോട്ടിന്റെ മുകളിലേക്കു നോക്കു. ഒരു കൊച്ചുമുറി കണ്ടില്ലേ? ബസ്സിലെ സ്റ്റിയറിങ്പോലെ ഒന്ന് അതു മുറിക്കകത്തും ഉണ്ട്. ബോട്ടുപോകുന്ന മാർഗ്ഗം നിയന്ത്രിക്കാനാണ് സ്റ്റിയറിങ്. അതു സ്രാങ്കിന്റെ കൈയിലാണ് ഇരിക്കുന്നതു്.

ദേവ :—അപ്പോൾ ഓടിക്കാനുള്ള യന്ത്രമോ?

ബാല :—യന്ത്രം പ്രവർത്തിപ്പിക്കുന്ന ജോലിയാണ് എഞ്ചിൻ ഡ്രൈവർക്കു്. അതാ മണിയടി കേട്ടില്ലേ?

ദേവ :—ഉവ്വ്. എന്തിനാണതു്?

ബാല :—സ്രാങ്കു് മണിയടിക്കും. അതിന്റെ കണക്കനുസരിച്ചു മുമ്പോട്ടും പിമ്പോട്ടും, വേഗത്തിലും സാവധാനത്തിലുമൊക്കെ എഞ്ചിൻ ഡ്രൈവർ യന്ത്രത്തിന്റെ പ്രവർത്തനം നിയന്ത്രിക്കും.

ദേവ :—അപ്പോൾ സ്രാങ്കു്, ഡ്രൈവർ, ബോട്ടുമാസ്റ്റർ എന്നിങ്ങനെ മൂന്നു പേരായി. ഇനി വല്ലവരുമുണ്ടോ?

ബാല :—ലാസ്കർ എന്ന പേരിലും ഒന്നുരണ്ടാളുകൾ ഉണ്ടാവും.

ദേവ :—എന്താണ് അവരുടെ ജോലി?

ബാല :—ബോട്ടു് ഓരോ ജെട്ടിയിൽ അടുക്കുമ്പോൾ അതു കയറിട്ടു കെട്ടാനും മറ്റുമാണ് ലാസ്കർമാർ. ദേവദാസനു് ബോട്ടിന്റെ ഉള്ളിൽ കടന്നു നോക്കണ്ടേ? നമുക്കു വടക്കുവശത്തുള്ള ബോട്ടിൽ കയറാം.

[രണ്ടു പേരും ബോട്ടിൽക്കയറുന്നു]

ബാല :—സൂക്ഷിച്ചു കയറൂ.

ദേവ :—ഇതിൽ കയറാനൊന്നും വിഷമമില്ല. എന്തിനാണമ്മാമാ ഇതിന്മേൽ കാറിന്റെ ടയർ വെച്ചുകെട്ടിയിരിക്കുന്നതു്?

ബാല :—ജെട്ടിയിൽ അടുക്കുമ്പോൾ വല്ലേടത്തും മുട്ടി ബോട്ടു് കേടുവരാതിരിക്കാനാണതു്.

ദേവ :—ഇതിന്റെ ഉള്ളിലും ഒരുതരം ചക്രം കാണാനുണ്ടല്ലോ!

ബാല :—അതിനു 'ലൈഫ്ബോയ്' എന്നു പറയും. ബോട്ടെങ്ങാനും മുങ്ങുമെന്നു കണ്ടാൽ അതെടുത്തു വെള്ളത്തിലേക്കെറിയും. കുറേപ്പേർക്കു് അതിന്മേൽ പിടിച്ചു നില്ക്കാം.

ദേവ :—അതു മുങ്ങില്ലേ ?

ബാല :—അതുവേഗം മുങ്ങില്ല. യാത്രക്കാരുടെ രക്ഷയ്ക്കുവേണ്ടി ഇങ്ങനെ ചില കരുതലൊക്കെ എല്ലാ ബോട്ടിലും ചെയ്തിരിക്കും. അതാ നോക്കു മണൽപ്പെട്ടി!

ദേവ :—എന്തിനാണതു് ?

ബാല :—ബോട്ടിൽ തീ പിടിച്ചാൽ അതിനടുത്തു കാണുന്ന ബക്കറ്റിൽ മണൽ കോരിച്ചു് അതെറിഞ്ഞു തീ കെടുത്തും. ഇങ്ങനെ കെടുത്താനാവശ്യമുള്ള പ്രത്യേകമായ ഉപകരണംതന്നെ എല്ലാ ബോട്ടിലും വേണം.

ദേവ :—ബോട്ടിന്റെ യന്ത്രം എങ്ങനെയാണമ്മാമാ ചലിക്കുന്നതു് ?

ബാല :—ചലിപ്പിക്കാനാവശ്യമുള്ള ശക്തിയുണ്ടാക്കാൻ ക്രൂഡ് ഓയിൽ, ഡീസൽ ഓയിൽ, മണ്ണെണ്ണ മുതലായവയാണു് ഉപയോഗിക്കുക. അതിന്റെ പ്രവർത്തനം എങ്ങനെയെന്നു് ഇപ്പോൾ ദേവദാസനു മനസ്സിലാക്കാൻ പ്രയാസമാണു്.

ദേവ :—ഞാൻ വലുതാവുമ്പോൾ പഠിക്കാം, അല്ലേ ?

ബാല :—അതെ. ഇതാ ബോട്ടു വിടാൻ മണിയടിച്ചു. ഇനി വേഗം ഇറങ്ങാം.

[രണ്ടു പേരും ഇറങ്ങി]

അഭ്യാസം

1. താഴെപ്പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക :—
   പ്രവർത്തിക്കുക ; പ്രവർത്തനം ; നിയന്ത്രിക്കുക ; നിയന്ത്രണം
2. താഴെപ്പറയുന്ന പേരുകൾ വിശദീകരിക്കുക :—
   ജെട്ടി ; സ്രാങ്കു് ; ലാസ്കർ ; മണൽപ്പെട്ടി ; ലൈഫ് ബോയ് ; ബോട്ടുമാസ്റ്റർ.
3. ബോട്ടിൽ ആളുകളെ കയറ്റാനുള്ള കണക്കെന്തു് ?
4. സ്രാങ്കിന്റെ ജോലിയെന്തു് ?
5. യാത്രക്കാരുടെ രക്ഷയ്ക്കുവേണ്ടി ബോട്ടിൽ ചെയ്തിട്ടുള്ള മുൻകരുതലുകളെന്തെല്ലാം ?
6. ഇതാ, വലിയ ബോട്ടു വരുന്നു. അതു വേഗം ഓടുന്നില്ലല്ലോ! വളരെ പതുക്കെയാണു് അതിന്റെ വരവു്. (കീഴ്വായിട്ട വിശേഷണപദങ്ങൾ ശ്രദ്ധിക്കുക.)

പാഠം 20

കൂട്ടികളെക്കണ്ടു പഠിക്കുക

ഒരു ദിവസം ഒരു ഗ്രാമത്തിലെ അയല്ക്കാരായ രണ്ടു പെൺകുട്ടികൾ വഴിയിൽനിന്നു കളിക്കയായിരുന്നു. രാജമെന്നും രത്നമെന്നും ആയിരുന്നു ആ ബാലികമാരുടെ പേരു്. അന്നൊരു വിശേഷദിവസമായിരുന്നതിനാൽ രണ്ടുപേരും നല്ല ഭംഗിയുള്ള ഉടുപ്പുകളാണു് ധരിച്ചിരുന്നതു്.

തലേദിവസം രാത്രി മഴ പെയ്തിരുന്നതിനാൽ വഴിയിൽ അവിടവിടെ ചെളിവെള്ളം കെട്ടിനിന്നിരുന്നു. കുട്ടികൾ രണ്ടുപേരും വെള്ളത്തിൽ ഇറങ്ങിനടന്നു് കളിക്കുവാൻ തുടങ്ങി. ഉടുപ്പിന്മേൽ അഴുക്കുപറ്റരുതെന്നുകരുതി രണ്ടുപേരും ഉടുപ്പു് കൈകൊണ്ടു് പൊക്കിപ്പിടിച്ചുകൊണ്ടാണു് നടന്നിരുന്നതു്. വെള്ളം ഉടുപ്പിന്മേൽ തെറിച്ചുവീഴാതിരിക്കുന്നതിനു് അവർ മനസ്സുവച്ചിരുന്നു. എന്നാൽ രത്നത്തിന്റെ കാൽ വെള്ളത്തിനടിയിൽ കിടന്നിരുന്ന ഒരു കല്ലിന്മേൽ തട്ടി. അവൾ വീഴാതെ നോക്കിയെങ്കിലും ചെളിവെള്ളം മേല്പോട്ടു തെറിച്ചു. അതു് രാജത്തിന്റെ മുഖത്തും ഉടുപ്പിന്മേലും വീണു. രാജത്തിനു കോപവും സങ്കടവും വന്നു. അവൾ രത്നത്തെ അടിക്കാൻ കൈ ഓങ്ങി. രത്നം ഓടിക്കളഞ്ഞു.

രത്നം ഓടിപ്പോകുന്നതും തന്റെ മകൾ ചെളിവെള്ളത്തിൽ കളിച്ചുനില്ക്കുന്നതും രാജത്തിന്റെ അമ്മ കണ്ടു കാരണം ചോദിച്ചപ്പോൾ കുട്ടുകാരി ചെളിവെള്ളം തെറിപ്പിച്ചതാണെന്നു മകൾ അമ്മയോടു പറഞ്ഞു. രാജത്തിന്റെ അമ്മ കയർത്തു് ഓടിച്ചെന്നു രത്നത്തെ പിടിച്ചുതല്ലി. കുട്ടിയുടെ കരച്ചിൽകേട്ടു് രത്നത്തിന്റെ അമ്മയും അവിടെയെത്തി. അമ്മമാർ തമ്മിൽ വഴക്കായി. വാക്കേറ്റംമൂത്തു കൈയേറ്റമായി. ലഹളകേട്ടു് അയൽവാസികളായ മറ്റു ചിലരും വന്നുകൂടി. എല്ലാവരും ഒരേസമയത്തു് സംസാരിച്ചിരുന്നതുകൊണ്ടു് ആരുപറയുന്നതും തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല.

ഈ ബഹളംകേട്ട് രാജത്തിന്റെ വയസ്സുചെന്ന ഒരു മുത്തശ്ശി തെരുവിലേയ്ക്കുവന്നു. ആ കിഴവി ഓരോന്നു പറഞ്ഞു് ഇരുകൂട്ടരേയും സമാധാനിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ വൃദ്ധ പറയുന്നതൊന്നും ആരും ശ്രദ്ധിച്ചില്ല.

ഈ ലഹളയ്ക്കിടയിൽ രാജം ഉടപ്പിറന്നേൽ പററിയ ചെളി തുടച്ചു കളഞ്ഞു്, രത്നത്തെ വിളിച്ചു് പിന്നെയും കളിക്കാൻ തുടങ്ങി. അവർ ചെളിവെള്ളം കെട്ടിനിന്ന സ്ഥലത്തുനിന്നു് ഒരു ചെറിയ തോടുകീറി, അതിൽക്കൂടി വെള്ളം ഒലിക്കുന്നതുകണ്ടു് രസിച്ചുനിന്നു. അങ്ങനെ ഒഴുകിവന്ന വെള്ളച്ചാലു് മേല്പറഞ്ഞ വൃദ്ധ നിന്ന സ്ഥലത്തെത്തി. വെള്ളച്ചാലിൽ കരിയിലയും കടലാസു കഷണങ്ങളും എടുത്തിട്ടു് അതൊഴുകിപ്പോകുന്നതുകണ്ടു് കുട്ടികൾ കൈകൊട്ടിച്ചിരിക്കുവാൻ തുടങ്ങി.

ഇതു കണ്ടപ്പോൾ വൃദ്ധ, ലഹളകൂട്ടുന്ന ആ സ്ത്രീകളെ വിളിച്ചു്, ആ കുട്ടികളെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു:—"കഷ്ടം, നായ്ക്കളെപ്പോലെ ഇങ്ങനെ വഴക്കടിക്കാൻ നാണമാകുന്നില്ലല്ലോ. ആ കുട്ടികളുടെ കാര്യം പറഞ്ഞല്ലേ നിങ്ങൾ കലഹിക്കുന്നതു്? അങ്ങോട്ടു നോക്കിൻ! അവർ അതും മറന്നു, അതിനപ്പുറവും മറന്നു. കളങ്കമറിയാത്ത ആ ഓമനകൾ സന്തോഷംകൊണ്ടു തുള്ളിച്ചാടുന്നതു നോക്കിൻ. ചെറിയ കുട്ടികളാണെങ്കിലും അവർക്കു നിങ്ങളെക്കാൾ ബുദ്ധിയുണ്ടു്, സ്നേഹവുമുണ്ടു്, സംശയമില്ല."

എല്ലാവരും തിരിഞ്ഞുനോക്കിയപ്പോൾ കുട്ടികൾ രണ്ടുപേരും കളിച്ചുരസിക്കുന്നതു കണ്ടു. അവർക്കു് വല്ലാത്ത ലജ്ജതോന്നി; മാത്രമല്ല, തങ്ങളുടെ അവിവേകത്തെപ്പററി ഓർത്തു് പശ്ചാത്തപിക്കുകയും ചെയ്തു.

അഭ്യാസം

1. കേട്ടെഴുത്തു്:—

ഗ്രാമം; അയല്പക്കാർ; രത്നം; വൃദ്ധ; ലജ്ജ; ശ്രദ്ധ; കളങ്കം; പശ്ചാത്തപിക്കുക.

2. വിപരീതപദം എഴുതുക :—
   സങ്കടം ×
   ശ്രദ്ധ ×
   സംശയം ×
   വിവേകം ×
3. പിരിച്ചെഴുതുക :—
   പൊക്കിപ്പിടിക്കുക ;
   ഓടിച്ചെല്ലുക ;
   വെള്ളച്ചാല്.
4. അർത്ഥവ്യത്യാസം ശ്രദ്ധിക്കുക :—
   ഓടി—ഓടിക്കളഞ്ഞു.
   കെട്ടി—കെട്ടിനിന്നു.
5. രണ്ടു വാക്യമായി പിരിച്ചെഴുതുക :—
   (i) തലേദിവസം രാത്രി മഴ പെയ്തിരുന്നതിനാൽ വഴിയിൽ അവിടവിടെ ചെളിവെള്ളം കെട്ടിനിന്നിരുന്നു.
   (ii) രത്നം ഓടിപ്പോകുന്നതും തന്റെ മകൾ ചെളിവെള്ളത്തിൽ കളിച്ചു നില്ക്കുന്നതും രാജത്തിന്റെ അമ്മ കണ്ടു.
6. ചേർത്തെഴുതുക :—
   (i) രാജത്തിനു കോപം വന്നു ; രാജത്തിനു സങ്കടം വന്നു.
   (ii) അവൾ രത്നത്തെ അടിക്കാൻ കയ്യോങ്ങി ; രത്നം ഓടിക്കളഞ്ഞു.
7. രത്നത്തിന്റെയും രാജത്തിന്റെയും അമ്മമാർ തമ്മിൽ ശണ്ഠകൂടിയതെന്തിനു് ?
8. കുട്ടികളെക്കണ്ടു് പ്രായമായവർ പഠിച്ച പാഠം എന്തു് ?

പാഠം 21

പഴയ ഓർമ്മ

[ഉണ്ണുലിവാരസ്യാർ ഉമ്മറത്തു കാൽനീട്ടിയിരുന്നു നാമം ചൊല്ലുകയാണു്. സമയം സന്ധ്യയായി.]

ഉണ്ണുലിവാരസ്യാർ :—നാരായണ, നാരായണ, നാരായണ, നാരായണ,—അസ്തമിക്കാറായീലോ മീനാക്ഷി! അപ്പു വന്നില്ലേ?

[അകത്തുനിന്നു മീനാക്ഷി മറുപടി പറയുന്നു]

"അപ്പു വന്നിട്ടില്ല, അമ്മേ! ഇന്നു സ്കൂളിൽ എന്തോ കളിയുണ്ടത്രേ."

ഉണ്ണൂലി:—കളി, കളി—അതല്ലാണ്ട് ഒരു വിചാരോല്ല്യ.

[അപ്പവും കൂട്ടുകാരൻ പേങ്ങനും തോളിൽ കൈയിട്ട പതുക്കെപ്പതുക്കെ വരുന്നു. ഉണ്ണൂലിവാരസ്യാക്ക് ആ കാഴ്ച പൊറുക്കാൻ കഴിഞ്ഞില്ല.]

ഉണ്ണൂലി:—മീനാക്ഷി, മീനാക്ഷി! അവന്റെ വരവു കണ്ടില്ലേ? അയിത്തോല്ല്യ, ശുദ്ധോല്ല്യ—എന്റെ നാരായണ! ഇതൊന്നും കാണാൻ എടവരുത്താണ്ടാ കൊണ്ടോയ്യാൽ മതിയായിരുന്നു.

[അവർ മുറ്റത്തെത്തി]

അപ്പു അകത്തേക്കു കേറണ്ടാ; പോയി കുളിച്ചിട്ടു വരൂ.

അപ്പു:—എന്തിനാ, അമ്മമ്മേ ഇപ്പോൾ കുളിക്കുന്നതു്?

ഉണ്ണൂലി:—അതൊന്നും ചോദിക്കണ്ട; ഈ വാരിയത്തു് ഉണ്ണൂലി ജീവിച്ചിരിപ്പോളംകാലം അയിത്തോശുദ്ധോം ഒക്കെ വേണം.

അപ്പു:—എനിക്കെന്താണു് അമ്മമ്മേ, അശുദ്ധം?

ഉണ്ണൂലി:—എന്താ അശുദ്ധം അത്രേ. അതു് എന്നെക്കൊണ്ടു പറയിക്കണോ? നീയു് ആരുടെ തോളിലാ കൈയിട്ടിരുന്നേ?

അപ്പു:—പേങ്ങന്റെ തോളിൽ. എന്റെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയാണു് പേങ്ങൻ.

ഉണ്ണൂലി:—അവൻ എന്താ ജാതി?

അപ്പു:—ഞങ്ങൾ സ്കൂളിൽ ജാതിയൊന്നും ചോദിക്കാറില്ല. എല്ലാവരും മനുഷ്യരാണു്. അതിൽക്കവിഞ്ഞ ജാതിയില്ല, അമ്മമ്മേ!

ഉണ്ണൂലി:—അതൊക്കെ സ്കൂളിലു്, ഇവിടെ നടക്കില്ല്യ. പോയി കുളിച്ചിട്ടു വരൂ.

അപ്പു:—അമ്മമ്മേ! എന്നെപ്പോലെ പേങ്ങനും മനുഷ്യനാണു്. എനിക്കു കിട്ടുന്നതിനേക്കാൾ കൂടുതൽ മാക്കു പേങ്ങനു് കിട്ടുന്നുണ്ടു്. സ്കൂളിൽ ഞങ്ങൾ ഒരു ബെഞ്ചിലാണു് ഇരിക്കുന്നതു്. അമ്പലത്തിൽ ഞങ്ങൾ രണ്ടുപേരും ഒരു സ്ഥലത്തു നിന്നാണു തൊഴുന്നതു്. അവിടെയെങ്ങും ഇല്ലാത്തൊരു ജാതി ഇവിടെ എന്തിനാണു്?

ഉണ്ണൂലി:—അതൊക്കെ കാര്യം വേറെ. സ്കൂളിലും അമ്പലത്തിലും ഒക്കെ പലതും നടക്കും. ഈ വാരിയത്തു പറ്റില്ല്യ. നീ വാരിയരും അവൻ പുലയനും പിന്നെ എങ്ങനെയാ ഒപ്പമാകുന്നേ?

പേങ്ങൻ :—അതൊക്കെ പഴയ കഥയാണ് മുത്തശ്ശീ!

ഉണ്ണൂലി :—നിന്നോടു ഞാൻ ചോദിച്ചില്ല. എൻെറ വീട്ടിലു് ഞാനാണ് നിശ്ചയിക്കാൻ.

അപ്പു :—അമ്മമ്മ അങ്ങനെ പറഞ്ഞാൽ എനിക്കിവിടെ താമസിക്കാൻ പററാതെ വരും.

ഉണ്ണൂലി :—ങ്ഹേ ?.....അത്രയ്ക്കായ്യോ? മീനാക്ഷീ! മീനാക്ഷീ!

[അകത്തുനിന്ന്]

"എന്താ അമ്മേ!"

ഉണ്ണൂലി :—ദേ, കേട്ടില്ല്യേ നിന്റെ മോന്റെ തക്കത്തരം പറച്ചിലു്.

[മീനാക്ഷിവാരസ്യാർ പ്രവേശിക്കുന്നു]

മീനാക്ഷി :—എന്താ അപ്പു നിൻെറ വഴക്ക്?

അപ്പു :—വഴക്കൊന്നുമില്ലമ്മേ! പേങ്ങനെ തൊട്ടതിനു ഞാൻ കുളിക്കണമത്രേ.

മീനാക്ഷി :—(പതുക്കെ) ഒന്നു മിണ്ടാതിരിക്കെൻെറ മോനേ! അതിനു വയസ്സായില്ലേ? അങ്ങനെയൊക്കെ പറയും. കുളിക്കാമെന്നു പറഞ്ഞേക്കു. [ഉറക്കെ] പോയി കുളിച്ചിട്ടുവാ മോനേ!

അപ്പു :—അതു പററില്ല. ഈ കാരണത്തിന്മേൽ ഞാൻ കുളിക്കില്ല. അതു കുററമാണ്.

പേങ്ങൻ :—അപ്പു എന്നെച്ചൊല്ലി ഇവിടെ വഴക്കുണ്ടാക്കണ്ടാ. ഞാനിതാ പോകുന്നു.

[നടക്കാൻ ഭാവിക്കുന്നു]

അപ്പു :—നില്ക്കു. പേങ്ങൻെറ കൂടെ ഞാനും വരാം. എനിക്ക് ഈ വീട്ടിൽ സ്ഥാനമില്ല. അമ്മേ! ഇതു വലിയ അപമാനമായി. പേങ്ങൻ എന്റെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടി. ഞങ്ങൾ ഒന്നിച്ചു പഠിക്കുന്നു; ഒന്നിച്ചു കളിക്കുന്നു; ഒന്നിച്ച് അമ്പലത്തിൽപ്പോകുന്നു; ഒന്നിച്ചു മടങ്ങിവരുന്നു. ഞങ്ങൾ തമ്മിൽ ഒരു വ്യത്യാസവും ഇന്നുവരെ അറിഞ്ഞിട്ടില്ല. ഇനിയൊട്ട് അറിയാനുമില്ല. പേങ്ങനെത്തൊട്ടാൽ കുളിച്ചല്ലാതെ എനിക്ക് ഈ വീട്ടിൽ കടക്കാൻ വയ്യെങ്കിൽ, ഞാനിതാ പോകുന്നു. പേങ്ങൻെറ വീട്ടിൽ താമസിക്കാൻ പററുമോ എന്നു നോക്കട്ടെ.

പേങ്ങൻ :—എന്നെപ്പോലെ അപ്പുവിനും അവിടെ കഴിയാം.

അപ്പു :—അതുമതി പേങ്ങാ. ഞാനും വരാം. അമ്മമ്മയും അമ്മയും ഇവിടെ ശല്യംക്രൂടാതെ താമസിക്കട്ടെ.

[രണ്ടുപേരും പിന്തിരിഞ്ഞു നടക്കുന്നു]

മീനാക്ഷി:—എന്റെ അപ്പു! നീ പോകരുതു്. മോനേ! അമ്മയ്ക്കു പിന്നെ ആരുണ്ടു്?

[തിരിഞ്ഞുനിന്നിട്ടു്]

അപ്പു:—അമ്മയ്ക്കു് അമ്മമ്മയുണ്ടു്; അതു മതി.

[നടക്കാൻ ഭാവിക്കുന്നു]

മീനാക്ഷി:—എന്റെ അപ്പുവിനു് വേണ്ടാത്ത വീടു് എനിക്കും വേണ്ടാ. ഞാനും പോരാം.

[അപ്പുവിന്റെ പിന്നാലെ പുറപ്പെടുന്നു]

ഉണ്ണൂലി:—എന്റെ നാരായണാ! ഞാൻ വിഷമിച്ചുലോ! (ഉറക്കെ) എന്റെ പൊന്നുമക്കളേ! മീനാക്ഷീ! അപ്പൂ! പേങ്ങാ! ഇങ്ങട്ടുവരിൻ മക്കളേ! ഈ വയസ്സുകാലത്തു് എനിക്കു നാഴിവെള്ളം തരാൻ പിന്നെ ആരുണ്ടു്?

[എല്ലാവരും മടങ്ങിവരുന്നു]

അപ്പു:—തീണ്ടലും തൊട്ടാൽക്കുളിയും മറ്റും പഴയ കാലത്തു ചിലർ തൻകാര്യം നേടാൻ വേണ്ടി ഉണ്ടാക്കിവെച്ച അർത്ഥമില്ലാത്ത ആചാരങ്ങളാണു്. അതൊക്കെ തെറ്റാണെന്നു് എല്ലാവക്കും ബോദ്ധ്യമായിക്കഴിഞ്ഞിരിക്കുന്ന അമ്മമ്മേ! മനുഷ്യർ തമ്മിൽ ഒരു വ്യത്യാസവുമില്ല. ഈശ്വരന്റെ ദൃഷ്ടിയിൽ എല്ലാവരും തുല്യമാണു്. അതു് അമ്മമ്മ സമ്മതിക്കണം.

ഉണ്ണൂലി :—ഒക്കെ സമ്മതിച്ചു എന്റെ കുട്ടീ, നിങ്ങൾ പോയി വല്ലതും കഴിക്കിൻ. (എഴുന്നേറ്റു് പേങ്ങന്റെ പുറത്തു് തലോടി.) പരിഭവം തോന്നരുതു് കുട്ടീ! പഴയ ഓമ്മയാണു്. അപ്പൂം പേങ്ങനും എനിക്കിനി വ്യത്യാസമില്ല്യ.

അഭ്യാസം

1. കേട്ടെഴുതുക :—

   സ്കൂൾ ; ക്ലാസ്സ് ; വ്യത്യാസം ; ആചാരം ; ബോദ്ധ്യം.

2. അതു പഴയ കഥയാണ്. (ആഖ്യയും ആഖ്യാതവും തിരിക്കുക ; ഈ വാക്യത്തിലെ വിശേഷണപദമേതു് ?)

3. അപ്പു തന്റെ അമ്മമ്മയെ അന്ധവിശ്വാസത്തിൽനിന്നു വേർപെടുത്തിയതെങ്ങനെ ?

4. ഈ നാടകം അഭിനയിക്കുക.

പാഠം 22

കുട്ടിയും കാട്ടരുവിയും



കുട്ടി :—വള്ളിക്കിടയിൽച്ചിരിതൂകി-
ത്തുള്ളിച്ചാട്ടം കൊച്ചരുവീ,
ഒരു നിമിഷം നീ നില്ക്കാമോ ?
ഒരു കാര്യം നീ പറയാമോ ?

എവിടന്നോടി വരുന്നു നീ?
എവിടെയ്ക്കാടിപ്പോണു നീ?
എന്താണിത്ര രസിച്ചീടാൻ!
എന്താണിത്ര മദിച്ചീടാൻ!

അരുവി:—അങ്ങു കിഴക്കൊരു മലയുണ്ടു്,
താഴെത്തെളിനീർക്കുളമുണ്ടു്,
അവിടെയൊളിച്ചു വസിച്ചു ഞാൻ,
അവിടെയുറങ്ങിയിരുന്നു ഞാൻ.
ഒരുദിവസം പുതുമഴ പെയ്തു,
പലദിവസം പെരുമഴ പെയ്തു,
കുളമൊരു കടലായ്ത്തീന്നല്ലൊ
കരകളും കവിഞ്ഞു മറിഞ്ഞല്ലൊ.
അതുവഴിയോടിയിറങ്ങീ ഞാൻ,
മലയും കാടും വിട്ടു ഞാൻ,
പുതുമകൾ തേടിപ്പോന്നു ഞാൻ,
കടലും തേടി വരുന്നു ഞാൻ.
പുതു പുതു കാഴ്ചകൾ കാണുമ്പോൾ,
പുതു പുതു നാദം കേൾക്കുമ്പോൾ,
എന്നുടെ ഹൃദയം തുള്ളുന്നു,
മുന്നോട്ടോടാൻ വെമ്പുന്നു.

—സോമൻ

അഭ്യാസം

1. കാട്ടരുവിയോട്ട കട്ടി എന്താണ്° ചോദിച്ചതു്°?
2. എങ്ങനെയാണ്° അരുവി പോകുന്നതു്°?
3. കാട്ടരുവി എവിടെയാണ്° പാത്തിരുന്നതു്°?
4. വീട്ടിൽനിന്ന്° അരുവി ഇറങ്ങിപ്പുറപ്പെടാൻ കാരണമെന്തു്°?
5. എങ്ങോട്ടാണ്° അതിന്റെ യാത്ര?
6. അരുവികൾ ചിരിക്കുന്നതും തുള്ളിച്ചാടുന്നതും നിങ്ങൾ കണ്ടിട്ടുണ്ടോ?

7. ചേർത്തെഴുതുക :—
വള്ളിക്കു് + ഇടയിൽ + ചിരി + തുകി + തുള്ളി + ചാട്ടം.
എവിടുന്നു് + ഓടി.
അവിടെ + ഉറങ്ങി + ഇരുന്നു.
കളം + ഒരു + കടൽ + ആയി + തീർന്നു + അല്ലോ.

8. പിരിച്ചെഴുതുക :—
അതുവഴിയോടിയിറങ്ങി; അവിടെയൊളിച്ചു; മുന്നോട്ടോടാൻ.

പാഠം 23

നീതിമാനായ ചക്രവർത്തി

മുൻപൊരിക്കൽ ജഹാംഗീർ എന്നൊരു ചക്രവർത്തി ഭാരതം ഭരിച്ചിരുന്നു. വളരെ നീതിനിഷ്ഠയുള്ള ആളായിരുന്നു അദ്ദേഹം. ആർക്കും ഏതു സമയത്തും തന്നെ നേരിട്ടു കണ്ടു സങ്കടം അറിയിക്കാൻ അദ്ദേഹം അനുവദിച്ചിരുന്നു. പരാതിക്കാർ, കൊട്ടാരവാതിൽക്കൽ കെട്ടിയിരുന്ന മണിയടിച്ചു് സങ്കടം അറിയിക്കണമെന്നായിരുന്നു ഏർപ്പാടു്.

ജഹാംഗീർ ചക്രവർത്തിയുടെ പ്രിയപത്നിയായിരുന്നു നൂർജഹാൻ. ലോകത്തിന്റെ ദീപം എന്നാണു് ഈ പദത്തിന്റെ അർത്ഥം. അവരുടെ സൌന്ദര്യത്തിനു യോജിച്ച പേരുതന്നെയായിരുന്നു അതു്.

യമുനാനദിയുടെ തീരത്തുള്ള അതിമനോഹരമായ ആഗ്രാനഗരത്തിലായിരുന്നു ചക്രവർത്തിയുടെ കൊട്ടാരം. ഒരു സായാഹ്നത്തിൽ ചക്രവർത്തി നൂർജഹാനുമൊന്നിച്ചു് മട്ടുപ്പാവിലിരുന്നു കാറ്റുകൊണ്ടു രസിക്കയായിരുന്നു. അപ്പോൾ, ഏതാനും പക്ഷികൾ ശരവേഗത്തിൽ അതിനടുത്തുകൂടി പറന്നുപോയി. പെട്ടെന്നു നൂർജഹാൻ കൈത്തോക്കെടുത്തു് അവയിലൊന്നിനെ വെടിവച്ചു. വെടി കൃത്യമായുകൊണ്ടു. പക്ഷി പിടഞ്ഞു താഴെ വീണു. ചക്രവർത്തി റാണിയുടെ സാമർത്ഥ്യത്തെ അഭിനന്ദിച്ചു.

അല്പം കഴിഞ്ഞപ്പോൾ മറെറാരു സംഘം പക്ഷികൾ കൊട്ടാരത്തിന്റെ സമീപത്തുകൂടി താഴ്ന്നു പറക്കുന്നതു് അവർ കണ്ടു. നൂർജഹാന്റെ സാമർത്ഥ്യം പരിശോധിക്കാനായി ചക്രവർത്തി അവയിൽ ഒന്നിനെ ചൂണ്ടിക്കാണിച്ചിട്ടു് വെടി വയ്ക്കാൻ ആവശ്യപ്പെട്ടു. രാജ്ഞി തൽക്ഷണം തോക്കൊഴിച്ചു. എന്നാൽ കൈവിറച്ചുപോയതിനാൽ ഉന്നം പിഴച്ചു; പക്ഷിക്കു് വെടിയേറ്റതുമില്ല.

വിനോദങ്ങളിൽനിന്നു വിരമിച്ചശേഷം അവർ വിശ്രമമുറിയിലെത്തി രാജ്യകാര്യങ്ങളെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നു. പെട്ടെന്നു് മണിനാദം മുഴങ്ങി. ഏതോ സങ്കടക്കാരൻ വന്നിട്ടുണ്ടെന്നു ചക്രവർത്തി മനസ്സിലാക്കി.

ദുഃഖംകൊണ്ടു കണ്ണുനീരിൽക്കുളിച്ച ഒരു അലക്കുകാരിയാണു സങ്കടമുണർത്തിച്ചതു്. വ്യസനംകൊണ്ടു പരവശയായിരുന്നെങ്കിലും ധൈര്യം അവലംബിച്ചുകൊണ്ടു് അവൾ ചക്രവർത്തിയെ ഇങ്ങനെ അറിയിച്ചു—"കുറ്റം ചെയ്തവർ ആരുതന്നെയായാലും അങ്ങു് ഉചിതമായ ശിക്ഷകൊടുക്കുമോ?"

ജഹാംഗീർ പറഞ്ഞു—"നിശ്ചയമായും. കുറ്റം ചെയ്തതു് ആരായാലും തക്കതായ ശിക്ഷ കൊടുക്കുന്നതാണു്. ആരാണു് കുറ്റം ചെയ്തതു്? എന്താണു് നിന്റെ സങ്കടം?"

ഭയംകൊണ്ടു് അലക്കുകാരിക്കു കുറേനേരം ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. ഒടുവിൽ വളരെ പണിപ്പെട്ടു് അവൾ ഇങ്ങനെ പറഞ്ഞു:—"തിരുമേനീ, മഹാറാണിയുടെ വെടി എന്റെ ഭർത്താവിന്റെ നെഞ്ചിലാണു് കൊണ്ടതു്. ഇപ്പോൾ ഞാൻ വിധവയാണു്."

പ്രതിജ്ഞയുടെ ഗൗരവം അപ്പോഴാണു് അദ്ദേഹത്തിനു മനസ്സിലായതു്. അല്പസമയം അദ്ദേഹം ചിന്തിച്ചു. പ്രാണനിർവ്വിശേഷം സ്നേഹിച്ചുവന്ന പത്നിയുടേയും വിധവയായ അലക്കുകാരിയുടേയും മുഖത്തു് അദ്ദേഹം മാറിമാറി നോക്കി. ദുഃഖവും ഭയവുംകൊണ്ടു് വിവർണ്ണമായിരുന്ന ആ മുഖങ്ങൾ. നൂർജഹാന്റെ കൈത്തോക്കു വാങ്ങി അലക്കുകാരിയുടെ കൈയിൽ കൊടുത്തിട്ടു് അദ്ദേഹം ഇങ്ങനെ കല്പിച്ചു:—"ഈ കൈത്തോക്കുകൊണ്ടാണു് നൂർജഹാൻ നിന്റെ ഭർത്താവിനെ കൊന്നതു്. ഇതേ തോക്കുകൊണ്ടുതന്നെ നീ നൂർജഹാന്റെ ഭർത്താവിനേയും കൊല്ലണം."

ചക്രവത്തി വിരിമാറു കാട്ടിക്കൊണ്ടു് സഗൗരവം നിന്നു. ഇതു കണ്ടു് നൂർജഹാൻ സ്തംഭിച്ചുപോയി. ആ കല്പന നിറവേറുന്നതു് അവൾക്കു് കാണുവാൻ വയ്യ; അവൾ കണ്ണടച്ചു ശ്വാസമടക്കിക്കൊണ്ടു് നിശ്ചലയായി നിന്നു.

അലക്കുകാരി പൊട്ടിക്കരഞ്ഞുപോയി. അവൾ അപേക്ഷിച്ചു:—"തിരുമേനീ, അങ്ങയെപ്പോലുള്ള നീതിമാന്മാർ എന്നും ജീവിച്ചിരിക്കണം. എന്നാൽ മാത്രമേ ഞങ്ങളെപ്പോലുള്ള പാവങ്ങൾക്കു് രക്ഷയുള്ളു. അവിടുന്നു് ഈ കൈത്തോക്കു് തിരിച്ചു വാങ്ങിയാലും."

പരാതിക്കാരിയുടെ തുടരെത്തുടരെയുള്ള അപേക്ഷ ചക്രവത്തിയുടെ മനസ്സു മാറ്റി. അദ്ദേഹം ആ കൈത്തോക്കു് തിരിച്ചുവാങ്ങി.

നൂർജഹാനു് ആശ്വാസമായി. അവരുടെ ഹൃദയം ആനന്ദംകൊണ്ടു നിറഞ്ഞു. കൃതജ്ഞതാപൂർവ്വം അവർ പറഞ്ഞു:—"നീ എന്നെ രക്ഷിച്ചു; ചക്രവത്തിയെ രക്ഷിച്ചു; രാജ്യത്തെയും രക്ഷിച്ചു. ഇതിനു ഞാൻ എങ്ങനെയാണു് കൃതജ്ഞത പറയേണ്ടതു്!"

അതു കേട്ടിട്ടു്, "രാജ്യം ഭരിക്കുന്നവരുടെ നീതിനിഷ്ഠയാണു് എല്ലാവരേയും രക്ഷിച്ചതു്" എന്നു അലക്കുകാരി പ്രസ്താവിച്ചു.

കരഞ്ഞുകൊണ്ടു് കൊട്ടാരത്തിൽ പ്രവേശിച്ച ആ വിധവ അതിരില്ലാത്ത സന്തോഷത്തോടുകൂടിയാണു് അവിടെനിന്നും മടങ്ങിയതു്.

അഭ്യാസം

1. കേട്ടെഴുത്തു്:—
   ചക്രവത്തി; നീതിനിഷ്ഠ; സൈന്ദര്യം; സംഘം; വ്യസനം; പ്രതിജ്ഞ; വിധവ; ഗൗരവം; സ്തംഭിക്കുക; നിശ്ചലം; കൃതജ്ഞത; പ്രസ്താവിക്കുക; തൽക്ഷണം; രാജ്ഞി; പത്നി; അഭിനന്ദിക്കുക.
2. വിപരീതപദം എഴുതുക:—
   നീതി×
   ഉചിതം×
   ശിക്ഷ×
   പെട്ടെന്നു്×
   കൃതജ്ഞത×

3. അതേ അർത്ഥത്തിലുള്ള പദം എഴുതുക .—
ഭാര്യ ; തക്കത്തായ; പെട്ടെന്ന് ; ലക്ഷ്യം ; ശബ്ദം; യോജിച്ചതു്; വിളറിയതു് ; നന്ദി.

4. പ്രയോഗം :—
(എ) സഗൗരവം ;
(ബി) കൃതജ്ഞതാപൂർവ്വം.

5. നിഷ്ഠ, പ്രിയ എന്നീ പദങ്ങൾ ചേർന്നവരുന്ന പദങ്ങൾ എഴുതുക.
(ഉദാ :—നീതിനിഷ്ഠ, പ്രിയപത്നി)

6. പിരിച്ചെഴുതുക :—
കൈത്തോക്കു് ; ആറായാലും ; പൊട്ടിക്കരഞ്ഞു ; അതിരില്ലാത്ത.

7. രണ്ടു വാക്യമായി പിരിച്ചെഴുതുക :—
ചക്രവർത്തി അവയിൽ ഒന്നിനെ ചുണ്ടിക്കാണിച്ചിട്ടു് വെടിവയ്ക്കാൻ ആവശ്യപ്പെട്ടു.

8. ഒറ്റവാക്യമായി ചേർത്തെഴുതുക :—
ചക്രവർത്തി വിരിമാറു് കാട്ടിക്കൊണ്ടു് സഗൗരവം നിന്നു. ഇതു കണ്ടു് നൂർജഹാൻ സ്തംഭിച്ചുപോയി.

9. ജഹാംഗീർ നീതി നടത്തിവന്നതെങ്ങനെ ? നൂർജഹാനു് എന്തു ശിക്ഷയാണു് ചക്രവർത്തി വിധിച്ചതു് ? അലക്കുകാരി ചക്രവർത്തിയെ വധിക്കാഞ്ഞതു് എന്തുകൊണ്ടു് ?

പാഠം 24

ദേശീയപതാക

ഏതൊരു രാജ്യത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട ദേശീയ ചിഹ്നമാണു് പതാക. ലോകത്തിലെ സകല രാജ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം പതാകയുണ്ടു്.

നമ്മുടെ പതാക പരിശോധിക്കാം. എന്താണതിന്റെ ആകൃതി ? സാധാരണ പുസ്തകങ്ങളുടെ ആകൃതിതന്നെ ; ദീർഘചതുരം. ഈ ദീർഘചതുരാകൃതി പല അളവിലാകാം. നമ്മുടെ പതാകയ്ക്കു സ്വീകരിച്ചിട്ടുള്ളതു് നീളത്തിന്റെ മൂന്നിൽ രണ്ടു ഭാഗം വീതി എന്ന അളവാണു്. നീളം മൂന്നടിയായാൽ വീതി രണ്ടടി എന്നർത്ഥം. നമ്മുടെ പതാകയുടെ ആകൃതി എത്ര മനോഹരമാണു് !

നെടുകെ മൂന്നു തുല്യഭാഗങ്ങളായി ഭാരതപതാകയെ വിഭജിച്ചിരിക്കുന്നു. ഓരോ ഭാഗത്തിനും പ്രത്യേകം പ്രത്യേകം നിറമാണുള്ളതു്. മുകളിൽ കുങ്കുമനിറം, നടുവിൽ വെള്ള, അടിയിൽ പച്ച. പതാകയുടെ ഒത്ത നടുവിൽ വെള്ളനിറത്തിനുള്ളിൽ കാണുന്നതു് അശോകചക്രമാണു്. അതിന്റെ വർണ്ണം നീലയാണു്. അശോക ചക്രത്തിനു് ഇരുപത്തിനാലു് ആരക്കാലുകളുണ്ടു്.

ഭാരതപതാകയ്ക്കു് ഈ നിറങ്ങളും ചക്രചിഹ്നവും സ്വീകരിച്ചതിനു പ്രത്യേകം ഉദ്ദേശമുണ്ടു്. ഇന്ത്യാക്കാരുടെ ധീരതയുടേയും ത്യാഗസന്നദ്ധതയുടേയും ചിഹ്നമാണു് കുങ്കുമനിറം. വെളുപ്പു് സത്യത്തേയും പരിശുദ്ധിയേയും കുറിക്കുന്നു. പച്ച സസ്യപൂർണ്ണമായ ഭാരതഭൂമിയുടെ ഐശ്വര്യത്തെ സൂചിപ്പിക്കുന്നു. മഹാനായ അശോകചക്രവർത്തി 'സാരനാഥം' എന്ന സ്ഥലത്തു് സ്ഥാപിച്ചിരുന്ന സ്തംഭത്തിന്റെ മകുടത്തിൽ കൊത്തിയിട്ടുള്ളതാണു് അശോകചക്രം. ബുദ്ധമതാനുയായിയായ അശോകന്റെ ആദർശങ്ങൾ ധർമ്മം, സത്യം, അഹിംസ എന്നിവയായിരുന്നു. ആ ആദർശങ്ങളുടെ ചിഹ്നമാണു് അശോകസ്തംഭം. ഇന്ത്യ, സത്യവും ധർമ്മവും മുൻനിറുത്തി മാത്രമേ പ്രവർത്തിക്കുകയുള്ളു എന്നാണു് അശോകചക്രം സൂചിപ്പിക്കുന്നതു്.

ദേശീയപതാക ഉപയോഗിക്കുന്നതിനു ചില നിയമങ്ങളുണ്ടു്. പതാക എല്ലാവർക്കും എപ്പോഴും ഉപയോഗിക്കാൻ പാടില്ല. നമ്മുടെ സംസ്ഥാനത്തു ഗവർണ്ണർ, നിയമസഭാസ്പീക്കർ, മന്ത്രിമാർ എന്നിവർക്കു് അവരുടെ ഔദ്യോഗിക വസതികളിലും വാഹനങ്ങളിലും ദേശീയപതാക പറപ്പിക്കാം.

ഹൈക്കോടതി, സെക്രട്ടറിയേറ്റു് മുതലായ ഏറ്റവും പ്രധാനപ്പെട്ട ഗവണ്മെന്റു മന്ദിരങ്ങളുടെ മുകളിൽ ദേശീയപതാക നാട്ടാവുന്നതാണു്. സ്വാതന്ത്ര്യദിനം തുടങ്ങിയ രാഷ്ട്രീയാഘോഷദിവസങ്ങളിൽ പതാക എല്ലാ പൗരന്മാർക്കും ഉപയോഗിക്കാം.

അത്യന്തം ശ്രദ്ധയോടും വിനയത്തോടുംകൂടി നിർവ്വഹിക്കേണ്ട ഒരു കൃത്യമാണു് പതാക ഉയർത്തൽ. പതാക കയ്യിലെടുക്കുമ്പോൾ അതിന്റെ ഒരു ഭാഗവും തറയിൽക്കിടന്നിഴയുവാൻ

ഇടയാകരുത്. കുങ്കുമവണ്ണം മുകളിൽ വരത്തക്ക വിധത്തിൽ വേണം കൊടി ധ്വജാഗ്രത്തിൽ എത്തിക്കുവാൻ. അതുയർത്തുന്നതു് ചൊടിയോടുകൂടിയായിരിക്കണം; എന്നാൽ താഴ്ന്നതാവട്ടെ, പതുക്കെ മാത്രമേ പാടുള്ളൂ. സൂര്യാസ്തമയത്തിനു് അല്പം മുമ്പായി കൊടി ഇറക്കേണ്ടതുമാണു്.

ആഘോഷാവസരങ്ങളിൽ സൈനിക രീതിയിൽ മാർച്ചു ചെയ്യുമ്പോൾ വലത്തു വശത്തു നില്ക്കുന്ന ആളാണു് കൊടി പിടിക്കേണ്ടതു്. കൊടി എപ്പോഴും അയാളുടെ വലത്തുവശത്തായിരിക്കയും വേണം.

ദുഃഖം ആചരിക്കേണ്ടിവരുമ്പോൾ പതാക കൊടിമരത്തിന്റെ പകുതിവരെ ഇറക്കിക്കെട്ടണമെന്നാണു് നിയമം. എന്നാൽ കൊടിമരത്തിന്റെ അഗ്രംവരെ പൊക്കിയശേഷമേ അങ്ങനെ താഴ്ത്താവൂ. അതുപോലെ, വൈകുന്നേരം കൊടി ഇറക്കുമ്പോഴും മുഴുവൻ പൊക്കിയശേഷം വേണം താഴ്ത്തിക്കൊണ്ടുവരാൻ.

ഈ നിയമങ്ങളും നാം അറിയുകയും അനുസരിക്കുകയും വേണം. ഒരിക്കൽ പതാക ഉയർത്തിക്കൊണ്ടു് ഇന്ത്യയുടെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ചെയ്ത പ്രസംഗത്തിൽ, നാം അതിനെ ഏതുവിധത്തിൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്നു വ്യക്തമാക്കുകയുണ്ടായി: "അല്പമെങ്കിലും രാജ്യസ്നേഹമുള്ള, അല്പമെങ്കിലും ആത്മാഭിമാനമുള്ള ഓരോ ഇന്ത്യാക്കാരനും ദേശീയ പതാകയെ ഹൃദയപൂർവ്വം സ്നേഹിക്കണം, ബഹുമാനിക്കണം, അമൂല്യസമ്പത്തായി സൂക്ഷിക്കണം; മരണത്തെപ്പോലും അവഗണിച്ചു് അതിന്റെ അന്തസ്സു് സംരക്ഷിക്കണം."

ഭാരത പതാക വിജയിപ്പൂതാക!

അഭ്യാസം

1. കേട്ടെഴുത്തു്:—

   ചിഹ്നം; അർത്ഥം; സ്വീകരിക്കുക; സന്നദ്ധത; ഐശ്വര്യം; പ്രവർത്തിക്കുക; സ്വാതന്ത്ര്യം; രാഷ്ട്രീയം; ആഘോഷം; അസ്തമയം; ദുഃഖം; വ്യക്തം; ഹൃദയം; ധ്വജാഗ്രം.

2. പ്രയോഗങ്ങൾ :—
   (a) ഹൃദയപൂർവ്വം
   (b) രാഷ്ട്രീയം, ദേശീയം
   (c) വിജയിപ്പതാക
   (d) ഔദ്യോഗികം, സൈനികം.
3. ചേർത്തെഴുതുക :—
   ഇറക്കി + കെട്ടുക ;
   താഴ്ത്തി + കൊണ്ടുവരുക ;
   വൃക്ഷം + ആക്കുക.
4. പകരം ഉപയോഗിക്കാവുന്ന പദം എഴുതുക :—
   കൊടി ; അടയാളം ; തുണ് ; ഏറ്റവും ; വീട്ട്.
5. ദേശീയപതാകയിൽ എത്ര നിറം ഉണ്ട് ? ഏതെല്ലാം ? ആ നിറങ്ങൾ എന്തു സൂചിപ്പിക്കുന്നു ? അശോകചക്രം നമ്മെ എന്താണ് ഓർമ്മിപ്പിക്കുന്നത് ?
6. പതാകയുടെ ഒരു ചിത്രം വരച്ച് ചായം ഇടുക. വണ്ണക്കടലാസുകൊണ്ട് ഒരു പതാക ഉണ്ടാക്കുക.

പാഠം 25

ഗുരുദക്ഷിണ

പാണ്ഡവന്മാരെയും കൗരവന്മാരെയുംപറ്റി നിങ്ങൾ കേട്ടിരിക്കും. അസ്ത്രപ്രയോഗത്തിൽ അവർ അതിസമർത്ഥന്മാരായിരുന്നു. ദ്രോണാചാര്യരായിരുന്നു അവരെ ഈ വിദ്യ അഭ്യസിപ്പിച്ചത്.

ദ്രോണാചാര്യർ ഈ രാജകുമാരന്മാരെ പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്തു വേടരാജാവായ ഹിരണ്യധനസ്സിന്റെ പുത്രൻ ഏകലവ്യൻ അദ്ദേഹത്തെ സമീപിച്ചു തന്നെക്കൂടി അസ്ത്രവിദ്യ അഭ്യസിപ്പിക്കണമെന്ന് അപേക്ഷിച്ചു. എന്നാൽ അവൻ വേടക്കിടാത്തനായതുകൊണ്ട് അദ്ദേഹത്തിന് ആ അപേക്ഷ സ്വീകരിക്കാൻ നിവൃത്തിയില്ലായിരുന്നു. ഏകലവ്യന് എന്തെന്നില്ലാത്ത ദുഃഖം തോന്നി. എന്നാൽ അദ്ദേഹത്തെത്തന്നെ ഗുരുവായി സങ്കല്പിച്ചുകൊണ്ട് അവൻ സാഷ്ടാംഗം നമസ്കരിച്ചു.

വനത്തിൽ തിരിച്ചെത്തിയശേഷം ഏകലവ്യൻ ഗുരുവിന്റെ ഒരു മൺപ്രതിമയുണ്ടാക്കി ഒരിടത്തു പ്രതിഷ്ഠിച്ചു. അതിന്റെ

മുമ്പിൽനിന്നു് അവൻ സ്വയം ധനുർവിദ്യ പരിശീലിക്കാൻ തുടങ്ങി. അല്പകാലംകൊണ്ടു് ആ ഗുരുഭക്തൻ അസ്ത്രപ്രയോഗത്തിൽ നിപുണനായിത്തീർന്നു.

ഇങ്ങനെയിരിക്കെ, ഒരു ദിവസം കൗരവന്മാരും പാണ്ഡവന്മാരും നായാട്ടിനായി ആ വനത്തിൽ എത്തി. അവരുടെകൂടെ ഒരു പട്ടിയുമുണ്ടായിരുന്നു. മാൻതോലുടുത്തു ജടാധാരിയായി നിന്ന ഏകലവ്യനെ മരങ്ങളുടെ ഇടയിലൂടെ കണ്ടു് ആ പട്ടി കരച്ചു ബഹളംകൂട്ടാൻ ആരംഭിച്ചു. ഏകലവ്യനു് ഇതു് അസഹ്യമായിത്തോന്നി. പെട്ടെന്നു് അവൻ ശബ്ദം കേട്ട സ്ഥലം ലക്ഷ്യമാക്കി ഏതാനും അമ്പുകൾ പ്രയോഗിച്ചു. പട്ടിയുടെ കരച്ചിൽ നിശ്ശേഷം നിലച്ചു. അതു പ്രാണവേദനയോടെ യജമാനന്മാരുടെ അടുത്തെത്തി. പട്ടിയെ കണ്ടപ്പോൾ അവർക്കു ദുഃഖമല്ല, അത്ഭുതമാണുണ്ടായതു്. അതിന്റെ വായ്ക്കകത്തു് ഏഴു് അമ്പുകൾ! ആരാണീ സമർത്ഥൻ! ശബ്ദംകേട്ട സ്ഥലത്തെ ലക്ഷ്യമാക്കി ഇത്ര സൂക്ഷ്മമായി ബാണം പ്രയോഗിച്ചതാരു്? അവർക്കു് അവനെ കണ്ടുപിടിക്കാൻ തിടുക്കമായി.

അല്പസമയത്തിനുള്ളിൽ അവർ ഏകലവ്യനെ കണ്ടെത്തി. അവന്റെ ബാണപ്രയോഗത്തിലുള്ള നൈപുണ്യത്തെ അവർ ഉള്ളഴിഞ്ഞു പ്രശംസിച്ചു. അവനാരു്, അവന്റെ ഗുരുവാരു്, എന്നൊക്കെ അന്വേഷണമായി. "പ്രസിദ്ധനായ ദ്രോണാചാര്യരുടെ ശിഷ്യൻ ഏകലവ്യനാണു് ഞാൻ" എന്നു് അവൻ അഭിമാനപൂർവ്വം അറിയിച്ചു.

രാജകുമാരന്മാർ അത്ഭുതപ്പെട്ടു. "ഇങ്ങനെയും ഒരു ശിഷ്യനുണ്ടോ നമ്മുടെ ഗുരുവിനു്! ഒരു വേടക്കിടാത്തൻ ദ്രോണാചാര്യരുടെ ശിഷ്യനോ?" എന്നൊക്കെയായി അവരുടെ വിചാരം. അവർ നേരേ ഗുരുവിന്റെ സമീപമെത്തി. നടന്ന കഥയെല്ലാം പറഞ്ഞുകേൾപ്പിച്ച ഗുരുവിനും ആശ്ചര്യം തോന്നി. അപ്പോൾ അർജ്ജുനൻ ചോദിച്ചു:—"ആചാര്യ 'എന്റെ ശിഷ്യന്മാരിൽ അർജ്ജുനനാണു് ഏറ്റവും സമർത്ഥൻ' എന്നു് അങ്ങു പലതവണ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ, അസ്ത്രപ്രയോഗത്തിൽ ഏകലവ്യനെ ജയിക്കാൻ ആരുംതന്നെ കാണുകയില്ല എന്നാണു് എന്റെ വിശ്വാസം."

ഇതുയും കേട്ടപ്പോൾ വനത്തിൽച്ചെന്നു് ഏകലവ്യനെ ക്കണ്ടു് വാസ്തവം ഗ്രഹിക്കണമെന്നു് ആചാര്യൻ തീർച്ചപ്പെടുത്തി. അർജ്ജുനനുമൊന്നിച്ചു് അദ്ദേഹം വനത്തിലേക്കു് യാത്രയാവുകയും ചെയ്തു.

ദൂരെ വച്ചുതന്നെ തന്റെ ഗുരുനാഥനെ ഏകലവ്യൻ കണ്ടു അതിരറ്റ ആനന്ദത്തോടും ഭക്തിയോടുംകൂടി അവൻ ഓടിയെത്തി ഗുരുപാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു. അവൻ തന്റെ ശിഷ്യനായതെങ്ങനെയെന്നും മറ്റും അദ്ദേഹം അവനിൽനിന്നും ഗ്രഹിച്ചു എന്നിട്ടു് അദ്ദേഹം ഇങ്ങനെ ചോദിച്ചു:—"നീ അസ്ത്ര വിദ്യ അഭ്യസിച്ചു കഴിഞ്ഞു. ഇനി ഗുരുദക്ഷിണ നൽകണം. ദക്ഷിണയായി നീ എന്താണു് തരുന്നതു്?"

അവൻ സസന്തോഷം അറിയിച്ചു:—"എന്തും എന്തും തരും. എന്നാൽ എന്താണു് തരേണ്ടതെന്നു് എനിക്കറിഞ്ഞുകൂടാ. അതു് അവിടുന്നു് അരുളിച്ചെയ്യണം?"

"എന്തും തരുമോ? എന്നാൽ നിന്റെ വലതുകയ്യിലെ പെരുവിരൽ തന്നെയാകട്ടെ" എന്നായി ആചാര്യൻ.

ഗുരുഭക്തനായ ഏകലവ്യൻ ഒട്ടും മടിച്ചില്ല. ഉടൻ ഒരു അമ്പു വലിച്ചുരി പെരുവിരൽ ഛേദിച്ചു് ഗുരുവിനു കാഴ്ചവച്ചു. ഒരു വില്ലാളി ഇങ്ങനെ കറയറ്റ ഗുരുഭക്തി പ്രദർശിപ്പിച്ചതു കണ്ടു് അർജ്ജുനൻ വിസ്മയിച്ചു. ആനന്ദംകൊണ്ടു് ആചാര്യന്റെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹം ഇങ്ങനെ അനുഗ്രഹിച്ചു:—"പ്രിയ ശിഷ്യാ, പെരുവിരൽ പോയെങ്കിലും അസ്ത്രപ്രയോഗത്തിൽ നിനക്കു യാതൊരു ന്യൂനതയും സംഭവിക്കുകയില്ല. കറയറ്റ ഗുരുഭക്തി നിന്നെ രക്ഷിക്കും."

അഭ്യാസം

1. കേട്ടെഴുത്തു്:—

   ആശ്ചര്യം; പ്രതിജ്ഞ; വിദ്യാഭ്യാസം; വാസ്തവം; സാഷ്ടാംഗം; അസ്ത്രം; ഛേദിക്കുക; നൈപുണ്യം; നിവൃത്തി; നിശ്ചയം; പെട്ടെന്നു്; ന്യൂനത.

2. പ്രയോഗം:—

   (എ) അഭിമാനപൂർവ്വം; ബഹുമാനപൂർവ്വം; വിനയപൂർവ്വം.

   (ബി) അതിനിപുണൻ; അതിസമർത്ഥൻ.

   (സി) സസന്തോഷം; സവിനയം.

3. ആത്മവൃത്ത്യാസം ശ്രദ്ധിക്കുക:—

   അഭ്യസിച്ചു—അഭ്യസിച്ചുകഴിഞ്ഞു
   ചെയ്തു—ചെയ്തുകഴിഞ്ഞു.

4. സാമർത്ഥ്യമുള്ളവൻ ; നൈപുണ്യമുള്ളവൻ എന്നീ അർത്ഥത്തിൽ ഓരോ പദമെഴുതുക.

5. സ്ഥ, ഷ്ട എന്നീ കൂട്ടക്ഷരങ്ങൾ ഓരോന്നാം ചേർന്ന എത്ര പദങ്ങൾ അറിയാം? എഴുതി നോക്കുക.

6. വിപരീതപദം എഴുതുക :—
   പ്രിയം ×
   സ്വീകരിക്കുക ×
   ആരംഭം ×

7. ഓരോ അർത്ഥത്തിലുള്ള പദം എഴുതുക:—
   അത്ഭുതം ; നൈപുണ്യം ; അസൂയിദ്യ.

8. ഏകലവ്യൻ ധനുർവിദ്യ അഭ്യസിച്ചതെങ്ങനെ ?
   ധനുർവിദ്യയിലുള്ള സാമർത്ഥ്യം ഏകലവ്യൻ കാണിച്ചതെങ്ങനെ?
   ഗുരുവിന്റെ അനുഗ്രഹം എന്തായിരുന്നു ?

പാഠം 26

കാകനും അരയന്നവും



ദിനന്തോറുമെച്ചിൽ കൊട്ടത്തൊരു വൈശ്യ
തനയന്മാരായ കുമാരന്മാർ മുന്നം
വളർത്താരെന്നതു നിമിത്തമായ് കാകൻ
പുളച്ചഹങ്കരിച്ചരയന്നങ്ങളെ

മദത്തൊട്ട ചെന്നു വിളിച്ചി,"താഴിയെ-
ക്കടക്കണം പറന്നിനിനാമെല്ലാരും".
അതുകേട്ടള്ളിൽ കൗതുകത്തോടന്നവു-
മുദധിതൻമീതെ പറന്നിതുമെല്ലെ.
അതിലുംമേൽഭാഗത്തധികം വേഗത്തി-
ലതിമോദത്തോട്ട പറന്നു കാകനും.
തെളിഞ്ഞു വായസഗണവുമന്നേരം
തളർന്നു കാകനും ചിറകു മന്ദിച്ചു
കഴഞ്ഞു വെള്ളത്തിൽ പിടഞ്ഞു വീണൊടൻ
കഴിഞ്ഞു കാകൻ തന്നഹങ്കാരമെല്ലാം.

ഭാരതം] [തുഞ്ചത്തെഴുത്തച്ഛൻ

അഭ്യാസം

1. കാക്കയുടെ ഗർവ്വിന്റെ കാരണമെന്താണു്?
2. അരയന്നങ്ങളോടു് കാക്ക എന്താണു് ആവശ്യപ്പെട്ടതു്?
3. കാക്ക എവിടെയാണു് പറന്നതു്? ഒടുവിൽ അതിനെന്തു സംഭവിച്ചു?
4. അഹങ്കാരംകൊണ്ടു് ആപത്തുണ്ടായ വേറെ വല്ല കഥയും പറയുക.
5. ഛേദിച്ചെഴുതുക:—
   ദിനം+തോറും+എച്ചിൽ
   വിളിച്ചിതു+ആഴിയെ+കടക്കണം
   പറന്നു്+ഇനി+നാം+എല്ലാരും
6. പിരിച്ചെഴുതുക:—
   വളർത്താരെന്നതു
   പുളച്ചഹങ്കരിച്ചു

എറുമ്പ്

എത്രയോ ജന്തുക്കൾ നമ്മോടൊത്തു നമ്മുടെ വീടുകളിൽ ജീവിക്കുന്നുണ്ട്. ആടുമാടുകളും പൂച്ചയും പട്ടിയും മറ്റും അവയിൽ വലിയതരം ജീവികളാണ്. അവയെപ്പറ്റിയല്ല ഇവിടെ പറയാൻ പോകുന്നത്. പല്ലിയും പാറ്റയും ചിലന്തിയും ഈച്ചയും കൊതുകും മൂട്ടയും നമുക്കു ഇഷ്ടമില്ലാത്ത അതിഥികളായി വീടുകളിൽ കഴിയുന്നു. അവയെക്കാളും നിർഭയമായി വീടുകളിൽ പെരുമാറുന്ന വേറും അല്പപ്രാണികളായ ധിക്കാരികളും ഉണ്ട്. ചിതലും എറുമ്പും ആണ് അവ. കടുകുമണിയേക്കാൾ ചെറിയ ജീവികൾ; എത്ര ഉണ്ടാലും നിറയാത്ത വയറുമാർ. ഒരു വയ്ക്കോൽത്തുറു മുഴുക്കെ ഒരു പുറ്റു ചിതലുകൾ ഏതാനും ദിവസങ്ങൾകൊണ്ട് തിന്നൊടുക്കും. പത്തു കാള ഒരു മാസം തിന്നുന്ന വയ്ക്കോൽ, ഒരു പറ്റം ചിതൽ പത്തു ദിവസംകൊണ്ട് തിന്നുകളയും. മരവും തടിയും തുണിയും പുസ്തകവും എല്ലാം ചിതലിനു വേറും തീറ്റിപ്പണ്ടങ്ങൾ. എന്നാൽ അവ നമ്മുടെ ആഹാരസാധനങ്ങളിൽ കൈവയ്ക്കാറില്ല. ആ ശല്യം ചെയ്യാനുള്ള ചുമതല എറുമ്പ് ഏറ്റെടുത്തിരിക്കയാണ്.

അകത്തമ്മയെപ്പോലെ ഇരിക്കുന്ന വെള്ള എറുമ്പുകളാണല്ലോ ചിതലുകൾ. അവ പുറത്തുനിന്നു കൊള്ള ചെയ്യാറില്ല. എന്നാൽ എറുമ്പുകൾ പട്ടാപ്പകൽ കൊള്ള ചെയ്യുന്ന കടുംകൊള്ളക്കാരാണ്. നെയ്യും ശർക്കരയും പഞ്ചസാരയും പാലും പഴവും അരിയും ചോറും എന്തും കണ്ടുപിടിച്ച്, തനിച്ചും കൂട്ടുചേർന്നും തട്ടിക്കൊണ്ടു കടന്നുകളയുകയാണ് അവയുടെ തൊഴിൽ. അമ്പോ! ഇങ്ങനെ അതിരറ്റ ഒരു കയ്യേറ്റം ഉണ്ടോ! മറ്റു ചില അല്പപ്രാണികളേയും അവ കണ്ടാൽ വിട്ടയക്കാറില്ല. ഒരു പുഴുവോ ഈയലോ എറുമ്പോ അവയുടെ കണ്ണിൽ പെട്ട എന്നിരിക്കട്ടെ. കുറെ എറുമ്പുകൾ അതിന്റെ തലയ്ക്കു പിടിക്കുടും. അനേകം എറുമ്പുകൾ അതിന്റെ ശരീരത്തിൽ കടിച്ചു തൂക്കി എടുത്തുകൊണ്ട് യാത്രതുടങ്ങും. ചെന്നായ്ക്കളുടെ കൂട്ടം മാനിനെ വളഞ്ഞു പിടികൂടുമല്ലോ. അതുപോലെയാണ് എറുമ്പുകൾ പുഴുവിനെ പിടികൂടുന്നത്.

നമ്മുടെ നാട്ടിൽ എത്രയോതരം എറുമ്പുകൾ ഉണ്ട്. ചെറിയ നെയ്യെറുമ്പുതൊട്ട് പെരുന്തലയനെറുമ്പുവരെ പലതരം എറുമ്പുകൾ നമുക്കു പരിചയമുണ്ട്. നെയ്യെറുമ്പും ശോണനും (ചോനൻ) ശവംതിന്നിയെറുമ്പും കട്ടെറുമ്പും വീടുകളിൽ സാധാരണമാണ്. കട്ടെറുമ്പു കുറുത്തതും മറ്റുള്ളവ അധികം തവിട്ടു നിറത്തിലുള്ളവയും ആണ്. ശവംതിന്നിയെറുമ്പ് ജീരകത്തെക്കാൾ ചെറിയ പ്രാണിയാണ്. എങ്കിലും അതിന്റെ കടിയേറ്റാൽ വളരെ വിഷമിക്കും. ശോണനെപ്പോലെ മധുരപദാർത്ഥങ്ങളിൽ കൊതിയുള്ള പ്രാണി ഇല്ല. ശർക്കരയും പഞ്ചസാരയും തേനും പാലും മറ്റും കിട്ടാൻവേണ്ടി ജീവൻ കളയാനും അവയ്ക്കു മടിയില്ല.

വീട്ടിൽ വലിയ ശല്യത്തിനു വരാത്ത ഒരിനമാണ് വീറ് (നീറ്). കടിച്ചുചാവുന്ന പ്രാണിയെന്ന് അതിനെപ്പറ്റി ഒരു ചൊല്ലുണ്ട്. അതിന്റെ സങ്കേതത്തിൽ ചെന്നാൽ അതു കൂട്ടത്തോടെ നമ്മെ ആക്രമിക്കും. എതിരാളിയെ അവയ്ക്കു തീരെ പേടിയില്ല. അവ കടിച്ചാൽ തുത്തെറിഞ്ഞു കളയാം എന്നു വിചാരിക്കേണ്ട. കടിച്ചകടി അതു ചത്താലും വിടില്ല. മരങ്ങളിലാണ് അവയുടെ വാസം. ഇലകൾ കൂട്ടിച്ചേർത്ത് കൂടുകൂട്ടുപോലെയുള്ള കൂടുണ്ടാക്കാൻ അവയ്ക്ക് എന്തൊരു മിടുക്കാണ് !

കട്ടെറുമ്പും വിശിറും മറ്റുമാണല്ലോ നമ്മുടെ നാട്ടിലെ എറുമ്പുകളിൽ പ്രമാണികൾ. അവയ്ക്കു നമ്മെ ശല്യം ചെയ്യാനുള്ള ശക്തി വളരെ കുറവാണ് എന്നു പറയണം. ആഫ്രിക്കയിലെ ചില എറുമ്പുകളുടെ കഥ മനസ്സിലാക്കിയാൽ ഈ കാര്യം സ്പഷ്ടമാകും. അവയുടെ സ്വഭാവം കൊണ്ട് അവയെ വേട്ടയെറുമ്പുകൾ എന്നു വിളിക്കുന്നു. സംഘംചേർന്ന് അവ വരുന്നതു കണ്ടാൽ വലിയ കാട്ടുജന്തുക്കൾപോലും ഓടി ഒളിക്കും. ഈ എറുമ്പിൻപട ആക്രമിച്ച് പന്നിക്കുട്ടിയെയും മനുഷ്യനെയും കൊന്നതിന്നുകളയും.

വേട്ടയെറുമ്പുകളുടെ ആക്രമണം ഉണ്ടെന്നറിഞ്ഞാൽ ഗ്രാമത്തിലുള്ള ജനങ്ങൾ ഒന്നാകെ ഓടി രക്ഷപ്പെടും. ചിലപ്പോൾ ആളുകൾ ജലാശയങ്ങളെ അഭയംപ്രാപിക്കും. വെള്ളത്തിൽ ഇറങ്ങിച്ചെന്നു ആക്രമിക്കാൻ വേട്ടയെറുമ്പിനു മിടുക്കില്ല. എന്നാൽ

വെള്ളത്തിലും മുങ്ങിച്ചാകാതെ കിടക്കാൻ വേട്ടയെറുമ്പുകൾക്കു കഴിയും. വെള്ളപ്പൊക്കംകൊണ്ടു മാളങ്ങൾ നശിക്കുമ്പോൾ അനേകം എറുമ്പുകൾ ഒന്നുചേർന്നു പന്തുപോലെ വെള്ളത്തിൽ പൊങ്ങിക്കിടക്കും. കുട്ടിയെറുമ്പുകളും പെണ്ണെറുമ്പുകളും അകമേയും ആണെറുമ്പുകൾ പുറമേയും ആയിട്ടാണു് ഉരുണ്ടു കൂടുന്നതു്. വെള്ളം വറ്റുന്നതുവരെ അവ അങ്ങനെ കിടന്നു രക്ഷപ്പെടും.

ഗ്രാമങ്ങൾക്കടുത്തു വേട്ടയെറുമ്പുകൾ പെരുകിയാൽ അവയെ നശിപ്പിക്കാൻ ഗ്രാമവാസികൾ ഒരു ഉപായം പ്രയോഗിക്കാറുണ്ടു്. ഉണങ്ങിയ പനയോലയും പുല്ലും മാളത്തിന്റെ വായ്ക്കൽ ഇട്ടു തീ കത്തിക്കും. എന്നാൽ അതുകൊണ്ടു് വലിയ പ്രയോജനം ഉണ്ടാകാറില്ല. അധികം എറുമ്പുകളും എങ്ങനെയെങ്കിലും വെളിയിൽ കടന്നുകൂടും.

അവ പലപ്പോഴും വൃക്ഷങ്ങളിൽ കയറി ഒന്നിന്മേൽ മറ്റൊന്നു എന്ന ക്രമത്തിൽ കടിച്ചുപറ്റി മാലപോലെ തൂങ്ങിക്കിടക്കും. ഇങ്ങനെ അനേകായിരം എറുമ്പുകൾ തൂങ്ങിക്കിടക്കുന്ന വൃക്ഷങ്ങൾ ആഫ്രിക്കയിലെ വനങ്ങളിൽ കാണാവുന്നതാണു്. തീരത്തുള്ള വൃക്ഷങ്ങളിൽ ഇങ്ങനെ മാലയായിത്തൂങ്ങി ഈ എറുമ്പുകൾ നദികൾ കടക്കാറുണ്ടു്.

എറുമ്പുകളുടെ ജീവിതം സൂക്ഷിച്ചു പഠിച്ചാൽ രസമുള്ള പല കാര്യങ്ങളും മനസ്സിലാക്കാൻ കഴിയും. ഒരിനം എറുമ്പുകൾ മടിയന്മാരാണു്. അവ മറ്റു് എറുമ്പുകളെപ്പിടിച്ചു് അടിമകളാക്കി വേല ചെയ്യിക്കുന്നു. അടിമയെറുമ്പുകളാണു് ആഹാരം തേടിക്കൊണ്ടുവന്നു കൊടുക്കുന്നതു്. അടിമയെറുമ്പുകളെപ്പോലെ പടയാളിയെറുമ്പുകളും ഉണ്ടു്. അവയാണു് യുദ്ധത്തിൽ ഏർപ്പെട്ട ശത്രുക്കളെ എതിരിടുന്നതു്.

എറുമ്പുകൾ വ്യവസായങ്ങളും നടത്തുന്നുണ്ടു്. പാലിനു നാം പശുക്കളെ വളർത്തുന്നതുപോലെ എറുമ്പുകൾ ഒരുതരം തേൻകുടിക്കാനായി ചില അല്പപ്രാണികളെ വളർത്താറുണ്ടു്. ചില ചെടികളുടെ ഇലയിൽ കുട്ടമായി ഇത്തരം ജീവികൾ പറ്റിയിരിക്കുന്നതു കാണാം. അവ ഒരുതരം തേൻ പുറപ്പെടുവിക്കും. അതു് എറുമ്പുകൾക്കു് അമൃതമാണു്.

ക്ഷാമകാലത്തേക്കു് ആഹാരം കരുതിവയ്ക്കുന്നതു് എറുമ്പുകൾക്കുള്ള പ്രത്യേക സ്വഭാവമാണു്. അവ പലതരം ധാന്യങ്ങൾ മാളങ്ങളിൽ സംഭരിക്കും.

തേനീച്ചകളെപ്പോലെ തേൻ ശേഖരിക്കുന്ന എറുമ്പുകളും ഉണ്ടു്. അമേരിക്കയിൽ മെക്സിക്കോ രാജ്യത്താണു് തേനെറുമ്പുകൾ അധികമുള്ളതു്. ഉദരത്തിലാണു് അവ തേൻ സൂക്ഷിക്കുന്നതു്. തേൻ കുടിച്ചു വീർത്ത അതിന്റെ വയറു് ഒരു നെല്ലിക്കാപോലെ ഇരിക്കും. അതിൽനിന്നു് മറ്റു് എറുമ്പുകൾ ആവശ്യംപോലെ തേൻ കുടിക്കും. മെക്സിക്കോക്കാർ ഇത്തരം എറുമ്പുകളെ പിടിച്ചു പിഴിഞ്ഞു തേൻ എടുക്കുന്നു.

അല്പപ്രാണികളെങ്കിലും എറുമ്പുകൾ അത്ഭുതപ്രാണികളാണു്. അവയുടെ ഒത്തൊരുമയും ഉത്സാഹശീലവും സംഘടനയും കണ്ടു പഠിക്കേണ്ടതാണു്.

അഭ്യാസം

1. കേട്ടെഴുത്തു് :—

   അതിഥി ; ആഹാരസാധനം ; സ്പഷ്ടം ; ആക്രമണം ; പ്രയോഗിക്കുക ; വ്യവസായം ; ഉത്സാഹം ; പ്രയോജനം.

2. പിരിച്ചെഴുതുക :—

   പൊങ്ങിക്കിടക്കുക ; വേട്ടയെറുമ്പു് ; കാട്ടുജന്തുക്കൾ ; പന്നിക്കുട്ടം ; ഒന്നിനേൽ.

3. രണ്ടു വാക്യമായി പിരിച്ചെഴുതുക :—

   (i) വെള്ളപ്പൊക്കംകൊണ്ടു് മാളങ്ങൾ നശിക്കുമ്പോൾ അനേകം എറുമ്പുകൾ ഒന്നാചേർന്നു് പന്തുപോലെ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നു.

   (ii) കടിയെറുമ്പു് കറുത്തതും മറ്റുള്ളവ അധികം തവിട്ടുനിറത്തിലുള്ളവയും ആണു്.

4. ഒറ്റവാക്യമായി എഴുതുക :—

   ഒരു പുഴുവോ, ഈയലോ, എറുമ്പോ അവയുടെ കണ്ണിൽപെട്ടാൽ എന്നിരിക്കട്ടെ. കറു എറുമ്പുകൾ അതിന്റെ തലയ്ക്കു പിടിക്കുന്നു.

5. വിപരീതപദം എഴുതുക :—

   ഭയം ; ഇഷ്ടം ; സ്പഷ്ടം ; ആവശ്യം ; ഉത്സാഹം.

6. എറുമ്പുകളെക്കൊണ്ടു് മനുഷ്യനുള്ള ഉപദ്രവങ്ങൾ എന്തെല്ലാം ; ഉപകാരങ്ങൾ എന്തെല്ലാം ?

പാഠം 28

വേലുത്തമ്പി ദളവയുടെ ന്യായദീക്ഷ

[വേലുത്തമ്പി ദളവയുടെ തലക്കുളത്തുള്ള വസതി. വേലുത്തമ്പിയും അമ്മയും ഇരിക്കുന്നു.]

വേലുത്തമ്പി :—(അമ്മയുടെ മുഖത്തു സൂക്ഷിച്ചുനോക്കിയിട്ടു) അമ്മ എന്താണിങ്ങനെ ആലോചിച്ചുകൊണ്ടിരിക്കുന്നതു ? മുഖം വല്ലാതെ വാടിക്കാണുന്നല്ലോ ?

അമ്മ :—വയസ്സായില്ലേ, ക്ഷീണമുണ്ടു. മനസ്സിനു ആകപ്പാടെ ഒരു സമാധാനവുമില്ല.

തമ്പി :—സമാധാനമില്ലാതാവാൻ കാരണം ?

അമ്മ :—കാരണം നീ തന്നെ. എന്റെ വയറ്റിൽ കിടന്നവനല്ലേ നീ ? അതുകൊണ്ടു നിന്നെപ്പറ്റി വിചാരിക്കുമ്പോൾ സങ്കടം തോന്നുകയാണു.

തമ്പി :—ഒന്നും ഒളിച്ചുവയ്ക്കാതെ പറയണം അമ്മേ.

അമ്മ:—ഇയ്യിടെയായി എന്തോ എനിയ്ക്കൊരു പേടി—(തൊണ്ട ഇടറുന്നു) എന്റെ മോനു വല്ല അപകടവും വന്നുപോകുമോ എന്നു.

തമ്പി :—ഞാനപ്പോഴേ വിചാരിച്ചു. ആ കിട്ടുക്കണിയാരു വല്ലതും പറഞ്ഞു പേടിപ്പിച്ചിരിക്കുമെന്നു.

അമ്മ :—(ചൊടിച്ചുകൊണ്ടു) വല്ല കിട്ടുവും ചങ്കുവും പറഞ്ഞാൽ വേലുത്തമ്പിയെ പെറ്റ എനിക്കങ്ങു പേപിടിച്ചു പോകുമോ? (ശാന്തമായി) കൊച്ചുവേലു, അതൊന്നുമല്ല കാര്യം. നമുക്കു നാലുപാടും ശത്രുക്കളാണു. എപ്പോൾ എന്തു സംഭവിക്കുമെന്നു ആർക്കറിയാം. അടുത്തു നില്ക്കുന്നവരെപ്പോലും വിശ്വസിക്കാൻ വയ്യ.

തമ്പി:—ശത്രുക്കൾ! പോവാൻ പറയണം അമ്മേ. ആരു ശത്രു വായാലും സത്യവും ന്യായവും മുൻനിർത്തി ഞാൻ എന്റെ ജോലി ചെയ്യും. രാജ്യത്തിലെ ദളവയ്ക്കു ശത്രുവുമില്ല, ബന്ധുവുമില്ല.

അമ്മ:—(ബന്ധുവില്ലെന്ന പറഞ്ഞതിലുള്ള നീരസത്തോടെ, ഗൗരവത്തിൽ) പെറ്റ തള്ളയേയും ഉടയ്ക്കാരേയും മറന്ന സംസാരിക്കാതെ!

തമ്പി:—(അമ്മയെ തൊട്ടുകൊണ്ട്) ഇതു് കൊച്ചുവേലുവിന്റെ അമ്മ, ദളവയുടേതല്ല. ദളവയ്ക്കു് അമ്മയില്ല, അണ്ണനില്ല, അക്കനില്ല, ആരുമില്ല. നാട്ടുകാരെല്ലാം ഒന്നുപോലെ—നാട്ടുകാരുടെ ഉപ്പും ചോറും തിന്നുന്ന ഒരാൾ അങ്ങനെയല്ലാതെ വിചാരിക്കാമോ, അമ്മേ?

അമ്മ:—വേലു, നീ പറഞ്ഞതൊക്കെ ശരിതന്നെ. തീർച്ചയായും ന്യായം നടത്തണം. പക്ഷേ, നിന്റെ ശിക്ഷ കുറെ കൂടിപ്പോണു.

തമ്പി:—അങ്ങനെ വരട്ടെ! ആ കണ്ടെഴുത്തുപിള്ളയുടെ കൈ....

അമ്മ:—വേണ്ട, വേണ്ട. അതു കൂടെക്കൂടെ പറഞ്ഞു് എന്നെ മനോവിഷമിക്കാതെ. പാവം! ആ മല്ലൻ ഉണ്ട ചോറിനു് കൂറു കാണിച്ചവനാണു്. അവന്റെ കൈ....

തമ്പി:—(അക്ഷമനായി) ഇനി അവൻ ആ തെറ്റു ചെയ്യരുതു്. ആ കൈകൊണ്ടു് അവൻ കള്ളം എഴുതരുതു്. അങ്ങോട്ടു മനോക്കു അമ്മേ (തെങ്ങു ചൂണ്ടിക്കാണിച്ചു്) ആ തെങ്ങുകളെല്ലാം അവൻ മൂന്നാം തരത്തിൽ ചേർത്തു് കരം കുറിച്ചിട്ടില്ലേ? രാജ്യത്തിനു കിട്ടേണ്ട പണമല്ലേ അവൻ നശിപ്പിക്കാൻ നോക്കുന്നതു്? രാജ്യദ്രോഹമല്ലേ അതു്! പണവും പ്രതാപവും ഉള്ളവരുടെയെല്ലാം തെങ്ങുകൾ മൂന്നാംതരമായി കണ്ടെഴുതിയാൽ സർക്കാരിനെത്ര നഷ്ടം വരും!

അമ്മ:—ഞാൻ നിന്റെ അമ്മ—ദളവയുടെ അമ്മ—പറഞ്ഞിട്ടല്ലേ മല്ലൻ അങ്ങനെ ചെയ്തതു്? അതിനു് അവൻ എങ്ങനെ കുറക്കാരനാകും?

തമ്പി:—അമ്മയ്ക്കു പറയാം. എന്നാൽ, അവൻ അങ്ങനെ ചെയ്യുകൂടാ. അവൻ സക്കാർ ജോലിക്കാരനാണു്. അവൻ ന്യായമനുസരിച്ചു ജോലി ചെയ്യണം. ദളവയ്ക്കു ഒരു ചട്ടം, സുബ്രതിക്കു വേറൊരു ചട്ടം, കുലിക്കാരനു മറ്റൊരു ചട്ടം—ഇങ്ങനെയായാൽ എങ്ങനെയാണു് ജോലി നടക്കുക?

അമ്മ:—അല്ലേ, എന്നാൽപ്പിന്നെ ആ ചിരുതയുടെ പ്ലാവു മുറിച്ച പിള്ളയെ വേലയിൽനിന്നു നീക്കിയതെന്തിനു്? അയാൾ ചട്ടംപോലെയല്ലേ ചെയ്തതു്? പ്ലാവു് എവിടെ നിന്നാലും പണ്ടാരവക, സക്കാരാവശ്യത്തിനാണു് മുറിച്ചതും.

തമ്പി:—അമ്മ മാത്രമല്ല, പലരും ഇതു പറഞ്ഞു കേട്ടിട്ടുണ്ടു്. സക്കാരാവശ്യത്തിനാണെന്നു പറഞ്ഞു ചിരുതയുടെ പ്ലാവു തന്നെ മുറിക്കണമെന്നുണ്ടോ—അവളും അഞ്ചെട്ടു പിള്ളേരും വെള്ളം കുടിച്ചുകിടക്കുന്നതു് അവിടത്തെ അഞ്ചാറു പ്ലാവിലെ ചക്കകൊണ്ടല്ലേ? അടുത്തുതന്നെ പണക്കാരുടെ പുരയിടങ്ങളിൽ എത്ര പ്ലാവുണ്ടു്? അവയും സക്കാർ വക തന്നെയല്ലേ? അതിൽ ഒരെണ്ണം മുറിക്കാമായിരുന്നല്ലോ?

അമ്മ:—ഒരു ചെറിയ തെറ്റു ചെയ്തു എന്നുവച്ചു് അയാളെ ജോലിയിൽനിന്നു നീക്കണോ? അതു് കടുംകൈ അല്ലേ?

തമ്പി:—ചെറിയ തെറ്റോ! ചട്ടമുണ്ടെന്നു പറഞ്ഞു ജനങ്ങളെ ഉപദ്രവിക്കുന്നതു് നിസ്സാരമായ കാര്യമാണോ? എന്തിനാണു് നിയമങ്ങളുണ്ടാക്കുന്നതു്? ജനങ്ങളെ സഹായിക്കാൻ—അല്ലേ? അക്കാര്യം മനസ്സിലാക്കാതെ പാവങ്ങളെ ഉപദ്രവിക്കുന്നവനെ ജോലിയിൽവച്ചുകൊണ്ടിരിക്കണമെന്നാണോ അമ്മ പറയുന്നതു്?

അമ്മ:—(ആലോചിച്ചിട്ട്) അപ്പോൾ നീ ചെയ്യുന്നു ശരിയാണു്, അല്ലേ? പക്ഷേ, ആളുകൾ ഇതൊന്നും മനസ്സിലാക്കുന്നില്ലല്ലോ. അവർ പറയുന്നു, നിന്റെ ശിക്ഷകളെല്ലാം കൂറെ കൂടിപ്പോകുന്നുവെന്നു്. ആ വിരോധം മനസ്സിൽ വച്ചുകൊണ്ടു് വല്ലവരും വല്ല കടുംകൈ പ്രവർത്തിച്ചാലോ എന്നാണു് എന്റെ പേടി.

തമ്പി:—എനിക്കു് അങ്ങനെയൊരു പേടിയേ ഇല്ല. ഞാൻ അങ്ങനെ പേടിച്ചുകൊണ്ടിരുന്നാൽ ഒക്കുമോ? രാജ്യത്തിനു വേണ്ടി ന്യായം നടത്തുമ്പോൾ ശത്രുക്കളുണ്ടാകാം; അപകടങ്ങളുണ്ടാകാം; ചിലപ്പോൾ മരിച്ചുപോയെന്നും വരാം. എന്നായാലും ഒരിക്കൽ മരിക്കണം. അതു രാജ്യത്തിനു വേണ്ടിയായാൽ, അതിൽക്കൂടുതൽ ഒരു സുകൃതം വരാനുണ്ടോ? എന്റെ ജീവൻ രാജ്യത്തിനുവേണ്ടി ഉഴിഞ്ഞുവച്ചിരിക്കയാണമ്മേ.

[അമ്മയുടെ മുഖം വാടുന്നു. കണ്ണിൽ വെള്ളം നിറയുന്നു. സങ്കടത്തോടെ കൂടി മകന്റെ മുഖത്തുനോക്കി, 'മോനേ' എന്നു മാത്രം പറയുന്നു.]

തമ്പി:—അമ്മേ, ഞാൻ ഇന്നു വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തിനായി തിരുവനന്തപുരത്തു് പോകയാണു്. അമ്മയുടെ കണ്ണീരുംകണ്ടുകൊണ്ടു് ഞാൻ എങ്ങനെ പോകും?

അമ്മ:—(പെട്ടെന്നു് മേൽമുണ്ടിന്റെ തുമ്പുകൊണ്ടു് മുഖം തുടച്ചു കൈകൂപ്പി) എന്റെ മണ്ടയ്ക്കാട്ടമ്മേ, എന്റെ മോനു് ഒരപകടവും വരല്ലേ! (കണ്ണടച്ചു പ്രാർത്ഥിക്കുന്നു.)

[തിരശ്ശീല]

അഭ്യാസം

1. **കേട്ടെഴുത്തു്.—**
   ന്യായദീക്ഷ; ക്ഷീണം; സംഭവിക്കുക; ബന്ധു; ഗൗരവം; ആവശ്യം; നിസ്സാരം; ഉപദ്രവം; പ്രവർത്തിക്കുക; സുകൃതം; പ്രാർത്ഥിക്കുക; രാജ്യം; വിരോധം.
2. **അതേ അർത്ഥത്തിലുള്ള പദങ്ങൾ എഴുതുക:—**
   നിയമം; ബന്ധുക്കൾ; ആളുകൾ.

3. വിപരീതപദം എഴുതുക:—

പാവങ്ങൾ; ന്യായം; തെറ്റ്; നിസ്സാരം; നഷ്ടം; വിരോധം; വിശ്വസിക്കുക.

4. ഒറ്റവാക്യമായി ചേർത്തെഴുതുക:—

(i) നമുക്കു നാലുപാടും ശത്രുക്കളാണ്. എപ്പോൾ എന്തു സംഭവിക്കുമെന്നു് ആർക്കറിയാം?

(ii) അവൻ അങ്ങനെ ചെയ്യുകയില്ല. അവൻ സത്യം പറയുന്നവനാണു്.

5. വേലുത്തമ്പിദളവ മല്ലനെ ശിക്ഷിച്ചതെന്തിനു്? പ്ലാവു മുറിച്ച പിള്ളയ്ക്കു കൊടുത്ത ശിക്ഷ എന്തു്? അങ്ങനെ ശിക്ഷിച്ചതിനു കാരണമെന്തു്?

6. ഈ നാടകം നിങ്ങൾ അഭിനയിക്കണം. നല്ലവണ്ണം പഠിച്ചിട്ടേ അഭിനയിക്കാവൂ. അഭിനയിക്കുമ്പോൾ പുസ്തകം നോക്കരുതു്.

പാഠം 29

അഗ്നിപർവ്വതങ്ങൾ

മകൻ:—ജാപ്പാനിൽ ഒരു അഗ്നിപർവ്വതം പൊട്ടിയെന്നും അനേകം വീടുകളും ആളുകളും നശിച്ചെന്നും അച്ഛൻ പത്രത്തിൽ വായിക്കുന്നതു കേട്ടല്ലോ. എന്താണച്ഛാ, അഗ്നിപർവ്വതമെന്നുവച്ചാൽ?

അച്ഛൻ:—പറയാം. അതിനുമുമ്പു് ഒന്നു ചോദിക്കട്ടേ. നീ കോഴിമുട്ട കണ്ടിട്ടുണ്ടല്ലോ. എന്താണതിന്റെ സ്വഭാവം?

മകൻ:—പുറത്തൊരു തോടു്. അകത്തു് ഒരുതരം കൊഴുത്ത ദ്രവവും.

അച്ഛൻ:—ഭൂമിയുടെ സ്വഭാവവും ഏതാണ്ടു് അതുപോലെയാണു്.

മകൻ:—എന്നുവച്ചാൽ?

അച്ഛൻ:—ഭൂമി ഒരു ഗോളമാണെന്നു നിനക്കറിയാമല്ലോ. ഭൂഗോളത്തിന്റെ ഉപരിതലം—പുറമേയുള്ളഭാഗം—മാത്രമേ തണുത്തുറച്ചിട്ടുള്ളൂ. ഉള്ളു് ഇപ്പോഴും ദ്രവമായിട്ടാണിരിക്കുന്നതു്.

മകൻ:—തണുത്തുറയ്ക്കുന്നതിനു മുമ്പോ?

അച്ഛൻ:—സൂര്യമണ്ഡലംപോലെ കത്തിക്കാളിക്കൊണ്ടിരുന്നു. അതു വളരെക്കാലം മുമ്പാണു്—അനേകം കോടി സംവത്സരങ്ങൾക്കു മുമ്പു്.

മകൻ:—അപ്പോൾ ആളുകളെങ്ങനെ ജീവിക്കും?

അച്ഛൻ:—ആളുകളോ? ആളുകളെന്നല്ല, യാതൊരു ജീവിയും സസ്യവും അന്നുണ്ടായിരുന്നില്ല. അതെല്ലാം ഉണ്ടായതു് എത്രകോടി സംവത്സരങ്ങൾക്കുശേഷമാണു്.

മകൻ:—അതൊക്കെ പിന്നെ എന്നാണുണ്ടായതു്?

അച്ഛൻ:—കത്തിക്കാളിക്കൊണ്ടിരുന്ന ഭൂമിയുടെ ഉപരിതലം തണുത്തുറച്ചു കട്ടിയായതിനുശേഷം. ഉറച്ചു കട്ടിയാകാൻ തന്നെ എത്രകോടി വർഷങ്ങൾ വേണ്ടിവന്നിരിക്കും! എന്നിട്ടും വളരെ വളരെക്കാലം കഴിഞ്ഞിട്ടാണു് ജീവികളുണ്ടായതു്. അത്രയും കാലംകൊണ്ടു് കട്ടിയായ പാറ ചിലസ്ഥലങ്ങളിലൊക്കെപ്പൊടിഞ്ഞു മണ്ണായിത്തീർന്നിരിക്കണം.

മകൻ:—ഉപരിതലം കട്ടിയായി എന്നാണല്ലോ അച്ഛൻ പറഞ്ഞതു്. അപ്പോൾ അകവശമോ?

അച്ഛൻ:—അകവശത്തു് ഇപ്പോഴും തിളച്ചുകൊണ്ടിരിക്കുന്ന ദ്രവപദാർത്ഥമുണ്ടു്.

മകൻ:—ദ്രവം തിളച്ചു മറിയുകയാണെങ്കിൽ ആവി മേലോട്ടു പൊങ്ങുമല്ലോ.

അച്ഛൻ:—തീർച്ചയായും. ആ ആവി കാരണമാണു് അഗ്നിപർവ്വതം പൊട്ടുന്നതു്.

മകൻ:—മനസ്സിലായില്ല.

അച്ഛൻ:—പറയാം. വളരെ വളരെ കൊല്ലങ്ങളായി ഇങ്ങനെ നീരാവി ഉണ്ടായിക്കൊണ്ടിരിക്കയാണു്. നീരാവി കൂട്ടുന്തോറും അതിനു് ഇരിക്കാൻ സ്ഥലവും കൂടുതൽ വേണ്ടിവരും. ഭൂമിക്കകത്തുള്ള വിടവുകളിലെല്ലാം അതു് തള്ളിക്കയറും. അങ്ങനെ കുറേക്കാലം കഴിയുമ്പോൾ അതു് തിങ്ങിഞെരുങ്ങും. ഞെരുക്കം വർദ്ധിക്കുമ്പോൾ എങ്ങനെയെങ്കിലും—

മകൻ:—പുറത്തു ചാടും. കണ്ടില്ലേ, ദശമൂലാരിഷ്ടം വച്ചിരുന്ന കുപ്പിയുടെ അടപ്പു തെറിച്ചുപോയതു്. അന്നു് അച്ഛൻ പറഞ്ഞതല്ലോ, കുപ്പിക്കകത്തു തിങ്ങിഞെരുങ്ങിയ ഗ്യാസു് അടപ്പുതെറിപ്പിച്ചുകൊണ്ടു് വെളിക്കു ചാടിയതാണെന്നു്.

അച്ഛൻ:—അതു നിനക്കോർമ്മയുണ്ടല്ലോ. അങ്ങനെ നീരാവി ശക്തിയായി വെളിയിലേക്കു വരുമ്പോഴാണു് അഗ്നിപർവ്വതം പൊട്ടി എന്നു നാം പറയുന്നതു്. അപ്പോൾ ഒഴുകുന്ന ലാവയാണു് നാശമെല്ലാം വരുത്തിവയ്ക്കുന്നതു്.

മകൻ:—എന്താണു് ഈ ലാവ?

അച്ഛൻ:—ഭൂമിയുടെ ഉള്ളിൽ തിളച്ചു മറിഞ്ഞുകൊണ്ടിരിക്കുന്ന ഒരുതരം ദ്രവത്തെപ്പറ്റി പറഞ്ഞിട്ടില്ലേ, അതുതന്നെ.

മകൻ:—സോഡാക്കുപ്പി പൊട്ടിക്കുമ്പോൾ ഗ്യാസോടുകൂടി സോഡാവെള്ളവും പുറത്തു ചാടുന്നതുപോലെ, അല്ലേ?

അച്ഛൻ:—ശരിയാണു്.

മകൻ:—അഗ്നിപർവ്വതം പൊട്ടുമ്പോഴുണ്ടാകുന്ന വിടവുകൾ എങ്ങനെയിരിക്കും?

അച്ഛൻ:—സാധാരണമായി വൃത്താകൃതിയാണു്. ആ വൃത്തത്തിനു് ഒന്നും ഒന്നരയും മൈൽ ചുറ്റളവുകാണും.

മകൻ:—ഒരിക്കൽ വിടവുണ്ടായാൽ എപ്പോഴും അതു തുറന്നിരിക്കുമോ?

അച്ഛൻ:—ഇല്ല. ലാവയുടെ പ്രവാഹം നിലയ്ക്കുന്നതോടുകൂടി ദ്വാരത്തിന്റെ മുകൾഭാഗം കട്ടിപിടിച്ച ലാവകൊണ്ട് അടഞ്ഞു പോകും. വീണ്ടും അഗ്നിപർവ്വതം പൊട്ടുമ്പോൾ ഈ അടപ്പു തെറിപ്പിച്ചുകളയും.

മകൻ:—വെടിപൊട്ടുമ്പോൾ കതിനക്കുറ്റിയിൽ നിന്നും ഇടിച്ചുറപ്പിച്ച കല്ലിൻകഷണങ്ങൾ തെറിച്ചുപോകുന്നതുപോലെ, അല്ലേ?

അച്ഛൻ:—അതേ, അതേ.

മകൻ:—അച്ഛൻ പറഞ്ഞതുപോലെയൊക്കെയാണെങ്കിൽ എവിടെയൊക്കെ പൊട്ടുമെന്നോ എപ്പോൾ പൊട്ടുമെന്നോ തീർച്ചയായും പറയാൻ ഒരുകയില്ലല്ലോ.

അച്ഛൻ:—ഒരുകയില്ല. എങ്കിലും അഗ്നിപർവ്വതങ്ങൾ ഏതൊക്കെയാണെന്നു ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്.

മകൻ:—ലോകത്തിൽ ആകെ എത്ര അഗ്നിപർവ്വതങ്ങളുണ്ടെന്നു കണ്ടുപിടിച്ചിട്ടുണ്ടോ?

അച്ഛൻ:—ഉണ്ട്. നാന്നൂറ്റി മുപ്പത്.

മകൻ:—ലോകത്തിൽ ഏറ്റവും കൂടുതൽ നാശം വരുത്തിവച്ച അഗ്നിപർവ്വതം ഏതാണച്ഛാ?

അച്ഛൻ:—'ക്രാക്കത്തുവ.'

മകൻ:—എവിടെയാണച്ഛാ, അത്?

അച്ഛൻ:—സുമാത്രാ, ജാവാ എന്നീ ദ്വീപുകളുടെ ഇടയ്ക്ക്.

മകൻ:—അതു പൊട്ടിയതിനെപ്പറ്റിയൊക്കെ പറഞ്ഞുതരണം, അച്ഛാ.

അച്ഛൻ:—അഞ്ചു മൈൽ നീളവും മൂന്നു മൈൽ വീതിയുമുള്ള ഒരു ചെറിയ ദ്വീപായിരുന്നു അതു്. പവ്വതത്തിനു് അര മൈലോളം പൊക്കം വരും. അതു പൊട്ടിയപ്പോൾ മുപ്പത്താറു മൈൽ പൊക്കത്തിലാണു് പാറക്കഷണങ്ങളും മറ്റും ചുഴറ്റി എറിഞ്ഞതു്. ഇങ്ങനെ പൊട്ടിത്തെറിച്ച പാറക്കഷണങ്ങൾ കൂമിഞ്ഞുകൂടി പുതിയ ദ്വീപുകൾ ഉണ്ടായിട്ടുണ്ടതേ്രേ! ജ്വലിക്കുന്ന പാറക്കഷണങ്ങളും തിളയ്ക്കുന്ന ലാവയും വീണു് അടുത്തുള്ള ദ്വീപുകളിലെ വനങ്ങളെല്ലാം എരിഞ്ഞു ചാമ്പലായി. പവ്വതം പൊട്ടിയപ്പോൾ സമുദ്രം അതിഭയങ്കരമായി ക്ഷോഭിച്ചു. തിരമാലകൾ ഇരുനൂറടിയോളം പൊങ്ങി. ക്ഷോഭമെല്ലാം അവസാനിച്ചപ്പോൾ കടലിൽ കിടന്നിരുന്ന ഒരു പടക്കപ്പൽ കടല്പ്പുറയിൽ നിന്നു രണ്ടു മൈൽ ഉള്ളിലുള്ള ഒരു കുന്നിന്റെ മുകളിൽ ഇരിക്കുന്നതായി കണ്ടുവതേ്രേ! ഇതിനെല്ലാത്തിനും പുറമേ, അടുത്തെങ്ങും ആൾപ്പാർപ്പില്ലാതിരുന്നിട്ടും, അനേകായിരം ആളുകൾക്കു ജീവഹാനി നേരിട്ടുപോലും.

മകൻ:—ഭയങ്കരം! നമ്മുടെ രാജ്യത്തു് അഗ്നിപവ്വതങ്ങളില്ലാത്തതു് ഒരു വലിയ ഭാഗ്യം തന്നെ.

അഭ്യാസം

1. കേട്ടെഴുത്തു്:—

   അഗ്നിപവ്വതം; അച്ഛൻ: സ്വഭാവം; സൂര്യമണ്ഡലം; സംവത്സരം; ദ്രവം; ദ്വാരം; വൃത്താകൃതി; ശാസ്ത്രജ്ഞൻ; ഭാഗ്യം; സമുദ്രം; ക്ഷോഭിക്കുക.

2. ചേർത്തെഴുതുക:—

   പാറ+കഷണം; പട+കപ്പൽ; എന്നു്+അല്ല.

3. വിപരീതപദം എഴുതുക:—

   ഓമ്മ; അകവശം; സാധാരണ; ഭാഗ്യം.

4. ജ്വ, ദ്വ, ക്ഷ, എന്നീ കൂട്ടക്ഷരങ്ങൾ ഓരോന്നും ചേർന്നു വരുന്ന എത്ര പദങ്ങൾ നിങ്ങൾക്കറിയാം? എഴുതി നോക്കുക.

5. പകരം ഉപയോഗിക്കാവുന്ന പദങ്ങൾ എഴുതുക:—
   നഷ്ടം; പുറവശം; ആണ്ടു്.

6. രണ്ടു വാക്യമായി പിരിച്ചെഴുതുക:—
   (i) ഭൂമി ഒരു ഗോളമാണെന്നു് നിനക്കറിയാമല്ലോ.
   (ii) അഗ്നിപർവ്വതം പൊട്ടുമ്പോഴുണ്ടാകുന്ന വിടവുകൾ എങ്ങനെയിരിക്കും?

7. ക്രാക്കത്തുവ എന്ന അഗ്നിപർവ്വതം പൊട്ടിത്തെറിച്ചപ്പോൾ സംഭവിച്ചതെന്തെല്ലാം?

— —

പാഠം 30

അനുകമ്പ നിറഞ്ഞ ഹൃദയം

വളരെക്കാലം മുൻപു നടന്ന കഥയാണിതു്.

കരയിൽനിന്നും കടലിലേക്കു തള്ളിനിൽക്കുന്ന ഒരു വലിയ പാറക്കൂട്ടം; അതിന്റെ മുകളിൽ ഒരു വലിയ വിളക്കുമരവും. മുൻകാലത്തു ഇത്തരം വിളക്കുമരങ്ങളുടെ സഹായം നാവികർക്കു് അത്യന്താപേക്ഷിതമായിരുന്നു. അതുകൊണ്ടു് വിളക്കുമരങ്ങളുടെ സംരക്ഷണത്തിൽ അധികാരികൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ വിളക്കുമരം സൂക്ഷിക്കാനും ആളെ ഏർപ്പെടുത്തിയിരുന്നു. അയാൾ വിളക്കുമരത്തിന്റെ ചുവട്ടിൽത്തന്നെയാണു് താമസിച്ചിരുന്നതു്. അയാളോടൊന്നിച്ചു് ഭാര്യയും മകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഗ്രേസി എന്നായിരുന്നു മകളുടെ പേരു്.

ഒരു ദിവസം ആ ചെറുകുടുംബം അത്താഴം കഴിഞ്ഞു് ഉറങ്ങാൻകിടന്നു. നേരം പാതിരാവായിട്ടും ഗ്രേസിക്കുമാത്രം ഉറക്കം വന്നില്ല. കാറ്റും മഴയും കൊണ്ടു് ഭയങ്കരമായി ഇളകി മറിഞ്ഞുകൊണ്ടിരുന്ന കടലിന്റെ ഇരമ്പലും ശ്രദ്ധിച്ചുകൊണ്ടു് അവൾ അങ്ങനെ കിടന്നു. അപ്പോൾ കേൾക്കാം ആ ഇരമ്പലും ഭേദിച്ചുകൊണ്ടു് ഒരു മൂറവിളി. അവൾ ചാടി എണീറ്റു വെളിയിൽ

ചെന്നു നോക്കി. എന്താണവിടെക്കണ്ടതു്! അല്പം അകലെ പാറയിൽ തട്ടിത്തകർന്ന ഒരു കപ്പലിന്റെ ചില ഭാഗങ്ങൾ! തകർന്നവീണ പലകക്കഷണങ്ങളിലും മറ്റും പറ്റിപ്പിടിച്ചുകൊണ്ടു മുറവിളി കൂട്ടുന്ന കുറേ കപ്പൽക്കാർ! ഗ്രേസി അമ്പരന്നു. അവളുടെ ഹൃദയം സങ്കടംകൊണ്ടു നിറഞ്ഞു.

നിമിഷംകൊണ്ടു് അവൾ അച്ഛന്റെ ഉറക്കറയിലെത്തി. അദ്ദേഹത്തെ വിളിച്ചുണർത്തി കാര്യം അറിയിച്ചു. ഉറക്കച്ചടവിൽ അദ്ദേഹം പറഞ്ഞു:—"പോയിക്കിടക്കു കുഞ്ഞേ, നീ എന്തോ സ്വപ്നം കണ്ടതാണു്". അദ്ദേഹം വീണ്ടും ഉറങ്ങാനുള്ള ആരംഭമായി. ഗ്രേസി വിട്ടില്ല. അവൾ നിർബ്ബന്ധപൂർവ്വം അച്ഛനെ പിടിച്ചെഴുന്നേല്പിച്ചു് വെളിയിൽ കൊണ്ടുചെന്നു് ആ ദയനീയരംഗം കാണിച്ചുകൊടുത്തു. എങ്ങനെയെങ്കിലും അവരെ രക്ഷിക്കണമെന്നായി അവൾ. അദ്ദേഹം കുഴങ്ങി. ഭയങ്കരമായ കാറ്റും പിശറും. ആ കാവൽക്കാരനു ജീവനിൽ കൊതിയില്ലേ? അദ്ദേഹം പറഞ്ഞു:—"ഈ കാറ്റത്തും മഴയത്തും എന്തു ചെയ്യാനൊക്കും? ഇപ്പോൾ കടലിൽ എങ്ങനെ വള്ളം വയ്ക്കും. അതു് തകർന്നു് തരിപ്പണമാവുകയില്ലേ? അപ്പോൾ നമ്മുടെ കഥയോ? നേരം വെളുത്തോട്ടെ. അപ്പോൾ സഹായത്തിനു് ആളു കിട്ടും." ഗ്രേസിയുടെ മാതാവും അച്ഛന്റെ അഭിപ്രായത്തോടാണു് യോജിച്ചതു്.

ഗ്രേസി വിഷമിച്ചു. അവൾക്കു് അവരെ രക്ഷിച്ചേതീരൂ. ആ പാവങ്ങൾ പ്രാണവേദനകൊണ്ടു് പിടയുകയാണു്. നേരം വെളുക്കുമ്പോൾ എത്ര ശവങ്ങളായിരിക്കും കടലിൽ! വേദനകൊണ്ടു് അവളുടെ ഹൃദയം പിടഞ്ഞു അവൾ പറഞ്ഞു:—"എന്റെ അച്ഛാ, അമ്മേ, ആ പാവങ്ങൾ ചാകട്ടെന്നോ? അതു പാടില്ല, അവരെ രക്ഷിക്കുകതന്നെ വേണം. ഈശ്വരൻ നമ്മെ സഹായിക്കും." "അപ്പോൾ ഞാൻ ചാകണമെന്നാണോ നീ പറയുന്നതു്?" എന്നായി, അച്ഛൻ.

ദു:ഖംകൊണ്ടു് ഹൃദയം നുറുങ്ങിപ്പോകുന്നതുപോലെ അവൾക്കു തോന്നി. അവൾ പറഞ്ഞു: "നിങ്ങളുടെ ഈ ഭീരുത്വം ഈശ്വരൻ ക്ഷമിക്കുമോ? ഇതറിഞ്ഞാൽ ലോകരെന്തു പറയും? നമ്മുടെ ജോലി നാം ചെയ്യണം. മരണഭയം കൂടാതെതന്നെ ചെയ്യണം. വരണം ഞാൻ ചുക്കാൻ പിടിക്കാം. ഇപ്പോൾ ത്തന്നെ പോകണം."

പുത്രിയുടെ ദീനാനുകമ്പ അയാളെ കർത്തവ്യത്തിലേക്കു നയിച്ചു. പിതാവും പുത്രിയുംകൂടി വഞ്ചിയിൽക്കയറി. എത്ര വേഗത്തിലാണു് ആ വഞ്ചി സംഭവസ്ഥലത്തെത്തിയതു്! അല്പ സമയത്തിനുള്ളിൽ ആ പാവങ്ങളെയെല്ലാം മരണത്തിന്റെ വായിൽനിന്നു രക്ഷിക്കാൻ അവർക്കു സാധിച്ചു.

അടുത്ത ദിവസം പ്രഭാതമായപ്പോൾ ആ വീട്ടിൽ ഒരു ഉത്സവം തന്നെയായിരുന്നു. എത്രപേരാണു് ആ ചെറുകുടുംബത്തെ അഭിനന്ദിക്കാൻ അവിടെ എത്തിയതു്! രാജാവു് സ്ഥാനമാനങ്ങൾ നൽകി അവരെ ബഹുമാനിച്ചു. മാത്രമല്ല, അവരുടെ സുഖജീവിതത്തിനു വേണ്ട സ്വത്തും നൽകി. തലേ ദിവസത്തെ പാവപ്പെട്ട വിളക്കുമരം സൂക്ഷിപ്പുകാരൻ നേരം വെളുത്തപ്പോൾ ഒരു വലിയ പ്രഭുവായിത്തീർന്നിരിക്കുന്നു! ആ കുടുംബം ആനന്ദത്തിൽ ആറാടി. പിതാവു് ഗ്രേസിയെ വാത്സല്യപൂർവ്വം തലോടിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു:—"എന്റെ മകളെ, നിന്റെ ദീനാനുകമ്പ ആ പാവങ്ങളെ മാത്രമല്ല, നമ്മെയും രക്ഷിച്ചു. നിന്നെ എത്ര സ്തുതിച്ചാലും എനിക്കു തൃപ്തിയാവുകയില്ല." ഗ്രേസി പറഞ്ഞു:—"അച്ഛാ, പരോപകാരം ചെയ്യാൻ ഈശ്വരൻ നമുക്കൊരു സന്ദർഭം തന്നു. ആ സർവ്വശക്തനെയാണു് നാം സ്തുതിക്കേണ്ടതു്."

അഭ്യാസം

1. കേട്ടെഴുത്തു്:—

ഹൃദയം; കഥ; ഏർപ്പെടുത്തുക; സ്വപ്നം; കുടുംബം; രംഗം; അഭിനന്ദിക്കുക; സ്ഥാനമാനം; വാത്സല്യം; അനുകമ്പ; തൃപ്തി; സ്തുതി; ആരംഭം; അത്യന്താപേക്ഷിതം; നിർബ്ബന്ധം.

2. പ്രയോഗം :—
   നിർബ്ബന്ധപൂർവ്വം ; വാത്സല്യപൂർവ്വം ; സ്നേഹപൂർവ്വം.
3. ചേർത്തെഴുതുക :—
   തട്ടി+തകർന്നു ; പലക+കഷണങ്ങൾ ; പാറി+പിടിക്കുക.
4. പകരം ഉപയോഗിക്കാവുന്ന പദം എഴുതുക :—
   ദുഃഖം ; സ്തുതിക്കുക.
5. അർത്ഥവ്യത്യാസം മനസ്സിലാക്കുക :—
   ആനന്ദമുണ്ടായി—ആനന്ദത്തിൽ ആറാടി.
6. ഗ്രേസി അപകടത്തിൽപ്പെട്ട നാവികനെ രക്ഷിച്ചതെങ്ങനെ ?

പാഠം 31

വെട്ടുകിളി

പച്ചക്കുതിര, പച്ചത്തുള്ളൻ എന്നൊക്കെ വിളിക്കുന്ന പ്രാണിയെ നിങ്ങൾ പിടിച്ചു കളിച്ചിട്ടില്ലേ ? ഉണ്ടു്. എനിക്കു സംശയമേ ഇല്ല. കളിക്കുന്നതിനിടയിൽ അതിന്റെ ഈർക്കിലി പോലുള്ള കാലുകളിൽ ചിലതു് ഒടിച്ചിട്ടുമുണ്ടു്. പോട്ടെ, സാരമില്ല. വേണമെന്നു വിചാരിച്ചു ചെയ്തതല്ലല്ലോ. എന്തായാലും ഈ കളികൾക്കിടയിൽ അതിനു ചാടാനും പറക്കാനുമുള്ള കഴിവെന്തെന്നു നിങ്ങൾ നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ടാവണം. പിടിച്ച പിടിക്കു മുറുക്കമില്ലെങ്കിൽ ഒറക്കുതിപ്പിനു് അതു കടന്നുകളയും.

പച്ചക്കുതിരയെപ്പോലുള്ള ഒരു പ്രാണിയാണു് വെട്ടുകിളി. പക്ഷേ അതിന്റെ നിറം പച്ചയല്ല. കണ്ടാൽ അത്രയ്ക്കു് അഴകുമില്ല. അതു പേടിക്കേണ്ട ഒരു ജന്തുവാണു്. ഭാഗ്യവശാൽ നമ്മുടെ നാട്ടിൽ അതിന്റെ ഉപദ്രവം അത്ര വളരെയില്ല. ഇന്ത്യയുടെ വടക്കു പടിഞ്ഞാറൻ ഭാഗങ്ങളിലും മറ്റും അതു് കണക്കറ്റ ശല്യം ചെയ്യാറുണ്ടു്. നിനച്ചിരിക്കാത്ത സമയങ്ങളിൽ അതു് വലിയ വലിയ പറ്റങ്ങളായി വന്നിറങ്ങി കൃഷിയെല്ലാം തിന്നു നശിപ്പിച്ചുകളയും. വലിയ പറ്റങ്ങൾ എന്നു പറഞ്ഞാൽ

നിങ്ങൾക്കു് അതിന്റെ ഒരു ഊഹം കിട്ടുകയില്ല. ഒരു പത്തോ നൂറോ പ്രാണികൾ ഒന്നിച്ചു വരും എന്നേ നിങ്ങൾ വിചാരിക്കുകയുള്ളു. വാസ്തവത്തിൽ നൂറോ ആയിരമോ ലക്ഷമോ അല്ല വരുന്നതു്. അനേകായിരം കോടി പ്രാണികൾതന്നെ ഉണ്ടാവും. ആകാശത്തിൽ ഉയർന്നു പറന്നുവരുന്നതു കണ്ടാൽ കാർമേഘങ്ങളാണെന്നു തോന്നും. ഇതു കാണുമ്പോൾത്തന്നെ മനുഷ്യർക്കു പേടിയാവും.

എവിടെയാണു് ഇവയുടെ വീഴ്ച ഉണ്ടാകാൻ പോകുന്നതെന്നു മുൻകൂട്ടി പറയുവാൻ വിഷമമാണു്. അവ വന്നിറങ്ങിക്കഴിയുമ്പോൾ ഒരു പ്രദേശത്തു മുഴുവനും വ്യാപിക്കുന്നതു കാണാം. പാടത്തും പറമ്പിലും ചെടിയിലും മരത്തിലും പുരപ്പുറത്തും ചിലപ്പോൾ മനുഷ്യരുടെ പുറത്തും വെട്ടുകിളികൾതന്നെ. എന്തൊരു കാഴ്ചയാണതു് എന്നു് ഓർത്തുനോക്കുക.

വെട്ടുകിളി വീണ ദിക്കിൽ പച്ചത്തലയുള്ള യാതൊന്നും ശേഷിക്കുകയില്ല. അല്പനേരംകൊണ്ടു് അവ അതെല്ലാം തിന്നുമുടിക്കും. അതുമല്ല വിശന്നു പൊരിഞ്ഞാണു് അവ വരുന്നതു്. പിന്നെ എണ്ണവുമുണ്ടല്ലോ. ഒരു മഹാസൈന്യത്തിന്റെ ആക്രമണം പോലെയാണു് എന്നു പറയാം. കൂടെക്കൂടെയുള്ള വെട്ടുകിളി വീഴ്ചകൊണ്ടു് പല ദിക്കുകളിലും മനുഷ്യർക്കു് താമസിക്കാൻ കഴിയാതെയായിട്ടുണ്ടു്. അവ മനുഷ്യനെ തിന്നുകയില്ലെങ്കിലും അവനു തിന്നാനുള്ളതെല്ലാം തിന്നുകളയും. പിന്നെ എങ്ങനെയാണു താമസിക്കുക?

എവിടെനിന്നാണു് ഈ പ്രാണിപ്പട വരുന്നതെന്നു നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാവും. അതാണു കേൾക്കേണ്ടതു്. പത്തും ആയിരവും രണ്ടായിരവും ചിലപ്പോൾ അതിൽക്കൂടുതലും നാഴികകലെ നിന്നാണു് അവയുടെ വരവു്.

നിങ്ങളുടെ ഭൂമിശാസ്ത്ര പുസ്തകത്തിൽ ഏഷ്യാഭൂഖണ്ഡത്തിന്റെ പടമില്ലേ? അതൊന്നു് എടുത്തു നോക്കുക. ഇന്ത്യയിൽ വരുന്ന വെട്ടുകിളികൾ കാസ്പിയൻ കടലിനു ചുറ്റുമുള്ള പ്രദേശങ്ങളിലാണു് ഉണ്ടാകുന്നതു്. അവിടെ എപ്പോഴും ഈ

സൈന്യങ്ങൾ ഒരുങ്ങി നില്ക്കുകയാണെന്നു ധരിക്കരുതു്. ഇവിടെ പച്ചക്കുതിരയെന്നപോലെ മാത്രമേ അവിടെ വെട്ടുകിളിയേയും സാധാരണ കാണാറുള്ളൂ. അതിനു് കൂട്ടംകൂട്ടുന്ന പതിവുമില്ല. പക്ഷേ, ചില കാലങ്ങളിൽ തീറ്റിയുടെ കുറവുകൊണ്ടും മറ്റും അവയുടെ കുഞ്ഞുങ്ങൾ കൂട്ടംകൂടുവാൻ തുടങ്ങും. ഒന്നു രണ്ടു് ആഴ്ച കൊണ്ടു് അവയുടെ എണ്ണം എന്തെന്നില്ലാതെ പെരുകുന്നതു കാണാം. ഇതാണു് ആപത്തിന്റെ ആരംഭം. കുഞ്ഞുങ്ങളുടെ പതിവില്ലാത്ത ഈ കൂട്ടുകെട്ടു്, ഒന്നോടെ ദൂരദിക്കുകളിലേക്കു പറന്നുപോകുന്നതിനാണു് ഇടയാക്കുന്നതു്. അതുകൊണ്ടു് ഈ പ്രദേശങ്ങളിൽ വേണ്ട മുൻകരുതലുകൾ എടുത്താൽ മറ്റു ദിക്കുകളെ ആപത്തിൽനിന്നു രക്ഷിക്കാമെന്നു തോന്നുന്നില്ലേ? ഒറ്റയ്ക്കു നടക്കുന്ന വെട്ടുകിളികുഞ്ഞുങ്ങൾ കൂട്ടം ചേരാൻ തുടങ്ങുന്നതു കാണുമ്പോൾ അവയെ നശിപ്പിച്ചാൽ മതി. അന്നവയ്ക്കു് ചിറകില്ലെന്നുള്ളതു് വലിയൊരു സൗകര്യവുമാണു്. ഈ വിദ്യ ഇന്നു നടപ്പായിട്ടുണ്ടു്. എങ്കിലും പ്രയാസങ്ങൾ ഇല്ലാതില്ല.

നമ്മുടെ രാജ്യത്തുവരുന്ന വെട്ടുകിളി മറ്റൊരു രാജ്യത്താണു് ഉണ്ടാകുന്നതു്. അവിടെക്കേറിച്ചെന്നു് നമ്മുടെ രക്ഷയ്ക്കു് ആവശ്യമായ മുൻകരുതലുകൾ ഏർപ്പെടുത്തുവാൻ അവരുംകൂടി സമ്മതിക്കേണ്ടിയിരിക്കുന്നു. എല്ലാ രാജ്യക്കാർക്കും തമ്മിൽ സ്നേഹവും ബഹുമാനവും ഉണ്ടെങ്കിൽ ഇതിനു പ്രയാസമില്ല. പക്ഷേ, ഈ നല്ല സ്വഭാവങ്ങളാണല്ലോ രാജ്യങ്ങൾക്കു തമ്മിൽ ഇല്ലാത്തതു്. അങ്ങോട്ടുമിങ്ങോട്ടും വഴക്കടിച്ചു നശിക്കുകതന്നെ. അതിന്റെകൂടെ ഇങ്ങനെയുള്ള നാശങ്ങളും.

അഭ്യാസം

1. കേട്ടെഴുതുക:—

   വാസ്തവം; മേഘം; സൈന്യം; വ്യാപിക്കുക; ഭൂഖണ്ഡം; ആരംഭം.

2. വിപരീതപദം എഴുതുക:—

   വാസ്തവം; ഭാഗ്യവശാൽ; സൗകര്യം; രക്ഷിക്കുക.

3. അർത്ഥവ്യത്യാസം ശ്രദ്ധിക്കുക :—

(i) സംശയമില്ല—സംശയമേ ഇല്ല.

(ii) എണ്ണമുണ്ടല്ലോ—എണ്ണവും ഉണ്ടല്ലോ.

4 പകരം ഉപയോഗിക്കാവുന്ന പദങ്ങൾ എഴുതുക :—

ജീവിതം ; തുടക്കം ; കൂട്ടം ; വിചാരിക്കുക ; പട.

5. മുൻ ചേർന്നവരുന്ന ഏതാനും വാക്കുകൾ എഴുതുക.

6. രണ്ടു വാക്യമായി പിരിച്ചെഴുതുക :—

(i) അവ മനുഷ്യനെ തിന്നുകയില്ലെങ്കിലും അവനു തിന്നാനുള്ള തെല്ലാം തിന്നുകളയും.

(ii) അവ വന്നിറങ്ങിക്കഴിയുമ്പോൾ ഒരു പ്രദേശത്തു മുഴുവനും വ്യാപിക്കുന്നതു കാണാം.

7. വെട്ടുകിളിയെ എങ്ങനെ നശിപ്പിക്കാം ?

പാഠം 32

പട്ടം പറപ്പിക്കട്ടെ

പാരിടമൊന്നായിക്കാണും നേട്ടം
പാറട്ടെ മീതെയെൻ കൊച്ചുപട്ടം.
താമരപ്പൂവിൻ മണവുമായ് നീ-
യോമനക്കാറേറ, വരികരികിൽ !

പായട്ടെ വാനിലേക്കെൻറെ പട്ടം
പായ വിരുത്തിയ തോണിപോലെ.
താടി നരച്ചോരെന്നച്ഛനെപ്പോൽ
താഴത്തേക്കാകാശം നോക്കിനില്പൂ.

പൊന്മകനാശിസ്സു നേരുകയാ-
ണമ്മയെപ്പോലലിവാൻ ഭൂമി.
സൂരകിരണം പിടിച്ചു പുൽകീ
പോരിക മേല്പോട്ടെന്നോതിമേഘം.

പാരിടമൊന്നായിക്കാണും നേട്ടം
പാറട്ടെ വാനിലേക്കെന്റെ പട്ടം.

കാറിൻ കനിവാലുയർന്നുയർന്ന
വാനിൽപ്പറവയായ്ച്ചേർന്നു നിന്നു;
മോളിൽപ്പറക്കുന്ന പട്ടത്തിന്റെ
നൂലറ്റുപോകിൽത്തകരുമെല്ലാം.

പാരിടമൊന്നായിക്കാണും നേട്ടം
പാറട്ടെ വാനിലെൻ കൊച്ചുപട്ടം.
താമരപ്പൂവിൻ മണവുമായ് നീ-
യാമനക്കാറേറ, വരികരികിൽ.

—പി. കുഞ്ഞിരാമൻ നായർ

അഭ്യാസം

1. പിരിച്ചെഴുതുക:—

   വരികരികിൽ; വാനിലേക്കെന്റെ; താഴത്തേക്കാകാശം.

2. ചേർത്തെഴുതുക:—

   ഒന്നായി+കാണും; നരച്ച+ഒരു+എൻ+അച്ഛനെ; താമര+പൂവ്.

3. ആകാശം എങ്ങനെയാണ് താഴത്തേക്കു നോക്കിനില്ക്കുന്നതു?

4. ഭൂമി ആരെപ്പോലെയാണ് ആശിസ്സു നേരുന്നതു?

ദേശീയ സമ്പാദ്യ പദ്ധതി

1. നിങ്ങളുടെ ഭാവിക്കുവേണ്ടിയും ഇന്ത്യയുടെ ഭാവിക്കു വേണ്ടിയും മിച്ചംപിടിക്കുക.

2. നിങ്ങൾ പതിവായി സമ്പാദിക്കാറുണ്ടോ? ദേശീയ സമ്പാദ്യ പദ്ധതി സർട്ടിഫിക്കറ്റുകളിൽ മുതൽ നിക്ഷേപിക്കുക.

3. നിങ്ങളുടെ നിക്ഷേപങ്ങൾക്കു പോസ്റ്റാഫീസു് സേവിംഗ്സു് ബാങ്കു് ഉപയോഗിക്കുക.

4. നിങ്ങളുടെ സമ്പാദ്യം രാഷ്ട്രത്തിന്റെ സമ്പാദ്യമാണു്.

5. സമ്പാദ്യം നിങ്ങൾക്കും രാഷ്ട്രത്തിനും അഭിവൃദ്ധി കൈവരുത്തുന്നു.

6. ആ ചെലവു് യഥാർത്ഥത്തിൽ ആവശ്യമുള്ളതാണോ? സമ്പാദിക്കുക; നിക്ഷേപിക്കുക.

7. നിങ്ങളുടെ ഭാവിഐശ്വര്യത്തിനു് നിങ്ങളുടെ സമ്പാദ്യങ്ങൾ നിങ്ങളുടെ ഗവണ്മെന്റിനാവശ്യമാണു്.

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
SHORANUR, 1971